

ആഗസ്റ്റ് 2019
Price ₹ 25
ജീവനും വെളിച്ചവും
നാനാത്വത്തിൽ ഏകത്വവും വികസനവും
സമന്വയിപ്പിക്കാൻ കേന്ദ്രബജറ്റിനാകുമോ?

# അനുഗ്രഹ ഭവൻ

**തിരുവനന്തപുരം അതിരൂപത ധ്യാനകേന്ദ്രം**



# യേശു വിളിക്കുന്നു

**എല്ലാ മാസവും ആദ്യ ആഴ്ചയിൽ മുക്തി ധ്യാനം**

ആദ്യ ശനിയാഴ്ച വൈകുന്നേരം 4 ന് ആരംഭിച്ച് വെള്ളിയാഴ്ച
രാവിലെ 9 ന് സമാപിക്കുന്നു. (06-07-2019 to 12-07-2019)

**എല്ലാ മാസവും അവസാന ആഴ്ചയിൽ കുടുംബ വിശുദ്ധീകരണ ധ്യാനം**

ഞായറാഴ്ച വൈകുന്നേരം 5ന് ആരംഭിച്ച്
വെള്ളിയാഴ്ച രാവിലെ 8 ന് സമാപിക്കുന്നു. (28-07-2019 to 04-08-2019)

**Contact No. 9446376653, 04712706653, 9446182707, 9489602406, 9496479625**

*ഡയറക്ടർ* : ഫാ. ജോർജ്ജ് പോൾ

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2019 ആഗസ്റ്റ്
പുസ്തകം - 43 ലക്കം - 8
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. മൈക്കിൾ തോമസ്
ഫാ. ലോറൻസ് കുലാസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ


## മുഖവിചാരം

# ബഹിഷ്കൃത സമൂഹങ്ങൾ നവലോക സൃഷ്ടികൾ

ബഹിഷ്കൃത സമൂഹങ്ങൾ കൂടുതൽ കൂടുതൽ പാർശ്വവൽക്കരിക്കപ്പെടുകയും, സമ്പന്നരായ കുറച്ചാളുകൾ ബലവാന്മാരാവുകയും താക്കോൽ സ്ഥാനങ്ങൾ കൈയടക്കുകയും ചെയ്യുന്ന പ്രവണത അനുദിനം വർധിച്ചുവരുന്നു. ഈ പശ്ചാത്തലത്തിലാണ് അധികാരം, പങ്കാളിത്തം, നീതി സമൂഹത്തിന് എന്ന പ്രമേയം ചർച്ച ചെയ്യാൻ 34-ാമത് കേരള റീജയൻ ലാറ്റിൻ കാത്തലിക് കൗൺസിൽ സമ്മേളനം ധൈര്യം കാണിച്ചത്.

ജനാധിപത്യം, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങളുടെ കടയ്ക്കൽ കോടാലിവയ്ക്കപ്പെട്ടിരിക്കുന്നു. ജനാധിപത്യം കേവല ഭൂരിപക്ഷത്തിന്റെ ആധിപത്യമായി തരംതാഴുമ്പോൾ, ജനങ്ങളാണ് അധിപതികളെന്ന വസ്തുത മറക്കാൻ പാടില്ല.

രാഷ്ട്രീയം മത-വർഗീയതയുടെ ഭീബത്സരൂപം പ്രാപിക്കുമ്പോൾ, സമ്പത്ത് കുറച്ചാളുകളിലായി ചുരുങ്ങുന്നു. സ്വതന്ത്രമായ അഭിപ്രായം പറയുന്നവരെ തച്ച് തകർക്കുന്ന ഭയാനകമായ വ്യവസ്ഥിതി വളർന്നുവരുന്നു. ജനാധിപത്യം പോലുള്ള മഹത്തായ മൂല്യങ്ങൾ വർഗീയ ഫാസിസ്റ്റുകളുടെ കൈകളിൽ ഞെരിച്ചമർത്തപ്പെടുന്നു. ജാതി,വർണ, ലിംഗ, വംശ, ഭാഷാ വിവേചനങ്ങൾ ഏറിവരുന്നു. വിരലിലെണ്ണാവുന്ന അധിപന്മാർ നിയന്ത്രിക്കുന്ന വ്യവസ്ഥിതിയിൽ സമത്വവും, സാഹോദര്യവും പുലരുക സാധ്യമല്ല. നമ്മുടെ രാജ്യത്തെ ശ്രേണീബദ്ധമായ സാമൂഹ്യഘടന, ഭരണഘടന മുന്നോട്ടുവയ്ക്കുന്ന സാമൂഹ്യ, രാഷ്ട്രീയ സാമ്പത്തിക സ്ഥിതി അസാധ്യമാക്കുന്നു. ഇവിടെയാണ് വളർന്നുവരുന്ന ജാതി-മത, വർണ, വർഗ ഭീകരതയ്ക്കും, അനീതിക്കുമെതിരായി പാർശ്വവൽക്കൃതരായ ദളിതർ, ആദിവാസികൾ, കർഷകർ, മീൻപിടിത്തക്കാർ, സ്ത്രീകൾ, അസംഘടിത തൊഴിലാളികൾ തുടങ്ങിയവരുടെ കൂട്ടായ്മകൾ രൂപപ്പെടേണ്ടത്. കൂടാതെ ജനസംഖ്യാനുപാതികമായ പങ്കാളിത്ത വ്യവസ്ഥ ഭരണ, നിയമനിർമ്മാണ, നീതിന്യായ വ്യവസ്ഥകൾ ഉറപ്പാക്കേണ്ടതും, ഭരണഘടന മുന്നോട്ടുവയ്ക്കുന്ന സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക നീതിയിലധിഷ്ഠിതമായ വ്യവസ്ഥിതി രൂപപ്പെടുത്തേണ്ടതും. ഐക്യരാഷ്ട്ര സംഘടന ഉയർത്തുന്ന "സുസ്ഥിര വികസന ലക്ഷ്യത്തിലധിഷ്ഠിതമായ ബഹിഷ്കൃത സമൂഹങ്ങളുടെ കൂട്ടായ്മക്കും, പ്രവർത്തനങ്ങൾക്കും മാത്രമേ നീതിനിഷ്ഠമായ നവലോകക്രമം സൃഷ്ടിക്കാനാകൂ. അതിനുള്ള പുറപ്പാടനുഭവം രൂപപ്പെടുത്താൻ ഇത്തരം കൂട്ടായ്മകൾക്കും സമ്മേളനങ്ങൾക്കും കഴിയട്ടെ!

- പത്രാധിപർ

# പ്രതികരണങ്ങൾ




## ഹോം മിഷനും ഹോം വിഷനും

ഹോം മിഷൻ നൽകിയ ഉൾക്കാഴ്ച വായിച്ചു. ഹോം മിഷൻ ഇടവകകളിൽ ആത്മീയ-ചലനങ്ങളും കുടുംബ-വ്യക്തി സാമൂഹ്യ ബന്ധങ്ങളിൽ നൂതന കാഴ്ചപ്പാടും ഉണ്ടാക്കിയിട്ടുണ്ടാകാം. ഹോം മിഷൻ ടീമിന് ആത്മീയ സംതൃപ്തിയേകുന്ന അനുഭവപരമ്പരകളുമേറെ പങ്കുവയ്ക്കാനുണ്ടാകും. എന്നാൽ ഹോം മിഷന്റെ തുടർച്ചയായി ഇടവകകളിൽ/കുടുംബങ്ങളിൽ പിന്നീടുണ്ടായ മാറ്റങ്ങൾ, പുരോഗതി, ആത്മീയ മുന്നേറ്റങ്ങൾ, തളർച്ചകൾ, മന്ദത ഇവയൊക്കെ നിരന്തരം നിരീക്ഷിക്കപ്പെടേണ്ടതും പഠിക്കേണ്ടതും വിലയിരുത്തേണ്ടതുമാണ്. വ്യക്തികളും കുടുംബങ്ങളും കേന്ദ്രീകരിച്ചുള്ള നവീകരണാഗ്നിയാണ് പരിശുദ്ധാത്മാവ് ഇന്ന് ആഗ്രഹിക്കുന്നത്. യേശു പാപികളേയും അവരുടെ ഭവനങ്ങളേയും തേടിപ്പിടിച്ച് രക്ഷ അറിയിച്ചു. എന്നാൽ ഇന്ന് തിരിച്ചാണ് കാര്യങ്ങൾ സംഭവിക്കുന്നത് എന്നത് വിരോധാഭാസമാണ്.

– വിജയമ്മ, പാളയം

## ഗാന്ധിജിയെ പരുവപ്പെടുത്തിയത് ബൈബിളും ക്രിസ്തുദർശനങ്ങളും

ഗാന്ധിജിയെന്ന ഫുട്ബോൾ പ്രേമിയെ പരിചയപ്പെടുത്തിയ ജോയി അച്ചന് നന്ദി. ദക്ഷിണാഫ്രിക്കയിൽ കാൽപ്പന്തു കളിച്ച ഗാന്ധിജി എന്തുകൊണ്ട് ഇന്ത്യയിൽ കാൽപ്പന്തുകളി പ്രോത്സാഹിപ്പിച്ചില്ല എന്നത് ചിന്തനീയമാണ്. കരുത്തരായ ദക്ഷിണാഫ്രിക്കക്കാർ കാൽപ്പന്തു തട്ടട്ടെ. അർധപട്ടിണിക്കാരായ ഇന്ത്യക്കാർക്ക് അതിനുള്ള ത്രാണിയില്ലെന്ന് മഹാത്മാവ് കരുതിയിട്ടുണ്ടാവും.

ഗാന്ധിജിയുടെ ജീവിതത്തെയും ചിന്തകളെയും ജീവിതസാഹചര്യങ്ങളെയും അഹിംസാ സിദ്ധാന്തത്തെയും പരുവപ്പെടുത്തിയതും ആഴത്തിൽ സ്വാധീനിച്ചതും ഫുട്ബോളല്ല ബൈബിളും ക്രിസ്തു ദർശനങ്ങളുമായിരുന്നു. തന്റെ ലാളിത്യജീവിതത്തിലൂടെ ക്രിസ്തുവിനെ ജീവിച്ചു കാണിച്ച് മാതൃകയാക്കിയതുകൊണ്ടാണ് അദ്ദേഹം രാഷ്ട്രപിതാവായത്. ഹേ റാം എന്നു പറഞ്ഞ് ജീവൻ വെടിഞ്ഞുവെങ്കിലും ജ്ഞാനസ്നാനം സ്വീകരിക്കാത്ത വിശുദ്ധനായിരുന്നു അദ്ദേഹം.

ക്രിസ്തുവിന്റെ ആശയങ്ങളോട് അങ്ങേയറ്റം പ്രതിബദ്ധത പുലർത്തിയ ഗാന്ധിജിക്ക് ക്രൈസ്തവരുടെ ക്രിസ്തീയതയ്ക്ക് നിരക്കാത്ത ജീവിതരീതികളോട് വിയോജിപ്പ് തന്നെയായിരുന്നു എന്നും.

– ജെറാൾഡ് ബി.മിരാൻഡ
തോന്നയ്ക്കൽ

## രാഷ്ട്രീയ പ്രവർത്തനം സഭയുടെ ഉത്തരവാദിത്തമേ അല്ല

നേർക്കാഴ്ചയിൽ ഗ്രാമ-വാർഡ് സഭകളിൽ പങ്കാളികളാകണമെന്ന നിർദേശം നല്ലതാണ്. എന്നാൽ സാമൂഹ്യ രാഷ്ട്രീയ പ്രവർത്തനം സഭയുടെ മുഖ്യധാരാ ശുശ്രൂഷയാണെന്ന് എഴുതിയതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. രാഷ്ട്രീയ പ്രവർത്തനം നടത്തിയിരുന്നെങ്കിൽ യേശുക്രിസ്തു ലോക പ്രധാനമന്ത്രിയാകുമായിരുന്നു. ദൈവരാജ്യത്തിനു വേണ്ടി ആത്മാക്കളെ നേടുക എന്നതാണ് സദാപ്രേഷിതയായ സഭയുടെ പ്രഥമവും പ്രധാനവുമായ എക്കാലത്തേയും കടമയും കർത്തവ്യവും. രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതിന് രാഷ്ട്രീയ പാർട്ടിക്കാരും നേതാക്കന്മാരും പ്രവർത്തകരുമുണ്ട്. അങ്ങനെയെങ്കിൽ മെത്രാസന മന്ദിരങ്ങളിലും ഇടവകകളിലും പാർട്ടി പതാകകളും കൊടി തോരണങ്ങളും വർണവൈവിധ്യം ചാർത്തുന്ന നാളുകൾ വിദൂരമല്ലെന്ന് തോന്നിപ്പോകുന്നു! മെത്രാൻമാരും വൈദികരും പാർട്ടിക്കാരുടെ പിണിയാളുകളായി മാറി സഭ കുളംതോണ്ടും.

പ്രേഷിത പ്രവർത്തനത്തിനൊപ്പം വിശ്വാസികളുടെ സാമൂഹ്യാവശ്യങ്ങളിൽ സഭ സഹായമേകുമെങ്കിലും 'സമയം സമാഗതമായി അനുതപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുക' എന്ന വിശ്വരക്ഷകനായ ക്രിസ്തുവിന്റെ സദ്വാർത്ത ഉദ്ഘോഷിക്കുകയാണാവശ്യം.

– ബി.മിരാൻഡാ


### അറിയിപ്പ്

ജീവനും വെളിച്ചവും മാസികയുടെ വരിസംഖ്യ കുടിശികയായിട്ടുള്ളവർ എത്രയും വേഗം പണമടച്ച് സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

– പത്രാധിപർ



# താളുകളിൽ




**6** കേന്ദ്ര ബജറ്റ് 2019–20: നാനാത്വത്തിൽ ഏകത്വവും വികസനവും ഒന്നിച്ച് കൊണ്ടുപോകുമോ?
ഡോ. മേരി ജോർജ്

**11** കവിത: ജീവിതം കടലെടുക്കുമ്പോൾ
ലോറൻസ് ഫെർണാണ്ടസ്

**12** മരിയാംബികയും ഭാരതാംബയും
ഫാ. ഇമ്മാനുവേൽ

**14** ഫ്രാൻസിസ് പാപ്പ യുവജനങ്ങളോട്–2
ഫാ. തോമസ് ജെ. നെറ്റോ

**17** കൂടുതൽ ചുമതലകൾ നൽകി കേന്ദ്രബജറ്റ്
അഡ്വ. ഷെറി ജെ.തോമസ്

**19** കാനോൻ നിയമത്തിൽ
ഫാ. ജോസ് ജി.

**20** തുടർമഴ
ഫാ. ലെനിൻ ഫെർണാണ്ടസ്

**24** വാർത്തകൾ

**30** നീർച്ചാലുകൾ

**38** വചനജ്വാല

**40** ഇളംതൂവൽ

**42** നേർക്കാഴ്ച

ലേഖനം

ഡോ. മേരി ജോർജ്ജ്



### കേന്ദ്ര ബജറ്റ് 2019 – 20

# നാനാത്വത്തിൽ ഏകത്വവും വികസനവും ഒന്നിച്ച് കൊണ്ടുപോകുമോ?

**2019 – 20 വർഷത്തേക്കുള്ള കേന്ദ്രബജറ്റ് ഭാരതത്തിന്റെ നാനാത്വത്തിൽ ഏകത്വവും വികസനവും ഒന്നിച്ചുകൊണ്ടുപോകാൻ പര്യാപ്തമാണോ എന്ന് പരിശോധിക്കുകയാണ് സാമ്പത്തിക വിദഗ്ധകൂടിയായ ലേഖിക. കേന്ദ്രബജറ്റ് വിലവർധനവിനും തൊഴിലില്ലായ്മയ്ക്കും കാരണമാകുമെന്ന് ലേഖിക സംശയിക്കുന്നു.**

2020 ൽ തുടങ്ങുന്ന ദശകത്തിനുവേണ്ടി പത്തു ദീർഘകാല പദ്ധതികളുടെ നയ രേഖയുമായാണ് ബജറ്റ് അവതരിപ്പിച്ചത്. അവ (1) ഗവണ്മെന്റിന്റെ വലുപ്പം കുറച്ച് കാര്യക്ഷമത വർധിപ്പിക്കും – അതായത് കുറഞ്ഞ ചെലവിൽ മികവുറ്റ ഭരണം. (2) മാതൃഭൂമിയെ സംരക്ഷിച്ചുനിർത്തുന്ന പരിസ്ഥിതി നവീകരണം, പരിരക്ഷണം (3) ഇന്ത്യയെ ഡിജിറ്റൽ യുഗത്തിലേക്ക് കൈപിടിച്ചുനടത്തുക (4) ചന്ദ്രയാൻ ദൗത്യം വിജയപ്രദമാക്കുക (5) സാമൂഹിക–ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ ലോക നിലവാരത്തിലേക്കെത്തിക്കുക. (6) ജലവിഭവ വികസനം ശുദ്ധീകരണം (7) നദി/സമുദ്ര വിഭവങ്ങളെ പരിപോഷിപ്പിച്ച് വികസനത്തിന്റെ പ്രധാനകണ്ണിയാക്കി മാറ്റുന്ന ബ്ലൂ ഇക്കോണമിലക്ഷ്യം (8) ഭക്ഷ്യ സ്വയം പര്യാപ്തതയ്ക്കൊപ്പം പച്ചക്കറികളിലും പഴവർഗങ്ങളിലും സ്വയം പര്യാപ്തതയും കയറ്റുമതി വർധനവും (9) ആരോഗ്യപരിരക്ഷ 'ആയുഷ്മാൻ ഭാരതി'ലൂടെ (10) സൂക്ഷ്മ/ചെറുകിട/ഇടത്തരം (മൈക്രോ, സ്മോൾ ആൻഡ് മീഡിയം എംഎസ്എംഇ) സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, തുടങ്ങിയവയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഇന്ത്യയിൽ നിർമിക്കുക (make in India) പദ്ധതിയെ പരിപോഷിപ്പിച്ച് വ്യവസായിക വികസനവും തൊഴിൽ സൃഷ്ടിയും സാധ്യമാക്കുക എന്നിവയാണ്.

2025 ആവുമ്പോഴേക്ക് 5 ട്രില്യൻ ഡോളർ (350 ലക്ഷം കോടി രൂപ) മൊത്തം ആഭ്യന്തര വരുമാനമുള്ള ഇന്ത്യയാക്കി ഇന്ത്യയെ മാറ്റുക എന്നതാണ് ഗവണ്മെന്റിന്റെ, പ്രധാനമന്ത്രിയുടെ ലക്ഷ്യം. വലിയ സ്വപ്നം കാണാനാണ് നമ്മുടെ ദിവംഗതനായ പ്രസിഡന്റ് അബ്ദുൾ കലാം നമ്മെ പഠിപ്പിച്ചത്. അഞ്ചു ട്രില്യൻ സമ്പത്ഘടനയും ഒരു വലിയ സ്വപ്നം തന്നെ. അത് നേടുക ശ്രമകരമെങ്കിലും നേടുന്നത് മഹത്തരമാണ്. ഈ നേട്ടത്തിന്റെ ലക്ഷ്യം എന്ത് എന്ന ചോദ്യത്തിനുമുന്നിൽ മോദി നഷ്ടപ്രജ്ഞനായി നിൽക്കാറാണുള്ളത്. ഇന്ത്യയിലെ തന്നെ, വികസന സാമ്പത്തിക ശാസ്ത്ര നോബേൽ ജേതാവായ അമർത്യസെൻ, ജീൻഡ്രീസ് തുടങ്ങിയവർ ചോദിക്കുന്നു വികസനം വിതരണം ചെയ്യപ്പെടാനുള്ളതല്ലേ? പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തി അവരെ വികസന ഗുണം അനുഭവിക്കുന്നവരാക്കുകയല്ലേ പരമപ്രധാനം. ജിഡിപി വളർച്ചയെക്കാൾ ഊന്നൽ നൽകേണ്ടത് പാവപ്പെട്ടവർക്ക് അതിലുള്ള പങ്ക് വീതിച്ചുനൽകുന്നതിലല്ലേ? ഫ്രഞ്ച് എക്കണോമിസ്റ്റായ തോമസ് പിക്കറ്റി 2018 ൽ ഇന്ത്യയുടെ വരുമാന വിതരണം (income distribution) പഠിച്ച് റിപ്പോർട്ട് പുറത്തുവിട്ടു. അതനുസരിച്ച് 2014 ൽ ഇന്ത്യ

യുടെ ജിഡിപിയുടെ 48% ഒരു ശതമാനം ഇന്ത്യക്കാരുടെ കൈകളിലായിരുന്നു. 2018– ൽ ആ വ്യത്യാസം വർധിച്ച് 78% വരുമാനം 1% പേരുടെ കൈകളിലെത്തിയതായി കണ്ടു. അത്ര രൂക്ഷമായ ധനത്തിന്റെ ധ്രുവീകരണമാണ് ഇന്ത്യയിലുണ്ടായിക്കൊണ്ടിരിക്കുന്നത്. മുതലാളിത്ത വ്യവസ്ഥിതിയിൽ ദരിദ്രർ കൂടുതൽ ദരിദ്രരും, ധനികർ കൂടുതൽ ധനികരും ആയിത്തീരും എന്ന് കുറിച്ച തത്വചിന്തകനായ മാർക്സിന്റെ വാക്കുകൾ അന്വർഥമാവുന്നു ഈ 21–ാം നൂറ്റാണ്ടിലും. ഇന്ത്യ ഇന്ന് ആറാമത്തെ വലിയ ജിഡിപി (മൊത്തം ദേശീയ വരുമാനം – Gross Domestic Product) രാജ്യമാണ് എന്ന് ഏതുവേദിയിലും വീമ്പടിക്കുന്ന പ്രധാനമന്ത്രി മറച്ചുവയ്ക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്? ഒന്നാമത്തെ വലിയ ജിഡിപി അമേരിക്കയുടേതാണ്. അമേരിക്കൻ ജിഡിപി ഇന്ത്യൻ ജിഡിപിയുടെ ഏഴര ഇരട്ടി വലുതാണ്. ജനസംഖ്യ ഇന്ത്യയുടേത് 136 കോടിയാണെങ്കിൽ അമേരിക്കയുടേത് 32 കോടിമാത്രം. അമേരിക്ക മനുഷ്യ വികസന സൂചികയിൽ ആഗോള റാങ്കിംഗിൽ 11 – ാം സ്ഥാനത്തും ഇന്ത്യ 131–ാം സ്ഥാനത്തുമാണ്. അതിലും മികച്ച സൂചികയായി മനുഷ്യസന്തോഷ സൂചികയിൽ (ഹ്യൂമൻ ഹാപ്പിനെസ് ഇൻഡക്സിൽ) അമേരിക്ക 18–ാം സ്ഥാനത്തും ഇന്ത്യ 133 –ാം സ്ഥാനത്തുമാണ്. ഉയർന്ന ജനസംഖ്യയും വിതരണത്തിലെ അപാകതകളുമാണ് ഇന്ത്യ എല്ലാ സാമൂഹ്യ മാനദണ്ഡങ്ങളിലും താഴ്ന്നുനിൽക്കുന്നതിനുകാരണം. ഈ രീതി തുടരുവോളം ബജറ്റുകൾ വരും, വാഗ്ദാനങ്ങൾ പെരുകും. അവയെല്ലാം ഏട്ടിലെ പശുപുല്ലു തിന്നുകയില്ല എന്ന രീതിയിൽ നിലനിൽക്കും. സാമൂഹ്യപ്രതിബദ്ധതയ്ക്കു ചൂണ്ടുപലകയായി കണക്കാക്കുന്ന പദ്ധതികളിൽ ഒട്ടുമിക്കതിനും പോയവർഷത്തേക്കാൾ കുറവാണ് വകകൊള്ളിച്ചിരിക്കുന്നത്. ചിലമേഖലകൾ ശ്രദ്ധിക്കാം.

### മത്സ്യവിഭവ വകുപ്പ് എവിടെ?

മൂന്നുവശവും സമുദ്രതീരമുള്ള രാജ്യമാണ് ഇന്ത്യ. കേരളത്തിനുമാത്രം 540 കി.മീറ്റർ സമുദ്രതീരമാണുള്ളത്. മത്സ്യബന്ധനം കൊണ്ട് നേരിട്ട് ഉപജീവനം കണ്ടെത്തുന്ന 7 മുതൽ 10 ദശലക്ഷം വരെ തൊഴിലാളികളുണ്ട്. പരോക്ഷമായി ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവർ കോടികളാണ്. ബ്ലൂ ഇക്കോണമിയെ – സമുദ്ര/നദി സമ്പത്തുമായി ബന്ധപ്പെട്ട, സമ്പദ്ഘടനയുടെ ഉപവിഭാഗം – ശാസ്ത്രീയമായും അത്യന്താധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയും ദീർഘകാല വീക്ഷണത്തോടെയും സമീപിച്ചാൽ ഇന്ത്യയുടെ വികസനത്തിന്റെ രാസത്വരകമായി കരുപ്പിടിപ്പിക്കാനൊക്കും. പതിറ്റാണ്ടുകളായി മുറവിളി കൂട്ടുന്ന ആവശ്യമാണ് കേന്ദ്ര ഫിഷറീസ് വകുപ്പ്. വോട്ടർമാരോട് ഇലക്ഷൻ മാനിഫെസ്റ്റോ വഴി ഫിഷറീസ് വകുപ്പ് വാഗ്ദാനം ചെയ്തതുമാണ്. എന്നിട്ടിപ്പോൾ ജലവകുപ്പിന്റെ ഭാഗമായി അങ്ങനെ ഒന്നിനെ സൃഷ്ടിച്ചിരിക്കുന്നു. കോസ്റ്റൽ റെഗുലേഷൻ സോൺ ആക്ട് 2018 കൊണ്ടുവന്നപ്പോൾ തന്നെ കേന്ദ്രത്തിന്റെ താല്പര്യം മത്സ്യത്തൊഴിലാളികളുടെയും തീരദേശ വാസികളുടെയും വികസനമല്ല, മറിച്ച് തീരപ്രദേശ കോർപ്പറേറ്റുകൾക്കും വിദേശ കുത്തകകൾക്കും തുറന്നുകൊടുക്കുന്നതിലാണെന്ന് സ്പഷ്ടമായിരുന്നു.

### പോയ അഞ്ചുവർഷങ്ങളുടെ തുടർച്ച

അരുൺ ജെയ്റ്റ്ലി ബജറ്റുകളുടെ ഒരു തുടർച്ചയെന്നോണമാണ് ബജറ്റിലെ മറ്റ് പ്രഖ്യാപനങ്ങൾ എല്ലാം തന്നെ. തുക വിലയിരുത്തുന്നതിൽ ചിലതിന് കൂട്ടി, ചിലതിന് കുറച്ചു. ഗ്രാമീണ മേഖലയേയും കർഷകനേയും മുൻനിർത്തി പട്ടിണി ഉന്മൂലനം ചെയ്ത് വികസനം കൊണ്ടുവരും എന്ന പ്രഖ്യാപിക്കുന്ന ബജറ്റിൽ ഗ്രാമീണ മേഖലയിൽ 2024 നുമുൻപ് ശുദ്ധജലവിതരണം ഉറപ്പാക്കും, ഖരമാലിന്യ സംസ്കരണം ഉറപ്പാക്കും, ഗ്രാമീണ റോഡുകൾ പൂർത്തിയാക്കും, ഗ്രാമീണ വ്യവസായങ്ങളായ മുള, ഖാദി, തേൻ എന്നിവയിലൂന്നിയ പരിഷ്കാരങ്ങൾ കൊണ്ടുവരും, സീറോ ബജറ്റ് ഫാമിംഗ് അതായത് ചിലവുകുറച്ച്, ജൈവാധിഷ്ഠിതമായി നടത്തുന്ന കൃഷി എന്നാണ് ബജറ്റ് വ്യാഖ്യാനിക്കുന്നത്. 2022 ൽ കർഷകരുടെ വരുമാനം ഇരട്ടിയാക്കും, പ്രധാനമന്ത്രിയുടെ 'മത്സ്യസമ്പദ്' പദ്ധതിയിൽപ്പെടുത്തി മത്സ്യബന്ധനമേഖലയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തും തുടങ്ങിയ വാഗ്ദാനങ്ങൾ കാണാം.

### ഇ–നാം (Electronic National Agricultural Marketing)

2018 ഓടെ ഇന്ത്യയിലുടനീളം ഇ–നാം നടപ്പിലാക്കി യഥാർഥകർഷകനും ഉപഭോക്താവിനും ഇടയിലുള്ള മധ്യവർത്തികളെ ഒഴിവാക്കി, ഇന്ത്യയുടെ ഭക്ഷ്യനിലവാരമാനദണ്ഡങ്ങൾ കാത്തുരക്ഷിച്ചുകൊണ്ടുള്ള കാർഷിക വിപണന നയം നടപ്പാക്കും എന്ന വാഗ്ദാനം ധനമന്ത്രി വിസ്മരിച്ചിരിക്കുന്നു. കർഷകന്റെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ സഹായകമായ ഇ–നാം കർഷകർക്ക് ഏറ്റവും ഉയർന്ന വിലയും ഉപഭോക്താക്കൾക്ക് ഏറ്റവും താഴ്ന്ന വിലയും



**ബജറ്റിൽ ഇന്ധനത്തിന്റെ സെസ് വർധിപ്പിച്ചതിന് പിന്നിൽ ഫെഡറലിസത്തിന്റെ അടിവേരറുക്കുകയെന്ന ദുഷ്ടലാക്കുന്നുണ്ട്. നികുതി ഉയർത്തിയാൽ അങ്ങനെ ലഭിക്കുന്ന വരുമാനം സംസ്ഥാനങ്ങളുമായി പങ്കിടണം. സെസ് വഴിയായി പിരിക്കുന്നത് പങ്കിടേണ്ടതില്ല. വിലക്കയറ്റത്തിന്റെ ദുരിതം ഏറ്റവും അനുഭവിക്കേണ്ടി വരിക കേരളമാണ്.**

ലഭ്യമാക്കാൻ (ലാഭം കൊയ്യുന്ന മധ്യവർത്തികൾ ഇല്ലാത്തതുകൊണ്ട്) സഹായകമാകുമായിരുന്നു. ആധാർ ആധാരമാക്കിക്കൊണ്ട് യഥാർത്ഥ കർഷകരെ കണ്ടെത്തി സബ്സിഡി, കാർഷിക വായ്പ തുടങ്ങിയ ആനുകൂല്യങ്ങൾ യഥാർഥ കർഷകന് മാത്രമാക്കാൻ സമഗ്ര പദ്ധതികളൊന്നുമില്ലാത്ത ബജറ്റ് കർഷക സ്നേഹം എന്ന പുകമറ സൃഷ്ടിക്കുകമാത്രമാണ് ചെയ്യുന്നത്.

## നാരികൾ, നാരായണൻ

നാരികൾ നാരായണന് തുല്യമെന്ന് പറയുന്ന ബജറ്റ് നാരികൾക്കായി പുതിയ പദ്ധതികളൊന്നും വിഭാവന ചെയ്യുന്നില്ല. ആദ്യതവണ പ്രധാനമന്ത്രി കേരളത്തിൽ വന്നപ്പോൾ കുടുംബശ്രീ പ്രവർത്തനം കണ്ട് ഈ മോഡൽ ഇന്ത്യമുഴുവൻ നടപ്പാക്കുമെന്ന് പറഞ്ഞിരുന്നു. വനിതോന്മുഖ പരിപാടികൾ നടപ്പിലാക്കാൻ വനിതാ ധനമന്ത്രി കുടുംബശ്രീയെ മാധ്യമമാക്കിയിരുന്നു. ഒരു കുടുംബശ്രീയിൽ ഒരാൾക്ക് ഒരുലക്ഷം രൂപ ലഭ്യമാക്കി അവരിൽ നിന്ന് മറ്റുള്ളവർക്ക് സൂക്ഷ്മ സംരംഭങ്ങൾ (മൈക്രോ എന്റർപ്രൈസസ്) തുടങ്ങുന്നതിനുള്ള ചെറുവായ്പകൾ ലഭ്യമാക്കുക എന്ന രീതി നല്ലതാണ്. ഒരു ഗ്രൂപ്പിൽ ക്ലിപ്തമായ നമ്പർ ആളുകൾ മാത്രമാണ് ഉള്ളതെന്നതിനാൽ കിട്ടാക്കടമാവാതെ സൂക്ഷിച്ചുകൊള്ളും. യഥാർത്ഥത്തിൽ വനിതാ ബജറ്റിങ്ങിൽ വളരെ കൂടുതൽ പ്രതീക്ഷിച്ചു. വനിതാ ധനമന്ത്രിയുടെ കന്നി ബജറ്റായതാവാം കാരണമെന്ന് തോന്നുന്നു.

## തൊഴിൽ സൃഷ്ടി

നാല്പത്തഞ്ചുവർഷത്തെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മ നിരക്ക് (6.1%) ഇന്ത്യയെ ഭയപ്പെടുത്തുന്നു. എന്തുകൊണ്ടിങ്ങനെ? പ്രഗത്ഭരുടെ വാക്കുകൾ കൈക്കൊള്ളാത്ത ഒരു ഗവണ്മെന്റിനുമാത്രമേ എങ്ങും തൊടാതെ ഇത്തരമൊരു ബജറ്റ് കൊണ്ടുവരാനാവൂ. സമ്പദ്ഘടനയുടെ വളർച്ച 2018-19 ൽ കഴിഞ്ഞ 5 വർഷത്തെ ഏറ്റവും താഴ്ന്ന 6.8% മാണ്. വിലക്കയറ്റമില്ലെന്ന് (കേരളത്തിലല്ലകേട്ടോ) കേന്ദ്രം വീമ്പു പറയുന്നു. എന്തുകൊണ്ട് വിലകൾ താഴ്ന്നു നിൽക്കുന്നു? എന്നുമുതൽ? നോട്ടുനിരോധനത്തെ തുടർന്ന് തകർന്ന് നിലംപരിശായ സൂക്ഷ്മ / ചെറുകിട/ഇടത്തരം സംരംഭ മേഖല. കൃഷിയും നിർമാണവും അടങ്ങുന്ന ഈ മേഖലയിലാണ് ഇന്ത്യയിലെ തൊഴിലിന്റെ 94-96 ശതമാനവും നിലകൊള്ളുന്നത്. ഈ മേഖല നിലംപരിശായതിനെ തുടർന്ന് സൃഷ്ടിക്കപ്പെട്ട ദുഷിത വലയം തൊഴിലില്ലായ്മ, വരുമാനമില്ല, ചോദനമില്ലായ്മ മൂലം വിലകൾ താഴുന്നു നിൽക്കുന്നു. വിലകൾ താഴ്ന്നുനിൽക്കുന്നതിനാൽ ലാഭേച്ഛയുള്ള സംരംഭങ്ങൾ തുടങ്ങുന്നില്ല. ഈ ദുഷിതവലയം പൊട്ടിച്ചാൽ മാത്രമേ പുതു സംരംഭങ്ങളും പുതുതൊഴിലുകളും സൃഷ്ടിക്കപ്പെടൂ. അങ്ങനെ മാന്ദ്യത്തിൽ നിന്ന് സമ്പദ്ഘടന തലപൊക്കുമ്പോൾ സ്വകാര്യ സംരംഭങ്ങൾ താനേ വരും. അതിന് ഗവണ്മെന്റ് മുതൽ മുടക്കണം. ബജറ്റിൽ ഊന്നൽ കൊടുക്കുന്നത് സൗഹൃദമുതലാളിത്ത പരിഷ്കരണങ്ങൾക്കാണ്. അതിന്റെ പ്രായോജകർ വൻകിട കോർപ്പറേറ്റുകളാണ്. അവർ ഉൽപ്പാദിപ്പിക്കുന്നത് മിക്കവാറും ഉയർന്ന മധ്യവർഗത്തിന്റെയും ഉപരിവർഗത്തിന്റെയും താല്പര്യത്തിലുള്ള ഉൽപ്പന്നങ്ങളായിരിക്കാം. ഇവിടെ അടിസ്ഥാന സൗകര്യം, ഗ്രാമീണ രംഗം എന്നിവിടങ്ങളിലൊക്കെ ഗവണ്മെന്റ് മുതൽ മുടക്കുമെന്ന് പറയുന്നു. കഴിഞ്ഞ 5 വർഷവും



ആവർത്തിച്ച കാര്യം. അങ്ങനെ മുതൽ മുടക്കുണ്ടായെങ്കിൽ രക്തം ചൊരിഞ്ഞ് മഹാകർഷക റാലികളുണ്ടായി? എന്തുകൊണ്ട് ക്ഷീര കർഷകർ പാൽ വീപ്പകൾ നിരത്തിലൊഴുക്കി? എന്നിട്ടും എന്തുകൊണ്ട് ബിജെപി ഉയർന്ന ഭൂരിപക്ഷത്തോടെ തിരിച്ചുവന്നു എന്ന ചോദ്യം ഉത്തരം വ്യക്തം. മഹാദുരിതത്തിലാണ്ട കർഷകർ വീണുപോയി ചില കാര്യങ്ങളിൽ (1) ബിജെപി പക്ഷക്കാരുടെ നുണവായ്ത്താരിയിൽ (2) ഒരു കർഷകന് 6000 രൂപ പ്രതിവർഷം എന്ന വാഗ്ദാനം. അതിന്റെ ആദ്യഗഡു വായ് 2000 രൂപ ഇടക്കാലബജറ്റുവഴി വോട്ടെടുപ്പിനുമുൻപ് കർഷകരുടെ

**പ്രളയാനന്തര പുനർനിർമാണത്തിന് ചോദിച്ച സഹായങ്ങളൊന്നും തന്നെ പരിഗണിച്ചിട്ടില്ല. കടംവാങ്ങൽ പരിധി സംസ്ഥാന മൊത്ത വരുമാനത്തിന്റെ (Gross State Domestic Product - GSDP) 3% എന്നത് 4% ആക്കി ഉയർത്താൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ അതുചെയ്തിട്ടില്ല. ചിരകാലാവശ്യമായ റെയിൽ സോൺ, എയിംസ് (All India Institute of Medical Science) എന്നിവ അകലെ.**



**മൂന്നുവശവും സമുദ്രതീരമുള്ള രാജ്യമാണ് ഇന്ത്യ. കേരളത്തിനുമാത്രം 540 കി.മീറ്റർ സമുദ്രതീരമാണുള്ളത്. മത്സ്യബന്ധനം കൊണ്ട് നേരിട്ട് ഉപജീവനം കണ്ടെത്തുന്ന 7 മുതൽ 10 ദശലക്ഷം വരെ തൊഴിലാളികളുണ്ട്. പരോക്ഷമായി ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവർ കോടികളാണ്.**



കൈകളിലെത്തി.

## ബജറ്റ് വിലകൾ ഉയർത്തും

ബജറ്റിൽ ഇന്ധനത്തിന്റെ സെസ് വർധിപ്പിച്ചതിന് പിന്നിൽ ഫെഡറലിസത്തിന്റെ അടിവേരറുക്കുകയെന്ന ദുഷ്ടലാക്കുണ്ട്. നികുതി ഉയർത്തിയാൽ അങ്ങനെ ലഭിക്കുന്ന വരുമാനം സംസ്ഥാനങ്ങളുമായി പങ്കിടണം. സെസ് വഴിയായി പിരിക്കുന്നത് പങ്കിടേണ്ടതില്ല. വിലക്കയറ്റത്തിന്റെ ദുരിതം ഏറ്റവും അനുഭവിക്കേണ്ടി വരിക കേരളമാണ്. കാരണം കേരളം ഒരു ഉപഭോക്തൃസംസ്ഥാനമാണ്. എൺപതുശതമാനം ഉൽപ്പന്നങ്ങളും അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്നു. ബജറ്റിൽ ഇന്ധനത്തിന് (പെട്രോൾ/ഡീസൽ) അധിക എക്സൈസ് തീരുവയായി ഒരു രൂപയും, റോഡ്-അടിസ്ഥാന സൗകര്യ സെസ് ആയി ഒരു രൂപയും, അസംസ്കൃത എണ്ണയ്ക്ക് ടണ്ണിന് ഒരു രൂപനിരക്കിൽ എക്സൈസ് തീരുവയും ചുമത്തിയിട്ടുണ്ട്. ഇതുവഴി പെട്രോൾ/ഡീസൽ വിലകളിൽ 2 രൂപയ്ക്ക് മുകളിൽ വില വർധിക്കും. ആനുപാതികമായ വർധന സംസ്ഥാനങ്ങളും നടപ്പിലാക്കും. ചുരുക്കത്തിൽ കഴിഞ്ഞ അഞ്ചുവർഷമായി തുടരുന്ന ഇന്ധനവിലയെന്ന വടികൊണ്ടുള്ള അടി ജനം സഹിക്കുന്നു. എന്നിട്ടും അവരെ വിഡ്ഢികളാക്കി മോദി ഭരണം വീണ്ടുമെത്തി.

## വ്യവസായം – സ്റ്റാർട്ടപ്പ് മാതൃകയിൽ

കേരളത്തിൽ ഒരു ദശകം മുൻപ് വളർന്നുവന്ന സ്റ്റാർട്ടപ്പ് എന്ന ആശയമാണ് ബജറ്റിൽ ഇന്ത്യൻ വ്യവസായത്തിന്റെ കുതിപ്പിനും തൊഴിൽ സൃഷ്ടിക്കുമായി മുന്നോട്ടുകൊണ്ടുപോകുന്നത്. വിവിധ നിക്ഷേപ ഫണ്ടുകളിൽ നിന്ന് നിക്ഷേപം സ്വീകരിക്കുമ്പോഴുള്ള (ഏഞ്ചൽ ഫണ്ട്) നികുതി ഇളവ് സ്വാഗതാർഹമാണ്. ആ മേഖലയിൽ കൂടുതൽ മൂലധനം ഒഴുകിയെത്തുന്നതിന് സഹായിക്കും. ശതകോടികൾ ഒഴുകിയെത്തുന്ന ‘ബൈജൂസ് ആപ്’ ഉദാഹരണം. സ്റ്റാർട്ടപ്പുകളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി ദൂരദർശനുകീഴിൽ ഒരു പുതിയ ചാനൽ തുടങ്ങുന്നത് പ്രശ്നങ്ങൾ പുറത്തുകൊണ്ടുവരാനും പരിഹാരം കാണാനും സഹായിക്കും. ഡിജിറ്റൽ ഇടപാടുകൾക്കുള്ള പ്രോത്സാഹനം ആ രംഗത്തേക്ക് സ്റ്റാർട്ടപ്പുകളെ ആകർഷിക്കും.

## പാൻ/ആധാർ – ഡിജിറ്റൽ പ്രോത്സാഹനം

പാൻ, ആധാർ എന്നിവയിൽ ഒന്നു മതിയെന്ന തീരുമാനം പല വിധത്തിലും പൗരന് ആശ്വാസകരമാണ്. തന്നെയുമല്ല ഇത് ധനകാര്യ ഇടപാടുകളുടെ അച്ചടക്കം കൂട്ടും. ഇടപാടുകൾ ഡിജിറ്റൽ ആക്കുന്നത് കള്ളപ്പണത്തിന്റെ വ്യാപനം തടസപ്പെടുത്തും. വരുമാനം പൂഴ്ത്തിവച്ചും ഭൂമിയിലും സ്വർണത്തിലും നിക്ഷേപിച്ച് നികുതി വെട്ടിക്കുന്നത് തടയാനാകും. പണപരമായ എല്ലാ ഇടപാടുകളും ഡിജിറ്റൽ ആകുമ്പോൾ പാവങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായ പദ്ധതികൾ പൂർണമായും അവർക്ക് ലഭ്യമാവും. ഇടനിലക്കാർ വിഴുങ്ങുന്നത് ഒഴിവാക്കാം. ഡിജിറ്റൽ ഇടപാടുകൾക്ക് വ്യാപരി/വ്യവസായി/ഇതര ഉപയോക്താക്കൾ എന്നിവരിൽ നിന്നൊന്നും ചാർജ് ഈടാക്കരുതെന്ന നിർദേശം ഇത്തരം ഇടപാടുകളുടെ കുതിച്ചുചാട്ടത്തിന് സഹായകമാവും.

## വിലക്കയറ്റം

ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന മേഖലകളിലൊന്നായ നിർമാണത്തിന് ചെലവേറും. ഏഴരശതമാനം മുതൽ 20 ശതമാനം വരെയാണ് വിലവർധന. വാഹന മേഖലയിൽ 10 ശതമാനം മുതൽ 30 വരെയാണ് വിലവർധന. വാഹനങ്ങളുടെ ചോദനം (ആവശ്യം) വളരെ കുറഞ്ഞിരിക്കുന്ന മാന്ദ്യകാലമാണിത്. മുകളിൽ പറഞ്ഞ വിലവർധനകൾ സമ്പത്ഘടനയെ മാന്ദ്യത്തിൽ തന്നെ തളച്ചിട്ടേക്കാം. അതേസമയത്ത് ചെലവ് കുറഞ്ഞ വീടുകൾക്കുള്ള കുറഞ്ഞ നികുതിപരിധിയിൽ ഒന്നരലക്ഷം കൂടി വർധനവ് നൽകിയത് നല്ല സൂചനയാണ്.

## കേരളം

പ്രളയാനന്തര പുനർനിർമാണത്തിന് ചോദിച്ച സഹായങ്ങളൊന്നും തന്നെ പരിഗണിച്ചിട്ടില്ല. കടംവാങ്ങൽ പരിധി സംസ്ഥാന മൊത്ത വരുമാനത്തിന്റെ (Gross State Domestic Prod-



**നാല്പത്തഞ്ചുവർഷത്തെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മ നിരക്ക് (6.1%) ഇന്ത്യയെ ഭയപ്പെടുത്തുന്നു. എന്തുകൊണ്ടിങ്ങനെ? പ്രഗത്ഭരുടെ വാക്കുകൾ കൈക്കൊള്ളാത്ത ഒരു ഗവണ്മെന്റിനുമാത്രമേ എങ്ങും തൊടാതെ ഇത്തരമൊരു ബജറ്റ് കൊണ്ടുവരാനാവൂ.**

uct - GSDP) 3% എന്നത് 4% ആക്കി ഉയർത്താൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ അതുചെയ്തിട്ടില്ല. ചിരകാലാവശ്യമായ റെയിൽ സോൺ, എയിംസ് (All India Institute of Medical Science) എന്നിവ അകലെ.

## ബജറ്റ് വിലയിരുത്തലുകൾ നോക്കാം

1) സമുദ്രോൽപ്പന്ന കയറ്റുമതി ബോർഡിന് 90 കോടി. 'ബ്ലൂ ഇക്കോണമി' എങ്ങനെ വികസിപ്പിക്കുമോ ആവോ?
2) ഫിഷറീസ് ബോർഡിന് 249.61 കോടി.
3) കൊച്ചിയിൽ പോർട്ട് ട്രസ്റ്റ് 46.71 കോടി
4) കൊച്ചിൻ ഷിപ്പ്യാർഡ് (660 കോടി)
5) റബർ ബോർഡ് (170 കോടി) – കഴിഞ്ഞ ബജറ്റിൽ നിന്ന് 2 കോടി കുറവ്.
6) സുഗന്ധവിള ഗവേഷണകേന്ദ്രം – 100 കോടി (വർധന 9.07 കോടി)
(7) തേയില ബോർഡ് (150 കോടി – കുറവ് പത്തുകോടി)
(8) കോഫി ബോർഡ് 25 കോടിയുടെ വർധനയോടെ 200 കോടി.
(9) ഒരു കോടി വർധനയോടെ കയർ ബോർഡിന് 4 കോടി.
(10) ഐഐഎസ്ടി 800 കോടി
(11) ഐഎസ്ആർഒ, തിരുവനന്തപുരം 379 കോടി.
(12) പകർച്ചവ്യാധി പ്രതിരോധത്തിന് ആകെ നീക്കിവച്ചത് 80 കോടി. അതിൽ നിന്ന് കേരളത്തിന് പുതിയൊരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് തുക ലഭിച്ചേക്കാം. അതുപോലെ ബജറ്റ് വിഹിതം വർധിപ്പിച്ചതുമൂലം കേരളത്തിന് പ്രയോജനം കിട്ടാൻ സാധ്യതയുള്ളവ കാസർകോട്ടെ കേന്ദ്രസർവകലാശാല, കാർഷിക സർവകലാശാല, കശുവണ്ടി എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ, ജില്ലാ ആശുപത്രികൾ തുടങ്ങിയവ. പാലക്കാട്ട് ഐഐടിയ്ക്ക് കഴിഞ്ഞ ബജറ്റിലെ തുക നിലനിർത്തിയിട്ടുണ്ട്.

## കേരളത്തിന് നികുതി വരുമാന വർധന

കേരളത്തിന് നടപ്പുസാമ്പത്തിക വർഷം നികുതി വിഹിതത്തിൽ 1190.16 കോടി രൂപ അധികമായി ലഭിക്കും. 2019–20 വർഷത്തേക്ക് 20,228.33 കോടിയാണ് നികുതി വിഹിതമായി ലഭിക്കുക (പോയവർഷം 19,038.17 കോടി). ഇതിനെ വകുപ്പനുസരിച്ച് കോർപ്പറേഷൻ നികുതി വിഹിതം 6892.17 കോടി, വരുമാന നികുതി വിഹിതം 5268.67 കോടി രൂപ കേന്ദ്ര ജിഎസ്ടി ഇനത്തിൽ 5508.49 കോടി, കസ്റ്റംസ് തീരുവയിൽ നിന്ന് 1456.10 കോടി, കേന്ദ്ര എക്സൈസ് വിഹിതമായി 1103.08 കോടി എന്നിങ്ങനെ ലഭിക്കും. എല്ലാം ചേരുമ്പോൾ കേന്ദ്രത്തിനുലഭിക്കുന്ന ആകെ നികുതി വരുമാനത്തിന്റെ 2.5% ആകും കേരളത്തിന്റെ വിഹിതം. അതേസമയം ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനമായ ഉത്തർപ്രദേശത്തിന് ലഭിക്കുന്ന വിഹിതം 17.96% ആണെന്നോർക്കണം. നികുതി നിർദ്ദേശങ്ങളിലേക്ക് കടക്കുന്നില്ല.

ചുരുക്കത്തിൽ, മോദി ഭരണത്തിന്റെ ആറാമത്തെ പിന്തുടർച്ചാ ബജറ്റാണിത്. ഇന്ത്യയെ അഞ്ചു ട്രില്യൻ ഇക്കോണമിയായി ഉയർത്താൻ ഏതു ശക്തിയേയും കൂട്ടുപിടിക്കാൻ ഗവണ്മെന്റ് സന്നദ്ധമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കുമായി പദ്ധതികളുണ്ടെങ്കിലും പോരായ്മകൾ ധാരാളം. കർഷകനൊപ്പമെന്ന് തെളിയിക്കാനുതകുന്ന കർമ്മപദ്ധതികളൊന്നുമില്ല. നാമമാത്ര, ചെറുകിട, ഇടത്തരം മേഖലയുടെ വളർച്ച പുത്തൻ സ്റ്റാർട്ടപ്പുകളെ ആശ്രയിച്ചിരിക്കുന്നു. അതായത് പരമ്പാഗത സാങ്കേതിക വിദ്യ കാലഹരണപ്പെട്ടതാണ്. കൃത്രിമബുദ്ധിയുഗത്തിൽ സാങ്കേതികമികവുള്ളവയ്ക്കേ വിജയിക്കാൻ കഴിയൂ എന്നടിവരയിടുന്നതാണ് വിലയിരുത്തലുകൾ. എന്നാൽ ഇരുന്നിട്ടേ കാലുനീട്ടാവൂ എന്ന നാട്ടുപ്രമാണം അനൗദ്യോഗികമേഖലയിൽ 94–96% പേർ തൊഴിലെടുക്കുന്ന ഇന്ത്യയിൽ മറന്നുകൂടാ. ബജറ്റിലൂടെ കടന്നുപോകുമ്പോൾ നാനാത്വത്തിൽ ഏകത്വത്തെ തകിടം മറിക്കുന്ന ഒന്നും കാണാനില്ല. എന്നാലും താക്കോൽ സ്ഥാനങ്ങളിൽ സവർണഹിന്ദുക്കളിരിക്കുന്നു. വരികൾക്കിടയിൽ വായിച്ചേ പറ്റൂ. സൽമാൻ റുഷ്ദിയുടെ വാക്കുകൾകൊണ്ട് നിറുത്താം. ഇന്ത്യയിൽ ദളിതനായി, മുസൽമാനായി, സ്ത്രീയായി ജനിക്കുന്നതിനേക്കാൾ നല്ലത് പശുവായി ജനിക്കുന്നതാണ്.

ലേഖനം

ലോറൻസ് ഫെർണാണ്ടസ്



# ജീവിതം കടലെടുക്കുമ്പോൾ

സ്വർഗം ഭൂമിയെ പൊട്ടുതൊട്ട
പുണ്യം അമ്മ
കടലോളം കണ്ണുനീരിന്റെ ഉപ്പ്
ആവോളം കുടിച്ചവൾ
മണ്ണോളം ക്ഷമയെ മനസ്സിലൊതുക്കിയവൾ
മാറാലവീണ പാഴ്ജന്മങ്ങൾക്ക്
ഉണർവിന്റെ ഉയിര് നൽകിയവൾ!
മകനുവേണ്ടി സാക്ഷ്യം പറഞ്ഞ്
സത്യത്തിന്റെ മൂകസാക്ഷിയായവൾ
മോചനം നേടിക്കഴിഞ്ഞവർ അത്ഭുതവും
അടയാളവും ചോദിക്കുമ്പോൾ
പുത്രനെ ബലിയായി നൽകി
സഹനത്തിന്റെ കയ്പുനീർ കുടിച്ചവൾ അമ്മ!
പാരതന്ത്ര്യത്തിന്റെ ചങ്ങലയ്ക്കുള്ളിൽ
പിടയുന്നവർ
നാവുകെട്ടിയ മുരൾച്ചയോടെ
ചതഞ്ഞരഞ്ഞ മുറിപ്പാടുകളോടെ
ഉയിരെരിഞ്ഞ തീനാളമോടെ
കടലെടുത്ത ജീവിതമോടെ
കരമറഞ്ഞ നെഞ്ചിടിപ്പോടെ കേഴുന്നു...
അമ്മേ! ഭാരത കേദാരമേ
സ്വർഗാരോപിത ചൈതന്യമേ
വീണ്ടും വന്നേ പോവുക
ഒരിറ്റ് മണ്ണ്
ഒരിറ്റു ശ്വാസം!
ഒരിറ്റു നീതി,
ച്ചിരിയോളം സ്വാതന്ത്ര്യം
തന്നേ പോവുക.

ലേഖനം

ഫാ. ഇമ്മാനുവേൽ



# മരിയാംബികയും ഭാരതാംബയും

**ആഗസ്റ്റ് 15 മരിയാംബികയേയും ഭാരതാംബയേയും സ്മരിക്കുന്ന ദിനം. ഭാരതത്തിന്റെ സ്വാതന്ത്ര്യ ദിനം പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ ദിനം കൂടിയാണ്. ഭാരതം 73-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ഈ അവസരത്തിൽ നമ്മുടെ രണ്ട് അമ്മമാരെയും സ്നേഹപൂർവം അനുസ്മരിക്കുകയാണ് ലേഖകൻ**

സ്നേഹമെന്ന ഒറ്റമൂലി അമ്മിഞ്ഞപ്പാലിൽ ചാലിച്ച് ദിനവും അമൃതൂട്ടുന്നവൾ മരിയാംബിക... സിരകളിലൂടെ എന്നും ഊർന്നിറങ്ങുന്ന വികാരമാണ് ഭാരതാംബ... മനവും മാനവും ഒരുപോലെ ആർത്തുവിളിക്കുന്ന നാമമാണ് അമ്മ. രണ്ട് അമ്മമാരുടെ സംഗമമാണ് ആഗസ്റ്റ് 15. ആകാശത്തു മിന്നുന്ന താരകങ്ങൾക്കും മണ്ണിൽ വിരിയുന്ന പൂക്കുൾക്കും പുഴയെ തഴുകുന്ന കാറ്റുകൾക്കും ഇവർ അമ്മമാർ തന്നെ. മാതൃസ്നേഹവും ദേശസ്നേഹവും തമ്മിൽ കൈകോർക്കുന്ന സുന്ദര ദിനമാണിത്. നരകീയ ശക്തികളെ കീഴടക്കി സ്വർഗീയ സുകൃതം തീർത്ത് മരിയാംബികയും വിദേശ അധിനിവേശങ്ങളെ ചെറുത്ത് സ്വാതന്ത്ര്യത്തിന്റെ വിശാല ലോകം തീർത്ത ഭാരതാബയും കഥകൾ പറയുന്നു. കണ്ണീർക്കടലിൽ മുങ്ങിത്താണ നനഞ്ഞ പൂവായ് മേരി... ജീവിതവഴിയിൽ ചോരപുരണ്ട പുസ്തകമായി ഭാരതവും.

അമ്മമാരായതുകൊണ്ടാവാം മേരിയിലും ഭാരതത്തിലും ചില സാമ്യങ്ങൾ കാണുന്നത്. തന്റെ പ്രിയസുതനെ രക്ഷിക്കാൻ നസ്രത്തിൽ നിന്നും ഈജിപ്തിലേക്ക് അഭയം പ്രാപിക്കുന്ന പ. അമ്മ. അമ്മയാകുന്ന ഭാരതം ചിന്ന ഭിന്നമാകാതിരിക്കാൻ നാട്ടുരാജ്യങ്ങളെ കോർത്തിണക്കി പടപൊരുതിയ മക്കൾ... കുരി

ശിൽ നിന്നിറക്കിയ തന്റെ പൊന്നോമനയെ മടിയിൽ കിടത്തി പരി. അമ്മ വ്യാകുല ഗാനം പാടി. അമ്മയാകുന്ന ഭാരത മണ്ണിനെ തല്ലി തകർത്തപ്പോൾ പിടഞ്ഞെഴുന്നേറ്റ മക്കൾ ദേശീയ ഗാനം പാടി... സ്വർഗാരോപണത്തിലൂടെ മരണത്തിലും അപ്പുറത്തെ ജീവിനിലേക്ക് ക്ഷണിക്കപ്പെട്ട പരി. അമ്മ. പാരതന്ത്ര്യത്തിന്റെ ആലസ്യത്തിൽ നിന്നും സ്വാതന്ത്ര്യത്തിന്റെ മഹോന്നതിയിലേക്ക് വിളിക്കപ്പെടുന്ന ഭാരതം.... മാതൃസ്നേഹത്തിൽ ദേശസ്നേഹവും ദേശസ്നേഹത്തിൽ മാതൃ സ്നേഹവും പ്രതിഫലിക്കുന്നു.

പെറ്റമ്മയ്ക്ക് വിലയിടുന്നവർ പോറ്റമ്മയെ ഒറ്റാതിരിക്കുമോ? തൊട്ടിലുണ്ടായിട്ടും നെഞ്ചിലിട്ടുറക്കിയ അമ്മയെ കട്ടിലുണ്ടായിട്ടും തെരുവിലുറങ്ങാൻ വിട്ട ലോകമാണിത്. സർവം സഹായ ഭാരതമണ്ണിനെയും പാരമ്പര്യങ്ങളെയും സംസ്കാരങ്ങളെയും നശിപ്പിച്ചുകൊണ്ടിരിക്കുന്ന കാലമാണിന്ന്. എന്നിട്ടും മരിയാബിംകയും ഭാരതാംബയും നമ്മോടോതിക്കൊണ്ടിരിക്കുന്ന ചില പാഠങ്ങളുണ്ട്.

ഒന്ന്, എപ്പോഴും ഒഴുകിക്കൊണ്ടിരിക്കുക – നിശ്ചലത നൈമിഷികമാണ്. നിലച്ചതൊന്നും നിലയ്ക്കുകയുമില്ല... കടലിൽ നിറയെ വെള്ളമാണ്. പക്ഷേ, ഉപ്പുരസമാണ്. ഒരിക്കൽ നദികളെല്ലാം ഒത്തുചേർന്ന് കടലിനോട് പരാതി പറഞ്ഞു: 'ഞങ്ങൾ ഒഴുകിവരുമ്പോൾ ശുദ്ധജലമാണ്. പക്ഷേ, നിന്റെ കൂടെ ചേരുമ്പോൾ കൊള്ളരുതാത്ത വെള്ളമാകുന്നു.' തന്റെ മേൽ കുറ്റം ചാരാനാണ് നദികളുടെ ശ്രമമെന്ന് മനസ്സിലാക്കിയ കടൽ പറഞ്ഞു, 'നിങ്ങൾക്ക് ഉപ്പുരസം വരാതിരിക്കാൻ ഒരു മാർഗമുണ്ട്. ഇനിമേൽ ഒഴുകാതിരുന്നാൽ മതി.' നിലച്ചുപോയ നദികൾ വീണ്ടും ഒഴുകിത്തുടങ്ങിയത്രേ.... ഒഴുകുന്നവർക്കേ ഒഴുകാൻ പഠിപ്പിക്കാനറിയൂ...

രണ്ട്, എപ്പോഴും ആഴമറിഞ്ഞു വേണം ചാടാൻ... വഴികളുടെ അവസാനം കണ്ടെത്തിയല്ല യാത്രകൾ തുടരേണ്ടത്. വിവേകത്തോടെയുള്ള യാത്രകൾ എടുത്തുചാട്ടമല്ല; അബദ്ധവുമല്ല. ദൈവം വിളിച്ചപ്പോൾ മറിയം രക്ഷാകരചരിത്രത്തിൽ എടുത്തുചാടി. ഭാരതം മുറിയപ്പെടുമെന്നും കീഴടക്കപ്പെടുമെന്നും അറിഞ്ഞപ്പോഴാണ് സ്വാതന്ത്ര്യത്തിലേക്കുള്ള യാത്രകൾക്ക് തുടക്കമായത്. ഒരുങ്ങിപ്പുറപ്പെടുന്നതിനേക്കാൾ ഒരുമ്പെട്ടിറങ്ങിയവരാണ് മേരിയും ഭാരതനാടും. വഴിവക്കുകളിൽ ഭയത്തിന്റെയും ഭീകരതയുടെയും പ്രതിബിംബങ്ങൾ ഉണ്ടായപ്പോൾ സധൈര്യം നേരിട്ട ചരിത്രവഴികൾ പരി. കന്യകാമറിയത്തിനും ഇന്ത്യമഹാരാജ്യത്തിനുമുണ്ടല്ലോ...

മൂന്ന്, ഉള്ളിലുദിക്കേണ്ട സൂര്യനെക്കുറിച്ചാണ് ഇവർ വാചാലരാകുന്നത് – ആഗ്രഹങ്ങൾക്കും അഭിലാഷങ്ങൾക്കും അഭിരുചികൾക്കും അഭിനിവേശങ്ങൾക്കും മദ്ധ്യേ ഇരുമ്പഴികൾ വയ്ക്കുമ്പോൾ തടവറ രൂപപ്പെടുമെന്നോർക്കണം. സ്വയം നിർമ്മിക്കുന്ന തടവറകളിലാണ് ഇന്ന് പലരുടെയും ജീവിതം. അന്ധവിശ്വാസങ്ങളുടെയും ആസക്തികളുടെയും പുറകേ പോയവരെ ഏത് വിഭാഗത്തിലാണ് പെടുത്തേണ്ടത്. സ്വാതന്ത്ര്യം നഷ്ടപ്പെട്ടവരുടെ ഗണത്തിലല്ലാതെ... കൊട്ടിയടയ്ക്കപ്പെട്ട വാതിലുകളുടെ പിറകിലിരുന്നു ആരും കാണാതെ ഏങ്ങലടിച്ചുകരയുന്നവരോട് ഈ അമ്മമാർ വീണ്ടും ഓർമ്മപ്പെടുത്തുന്നു: സൂര്യൻ ഉള്ളിലുദിക്കട്ടെ ഇനിയെങ്കിലും...

നാല്, വീണുപൊട്ടിയ പ്രതീക്ഷകളെ ചേർത്തൊട്ടിക്കാം – പ്രതിസന്ധികളും വെല്ലുവിളികളും നമ്മെ എറിഞ്ഞു പൊട്ടിക്കുമ്പോൾ... ആ പോറലുകളെ... മുറിവുകളെ... കുറവുകളെ അഴകുള്ളതാക്കാം. സ്വപ്നങ്ങളും പ്രതീക്ഷകളും ചായക്കോപ്പകൾപോലെ വീണുടയാം എന്നിട്ടും നിശ്ചയദാർഢ്യത്തിന്റെ കരുത്തിൽ ഉയർത്തവരല്ലെ, മരിയാംബികയും ഭാരതാംബയും. വൈകിയിട്ടില്ല. അഥവാ വൈകിയാലും ഇപ്പോൾ തുടങ്ങുന്നതാണല്ലോ ഒരിക്കലും തുടങ്ങാതിരിക്കുന്നതിനേക്കാൾ നല്ലത്...

പഴയ ഹവ്വയിലൂടെ നഷ്ടമായ പറുദീസ വീണ്ടെടുക്കാൻ ദൈവം മേരിയെ തെരഞ്ഞെടുത്തു. ഈ ലോക ദൗത്യം പൂർത്തിയാക്കി അവൾ സ്വർഗത്തിലേക്ക് ആരോപിതയാകുന്നു... വിഴുങ്ങാൻ വന്ന ഭീകരസത്വത്തെ ജയിച്ച് സ്വാതന്ത്ര്യത്തിന്റെ പാഠം പകർന്നുതന്ന മരിയാംബികയ്ക്ക് മുന്നിൽ കൂപ്പുകൈ...

"സ്വാതന്ത്ര്യം തന്നെ ജീവിതം
സ്വാതന്ത്ര്യം തന്നെ അമൃതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം" – ഭാരതാംബയ്ക്ക് മുന്നിൽ സല്യൂട്ട്! ■





“ നിങ്ങളുടെ ആത്മീയ വളർച്ച സർവോപരി പ്രകടമാകുന്നത് സാഹോദര്യമുള്ളതും ഉദാരവും കാരുണ്യപൂർണവുമായ സ്നേഹത്തിലുള്ള നിങ്ങളുടെ വളർച്ചയിലാണ്. ”

ലേഖനം

ഫാ. തോമസ് ജെ. നെറ്റോ

## ഫ്രാൻസിസ് പാപ്പ യുവജനങ്ങളോട്-2

# യുവത്വത്തിന്റെ പാതകൾ

യൗവനം ദൈവത്തിന്റെ ഒരു ദാനവും കൃപയും അനുഗ്രഹവുമായി ഫ്രാൻസിസ് പാപ്പ കാണുന്നു. അതിനാൽ, യൗവനത്തിന്റെ വർഷങ്ങൾ ജീവിക്കുക എന്നതിന്റെ അർത്ഥം എന്താണെന്ന് ‘യുവത്വത്തിന്റെ പാതകൾ’ എന്ന അഞ്ചാം അധ്യായത്തിൽ വിവരിക്കുന്നു. യൗവനത്തെ ആനന്ദത്തിന്റെയും പ്രത്യാശയുടെയും ഒരു ഗീതമായി കാണുന്ന പാപ്പ, അതേസമയം, യുവജനങ്ങളെ ഓർമിപ്പിക്കുന്നു: “നമുക്ക് അർഥമില്ലാതെ ധൂർത്തടിക്കാനോ കൃതജ്ഞതയോടുംകൂടി സ്വീകരിച്ച് പൂർണമായി ജീവിക്കാനോ കഴിയുന്ന ഒരു ദാനമാണത്” (നം. 134).

സ്വപ്നങ്ങളുടെയും തീരുമാനങ്ങളുടെയും കാലമാണ് യൗവനം. യുവജനങ്ങളുടെ ഹൃദയങ്ങളിൽ സന്നിഹിതമാകുന്ന അഭിവാഞ്ഛയുടെ അധികഭാഗവും ‘അസ്വസ്തത’ എന്ന വാക്കിൽ പാപ്പ സംഗ്രഹിക്കുന്നു. അത് ആരോഗ്യമുള്ള യുവത്വത്തിന്റെ ലക്ഷണമായും കരുതുന്നു. ഈ അവസ്ഥയെ വി. അഗസ്റ്റിന്റെ വാക്കുകളിലൂടെ വ്യക്തമാക്കുന്നു: “കർത്താവേ, അങ്ങേയ്ക്കു വേണ്ടിതന്നെ അങ്ങ് ഞങ്ങളെ സൃഷ്ടിച്ചു. വിശ്രമം അങ്ങിൽ കണ്ടെത്തുന്നതുവരെ ഞങ്ങളുടെ ഹൃദയങ്ങൾ അസ്വസ്ഥമാണ്” (നം. 138).

“എന്താണ് ഒരു യുവവ്യക്തിയിൽ പാപ്പ കാണുന്നത്?” ഈ ചോദ്യത്തിനുള്ള പാപ്പയുടെ ഉത്തരമിതാണ്: അവന്റെ അല്ലെങ്കിൽ അവളുടെ സ്വന്തം പാത തേടുന്ന ഒരാളെ, അവരുടെ രണ്ടു കാലുകളിൽ പറക്കാൻ ആഗ്രഹിക്കുന്ന ഒരാളെ,

ലോകത്തെ അഭിമുഖീകരിക്കുകയും ഭാവിയുടെ ചക്രവാളങ്ങളെ പ്രത്യാശയും വ്യാമോഹവും നിറഞ്ഞ കണ്ണുകളോടുകൂടി നോക്കുകയും ചെയ്യുന്ന ഒരാളെ ഞാൻ കാണുന്നു" (നം.139).

യൗവനം തിരഞ്ഞെടുപ്പുകളുടെ പ്രായമാണ്. തൊഴിൽപരവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിലും; സ്നേഹത്തെക്കുറിച്ചും ഒരു ജീവിത പങ്കാളിയെ തെരഞ്ഞെടുത്ത് ഒരു കുടുംബം ആരംഭിക്കുന്നതിനെക്കുറിച്ചും തീരുമാനം എടുക്കുന്ന സമയം. ചിലപ്പോൾ തീരുമാനങ്ങൾ എടുക്കാതിരിക്കാനുള്ള പ്രലോഭനങ്ങളുമുണ്ടാകാം. എന്നാൽ പാപ്പ യുവജനങ്ങളെ ഇപ്രകാരം പ്രചോദിപ്പിക്കുന്നു: "നിങ്ങളുടെ പ്രത്യാശകളേയും സ്വപ്നങ്ങളേയും പിൻതുടർന്നുകൊണ്ടിരിക്കുക. അതേസമയം, പുറകോട്ടുവലിക്കാൻ കഴിവുള്ള ഉത്കണ്ഠയെന്ന പ്രലോഭനത്തെക്കുറിച്ച് ശ്രദ്ധയുള്ളവരാകുക. നമ്മുടെ ഏറ്റവും നല്ല സ്വപ്നങ്ങൾ പൂവണിയുന്നത് പ്രത്യാശയിലൂടെയും ക്ഷമയിലൂടെയും പ്രതിബദ്ധതയിലൂടെയും മാത്രമാണ്, തിടുക്കത്തിലല്ല" (നം. 142).

പാപ്പ തുടരുന്നു: "പ്രിയപ്പെട്ട യുവജനങ്ങളെ, ജീവിതത്തെ ഒരു മട്ടുപ്പാവിൽ നിന്ന് നിരീക്ഷിക്കരുത്. സന്തോഷത്തെ ഒരു ചാരുകസേരയായി തെറ്റിദ്ധരിക്കുകയോ ഒരു തിരശീലക്കു പിന്നിൽ നിങ്ങളുടെ ജീവിതം നയിക്കുകയോ അരുത്. നിങ്ങൾ എന്ത് ചെയ്താലും ഉപേക്ഷിക്കപ്പെട്ട ഒരു വാഹനത്തിന്റെ പരിതാപകരമായ കാഴ്ചയായി തീരരുത്! ........ ജീവിക്കുക! ജീവിതത്തിന്റെ ഏറ്റവും നല്ലഭാഗം നിങ്ങൾക്കുതന്നെ നൽകുക! കൂടിന്റെ വാതിൽ തുറന്ന് പുറത്തേക്കുപോയി പറക്കുവിൻ! ദയവായി നേരത്തെ വിരമിക്കരുത്" (നം. 145).

## ജീവിതത്തിനും അനുഭവത്തിനും വേണ്ടിയുള്ള ദാഹം

ഭാവിയെ നോക്കികാണുമ്പോഴും യുവജനങ്ങൾക്ക് വർത്തമാനകാല നിമിഷം അനുഭവിക്കാൻ, ജീവിതം നൽകുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്താൻ ശക്തമായ ആഗ്രഹമുണ്ട്. അതേസമയം പാപ്പ ഓർമിപ്പിക്കുന്നു: "പുതിയ സന്തോഷങ്ങളെ അമിതമായി അന്വേഷിച്ചു പോകുന്നതിൽ നിന്ന് അകന്നു നിൽക്കുക. അത് വർത്തമാനകാലം ആസ്വദിക്കുന്നതിൽ നിന്നും നമ്മെ അകറ്റും'' (നം.146). പകരം, നല്ല കാര്യങ്ങൾക്കുവേണ്ടി നമ്മുടെ ഊർജ്ജം ചെലവാക്കികൊണ്ടും സാഹോദര്യം വളർത്തിക്കൊണ്ടും യേശുവിനെ അനുഗമിച്ചുകൊണ്ടും ജീവിതത്തിന്റെ ചെറിയ ആനന്ദങ്ങളെപ്പോലും ദൈവസ്നേഹത്തിന്റെ ദാനങ്ങളാക്കിത്തീർത്തുകൊണ്ടും വർത്തമാനകാലം ആസ്വദിക്കാൻ പാപ്പ നിർദ്ദേശിക്കുന്നു.

## ക്രിസ്തുവുമായുള്ള സൗഹൃദത്തിൽ

യുവജനങ്ങൾ ക്രിസ്തുവുമായുള്ള സൗഹൃദത്തിൽ വളരേണ്ടതിന്റെ ആവശ്യകത പാപ്പ വ്യക്തമാക്കുന്നു: "നിങ്ങളുടെ യുവത്വത്തിന്റെ വർഷങ്ങളുടെ അനുഭവം നിങ്ങൾ എത്ര മാത്രം ജീവിക്കുന്നുണ്ടെങ്കിലും, നിങ്ങളുടെ ഏറ്റവും നല്ല സ്നേഹിതനായ യേശുവിനെ നിങ്ങൾ ദിവസന്തോറും അഭിമുഖീകരിക്കാത്തപക്ഷം, അവയുടെ അത്യഗാധവും മഹത്വപൂർണവുമായ അർത്ഥം നിങ്ങൾ ഒരിക്കലും അറിയുകയില്ല'' (നം.150). ഈ സൗഹൃദത്തിന്റെ അനുഭവം മറ്റുള്ളവരോട് തുറവിയും ധാരണയും കരുതലുമുള്ളവരുമാകാനും അന്യരുമായി ജീവിതങ്ങൾ പങ്കുവയ്ക്കാനും നമ്മെ പഠിപ്പിക്കുന്നു" (നം. 151).

യേശുവിനോട് നമ്മുടെ അത്യഗാധ രഹസ്യങ്ങൾ പങ്കുവയ്ക്കാൻ നമുക്ക് കഴിയും. യേശുവിനോടുള്ള സംഭാഷണമായ പ്രാർത്ഥന ഒരു വെല്ലുവിളിയും ഒരു സാഹസവുമാണ് (നം.155). അതിലൂടെ അവിടുന്നുമായി ഒരു നിരന്തര സാമീപ്യം അനുഭവിക്കാൻ കഴിയും.

## പക്വതയിൽ വളർച്ച

യുവജനങ്ങൾ പക്വതയിൽ വളരാൻ, മറ്റെല്ലാ കാര്യങ്ങളും ശ്രദ്ധിക്കുന്നതോടൊപ്പം ''കർത്താവിനോട് ബന്ധപ്പെട്ട് നിൽക്കുകയും അവിടുത്തോട് ''ഓൺലൈനിൽ കഴിയുകയും ചെയ്യണം.'' എന്ന് പാപ്പ അഭ്യർത്ഥിക്കുന്നു (നം.158). മാത്രമല്ല, യൗവനത്തിന്റെ ആവേശകരമായ മറ്റെല്ലാ കാര്യങ്ങളോടുമൊപ്പം, നീതി, വിശ്വാസം, സ്നേഹം, സമാധാനം എന്നിവ തേടുന്നതിലും സൗന്ദര്യമുണ്ട് എന്ന് ഓർക്കണം (നം.159).

സഭയിൽ എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, ഇക്കാര്യത്തിൽ പാപ്പ തന്റെ നിലപാട് ഇങ്ങനെ വ്യക്തമാക്കുന്നു: "മറ്റുള്ളവർ എന്തുപറയുകയോ ചെയ്യുകയോ ചെയ്താലും, നിങ്ങൾ ആരാണെന്ന് കണ്ടെത്തേണ്ടതും വിശുദ്ധരാകുന്നതിനുള്ള നിങ്ങളുടെ സ്വന്തം പാത വികസിപ്പിക്കേണ്ടതും നിങ്ങളാണ്. ഒരു വിശുദ്ധനായിത്തീരുക എന്നതിന്റെ അർത്ഥം കൂടുതൽ പൂർണതയിൽ നിങ്ങൾ തന്നെയായിത്തീരുക എന്നാണ്.... നിങ്ങൾ ആരെയെങ്കിലും വെറുതെ പകർത്തുകയാണെങ്കിൽ, മറ്റാർക്കും നൽകാൻ കഴിയാത്ത ചിലത് നിങ്ങൾ ഈ ഭൂമിയ്ക്കും സ്വർഗത്തിനും നഷ്ടപ്പെടുത്തുകയായിരിക്കും'' (നം.162).

## സാഹോദര്യത്തിന്റെ പാതകൾ

യുവത്വത്തിലെ സ്നേഹസാഹോദര്യത്തിന്റെ പ്രാധാന്യവും പാപ്പ എടുത്തുപറയുന്നുണ്ട്. ''നിങ്ങളുടെ ആത്മീയ വളർച്ച സർവോപരി പ്രകടമാകുന്നത് സാഹോദര്യമുള്ളതും ഉദാരവും കാരുണ്യപൂർണവുമായ സ്നേഹത്തിലുള്ള നിങ്ങളുടെ വളർച്ചയിലാണ്." (നം. 163). അതിനാൽ സമൂഹത്തിൽ ജീവിച്ച് സ്നേഹം പ്രകടമാക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. ഒന്നിച്ച് ചെയ്യുമ്പോൾ എല്ലാ കാര്യങ്ങളും കൂടുതൽ എളുപ്പമാണ് (നം. 164). യുവജനങ്ങൾ അനുഭവിച്ചിട്ടുള്ള ക്ഷതങ്ങളുടെ നടുവിലും "മറ്റുള്ളവരോട് ക്ഷമിക്കുവാനുള്ള ദൈവത്തിന്റെ വിളിശ്രദ്ധിക്കുന്നത് ഒരിക്കലും അവസാനിപ്പിക്കരുത്'' (നം.165) എന്ന് പാപ്പ ഓർമ്മിപ്പിക്കുന്നു. ദൈവം യുവജനങ്ങളുടെ ആനന്ദത്തെ സ്നേഹിക്കുന്നുവെന്നും, ആനന്ദം അനുഭവിക്കാനുള്ള നമ്മുടെ കഴിവിനെ സഹോദരസ്നേഹം വർധിപ്പിക്കുന്നുവെന്നും നൽകുന്നതിലൂടെയാണ് സാഹോ



ദര്യം ആനന്ദദായകമാകുന്നതെന്നും പാപ്പ അഭിപ്രായപ്പെടുന്നു (നം. 167).

## യുവത്വവും പ്രതിബദ്ധതയും ഉള്ളവർ

സാമൂഹ്യപ്രതിബദ്ധത ഇന്നത്തെ യുവജനങ്ങളുടെ ഒരു പ്രധാന സവിശേഷതയായി പാപ്പ എടുത്തുകാട്ടുന്നു. അൽമായരുടെ ദൈവവിളി കേവലം സഭയ്ക്കുള്ളിലെ സേവനത്തിൽ ഒതുങ്ങുന്നതല്ല. അത് കുടുംബത്തിലെ ഉപവിയെയും സാമൂഹികവും രാഷ്ട്രീയവുമായ ഉപവിയെയും ലക്ഷ്യമാക്കുന്നു (നം. 168). അത് ഒരു നവലോകനിർമിതിക്കുള്ള പ്രതിബദ്ധതയാണ്. ദൈവരാജ്യത്തിന്റെ വ്യാപനത്തിനായി ലോകത്തിൽ ജീവിക്കുക എന്നതാണ്. യുവജനങ്ങൾ തങ്ങളുടേതായ ചെറിയ സംഘങ്ങളിൽ ഒതുങ്ങാതെ എല്ലാവരും പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന 'സാമൂഹിക സൗഹൃദം' നിർമ്മിക്കാൻ പാപ്പ ആഹ്വാനം ചെയ്യുന്നു. അതിനായി നാം ചിലത് ഉപേക്ഷിക്കണമെന്നും മറ്റുള്ളവരുമായി കൂടിയാലോചനകൾ നടത്തണമെന്നും, കൂടുതൽ വലിയ ഒന്നിനുവേണ്ടി ഭിന്നതകൾ മറന്ന് ഒന്നിച്ച് പ്രവർത്തിക്കണമെന്നും പാപ്പ ഓർമിപ്പിക്കുന്നു (നം. 169).

സാമൂഹ്യപ്രവർത്തനവും ദരിദ്രരോട് നേരിട്ടുള്ള സമ്പർക്കവും വിശ്വാസവും ഒരുവന്റെ ദൈവവിളി വിവേചിച്ചറിയാനുള്ള മാർഗമായി പാപ്പ ചൂണ്ടിക്കാണിക്കുന്നു (നം. 170). ദരിദ്രരും വൃദ്ധരും ഭിന്നശേഷിക്കാരുമായവരെ യുവജനങ്ങൾ സന്ദർശിക്കുമ്പോൾ, പലപ്പോഴും അവിടെ അവർ നൽകുന്നതിനേക്കാൾ വളരെ കൂടുതൽ അവർക്ക് ലഭിക്കുമെന്നും; അന്യരുടെ സഹനത്തിൽ സ്പർശിക്കാൻ സമയമെടുക്കുമ്പോൾ, നാം ജ്ഞാനത്തിലും പക്വതയിലും വളരുകയാണ് എന്നും പാപ്പ വിലയിരുത്തുന്നു (നം.171). മാറ്റത്തിന്റെ നായകന്മാരാകാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾ ഭാവിയിലേക്കുള്ള താക്കോൽ സൂക്ഷിക്കുന്നവരാണ്. അതിനാൽ ജീവിതത്തിൽ കാഴ്ചക്കാരാകാതെ, നിമഗ്നരാകുവാൻ പാപ്പ യുവജനങ്ങളെ ആഹ്വാനം ചെയ്യുന്നു (നം. 174).

## ധീരപ്രേഷിതർ

യുവജനങ്ങൾ തങ്ങളെതന്നെ കണ്ടെത്തുന്ന ഇടങ്ങളിൽ, അവർ ജീവിക്കുന്ന മാർഗത്തിൽ, ക്രിസ്തുവിന്റെ സ്നേഹത്താൽ നിറഞ്ഞ് സുവിശേഷത്തിന്റെ സാക്ഷികളാകാൻ വിളിക്കപ്പെട്ടിരിക്കുന്നു (നം. 175). ഒരു പ്രേഷിതനാകുക എന്നാൽ വെളിച്ചമാകുക എന്നാണർത്ഥം. തന്റെ പ്രകാശവും പ്രത്യാശയും വ്യാപിപ്പിക്കാൻ കഴിയുന്ന മാർഗമാണ് യുവജനങ്ങൾ എന്ന് അറിയുന്ന യേശു, അവരുടെ ധൈര്യത്തെയും നിർഭയത്വത്തെയും ഉത്സാഹത്തെയും ആശ്രയിക്കുന്നുവെന്ന് പാപ്പ ഓർമ്മപ്പെടുത്തുന്നു (നം. 176). അതിനാൽ പാപ്പയുടെ നിർദ്ദേശമിതാണ്, 'യുവജനങ്ങളേ, നമ്മുടെ ലോകത്തെ മാറ്റാൻവേണ്ടി നിങ്ങളുടെ ഊർജ്ജവും നിങ്ങളുടെ സാഹസികതയും നിങ്ങളുടെ സർഗാത്മകതയും സംഭാവന ചെയ്യാൻ നാളെവരെ കാത്തിരിക്കരുത്. നിങ്ങളുടെ യൗവനം ഒരു 'ഇടവേള'യല്ല. നിങ്ങൾ ദൈവത്തിന്റെ 'ഇപ്പോൾ' ആണ്" (നം. 178). ശോഭനമായ ഒരു ഭാവി ഒരുക്കാനുള്ള ഏറ്റവും നല്ല മാർഗം പ്രതിബദ്ധതയോടും ഔദാര്യത്തോടുംകൂടി കഴിയുന്നത്ര നന്നായി വർത്തമാനകാലം അനുഭവിക്കുകയാണ്.

*(തുടരും)*

ലേഖനം

അഡ്വ. ഷെറി ജെ.തോമസ്

# കൂടുതൽ ചുമതലകൾ നൽകി കേന്ദ്രബജറ്റ്

**പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുപെറുക്കി മുതൽമുടക്കിനുള്ള പണം സ്വരൂപിക്കാൻ നിർദ്ദേശിക്കുന്ന കേന്ദ്ര ബജറ്റിനെ ഏറെ ആശങ്കയോടെ വിലയിരുത്തുകയാണ് ലേഖകൻ**




ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ആദ്യത്തെ മുഴുവൻസമയ വനിത ധനമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് കെട്ടിലും മട്ടിലും നല്ല പരസ്യത്തിന് ഉപകരിക്കും. ഒറ്റനോട്ടത്തിൽ നല്ലതെന്ന് തോന്നുന്ന വിധത്തിൽ തുടച്ചുമിനുക്കിയ ബജറ്റ്. കഴിഞ്ഞ 55 വർഷം കൊണ്ട് ഇന്ത്യ ഒരു ലക്ഷം കോടി സമ്പത്ത് ഉണ്ടാക്കിയെങ്കിൽ കഴിഞ്ഞ ബിജെപി സർക്കാർ 5 വർഷം കൊണ്ട് ഒരു ലക്ഷം കോടി സമ്പത്ത് ഇന്ത്യക്ക് ഉണ്ടാക്കി എന്നാണ് അവകാശവാദം. യുഗപുരുഷന്മാർ ദീർഘവീക്ഷണത്തോടെ പണിതുയർത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഡിസിവെസ്റ്റ്മെൻറ് എന്ന പേര് വിളിച്ച് വിറ്റ് തുലച്ചതിലൂടെയാണ് ഈ പറഞ്ഞ ഇല്ലാത്ത കണക്കുകൾ ഉണ്ടാക്കിയെടുത്തത് എന്ന് വ്യക്തം.

നോട്ടുനിരോധനവും ജി എസ് ടിയും വരുത്തിവെച്ച വലയിൽനിന്ന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഇനിയും കരകയറിയിട്ടില്ല. കൂനിന്മേൽ കുരുവെന്നപോലെ ഓഖിയും പ്രളയവും ജനജീവിതം താറുമാറാക്കി. കേൾക്കുമ്പോൾ സുഖകരമാക്കാൻ ബജറ്റിൽ ആധികാരികമായി പറഞ്ഞു വച്ചിരിക്കുന്ന വാക്യം 75 വർഷം അവകാശങ്ങൾക്ക് വേണ്ടി നിലകൊണ്ട രാജ്യം ഇനി കടമകൾക്ക് വേണ്ടി കൂടി നിലകൊള്ളണം എന്നാണ്. ശരിയായിരിക്കും കടമകൾക്കുവേണ്ടി നിലകൊള്ളാൻ ആഹ്വാനം ചെയ്യുന്നത് ജനജീവിതത്തിൽ ഉണ്ടാവുന്ന ബുദ്ധിമുട്ടുകൾക്ക് വിശദീകരണ വ്യാഖ്യാനങ്ങൾ നൽകാനാണ്. കഴിഞ്ഞ വർഷത്തെ എസ്റ്റിമേറ്റ് പ്രകാരം തൊഴിലുറപ്പ് പദ്ധതിക്കായി കരുതിയത് 61,084 കോടിയാണ്. എന്നാൽ ഇത്തവണ അത് 60,000 കോടിമാത്രമായി ഒതുക്കി, 1084 കോടി രൂപ കുറച്ചു.

## തൊഴിൽ നിയമങ്ങൾ എല്ലാം ഒരുമിച്ച് നാല് ചട്ടങ്ങളാക്കുന്നു

ബജറ്റ് പ്രഖ്യാപനങ്ങൾ നടപ്പിലാക്കാൻ ആണെങ്കിൽ അങ്ങനെ ചെയ്യേണ്ടിവരും. സ്ത്രീകളുടെ പ്രസവാവധി ആനുകൂല്യം തുടങ്ങി ജോലി സ്ഥലത്ത് ഇരിക്കാനുള്ള അവകാശം വരെ വ്യത്യസ്ത കാലയളവുകളിൽ തൊഴിലാളി സമൂഹം പൊരുതി നേടിയ അവകാശങ്ങളാണ്. അവയൊക്കെ ഒരുമിച്ചുകൂട്ടി ഒന്നാകുമ്പോൾ ഇപ്പോൾ തൊഴിൽരംഗത്ത് വർദ്ധിച്ചുവരുന്ന ഹയർ ആൻഡ് ഫയർ സംവിധാനത്തിന് കൂടുതൽ അവസരങ്ങൾ ഉണ്ടാകും. ഉറങ്ങി എഴുന്നേറ്റ് ചെല്ലുമ്പോൾ ജോലിയില്ലാത്ത അവസ്ഥയിലാകുന്ന നിരവധി പുതുതലമുറ തൊഴിലാളികളെ സൃഷ്ടിക്കും. സംരംഭങ്ങൾ വളരണം എന്ന ഉദ്ദേശത്തിലാണ് ഇപ്രകാരം ചെയ്യുന്നതെങ്കിൽ ഇതിൽ ചിലർമാത്രം വളരുമ്പോൾ വലിയൊരു വിഭാഗം തളരും. വേതനം സംബന്ധിച്ച കാര്യങ്ങളിൽ മിനിമം വേതനനിയമം, ശമ്പള നിയമം, ബോണസ്, തുല്യവേതനം തുടങ്ങിയവ ചേർത്ത് ഒരു ചട്ടം. തൊ

ഴിലിടങ്ങളിലെ സുരക്ഷയും ആരോഗ്യവും സംബന്ധിച്ച് പ്രത്യേകിച്ച് ഒരു ചട്ടം. വ്യവസായ തർക്ക നിയമം, ട്രേഡ് യൂണിയൻ നിയമങ്ങൾ തുടങ്ങിയവ ചേർത്ത് ഒരു ചട്ടം, ഇപിഫ്, ഇഎസ് ഐ, പ്രസവാനുകൂല്യം, കെട്ടിട നിർമ്മാണത്തൊഴിലാളി നിയമം എന്നിങ്ങനെ സാമൂഹികസുരക്ഷയുടെ കീഴിൽ മറ്റൊരു ചട്ടം- എന്നിങ്ങനെ നാല് ചട്ടങ്ങളായി നിയമങ്ങളെ ഏകോപിപ്പിക്കും.

## അടിസ്ഥാനസൗകര്യ വികസനത്തിന് എന്തുണ്ട്

പ്രളയവും ഓഖിയും തകർത്തെറിഞ്ഞ കേരളം പോലുള്ള സ്ഥലങ്ങളിൽ റീബിൽഡ് കേരള നടക്കുകയാണ്. എന്താണ് ഈ ബജറ്റിൽ നിന്നുള്ള പ്രയോജനം. അതറിയാൻ ജനങ്ങൾക്ക് താല്പര്യമുണ്ട്. രാജ്യാന്തര അതിർത്തി എന്ന് കൂടി പറയാവുന്ന കേരളത്തിലെ തീരം സംരക്ഷിക്കുന്നതിന് കടൽഭിത്തി നിർമാണത്തിന് ഉൾപ്പെടെ എന്തുണ്ട് വകയിരുത്താൻ ഈ ബജറ്റിൽ എന്നത് ഓരോ തീരവാസിയും അന്വേഷിക്കുന്ന ചോദ്യമാണ്. കയർ മേഖലയിലും കശുവണ്ടിമേഖലയിലും വിഹിതം വെട്ടിക്കുറച്ച് പരമ്പരാഗത വ്യവസായങ്ങൾക്ക് വൻതിരിച്ചടിയാണ് ഉണ്ടായത്. ഇത് കേരളത്തെയാണ് ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത്. റബ്ബർ കർഷകർക്കായി ആവശ്യമുള്ളതൊന്നും തന്നില്ലയെന്നു മാത്രമല്ല, റബ്ബർ ബോർഡിനുള്ള വിഹിതം വെട്ടിക്കുറക്കുക കൂടി ചെയ്തു. മൂന്നുമാസം കുടിശ്ശിക വരുത്തിയാൽ എൻപിഎ ആക്കി മാറ്റുന്ന ബാങ്ക് അക്കൗണ്ടുകൾ എല്ലാവർക്കും ഇല്ല. സാധാരണക്കാരുടെ അക്കൗണ്ടുകളാണ് അങ്ങനെ ആവുന്നതും ജപ്തികൾ നടക്കുന്നതും ആത്മഹത്യകൾ കാണുന്നതും. കഴിഞ്ഞ ഒരു വർഷം കൊണ്ട് 4 ലക്ഷം കോടി കിട്ടാക്കടങ്ങൾ പിടിച്ചെടുത്തു എന്നാണ് അവകാശവാദം. കിട്ടാക്കടങ്ങളുടെ എണ്ണം ഒരു ലക്ഷം കോടിയായി കുറഞ്ഞു.

## തന്ത്രപരമായ വിറ്റഴിക്കൽ സംവിധാനം

ഉള്ളത് വിറ്റു തുലയ്ക്കാൻ പ്രത്യേകം പരിശീലനം നേടിയ ആളുകളുടെ കൂട്ടം തന്നെ ഇപ്പോൾ തലസ്ഥാനത്ത് ഉണ്ട്. ബിഎസ്എൻഎൽ എന്നത് സാധാരണക്കാരന് വിനിമയ ശൃംഖലയുടെ ഒരു ചിഹ്നമായിരുന്നു. ഇപ്പോൾ കേൾക്കുന്നത് അവിടെ ശമ്പളം തന്നെ നേരെചൊവ്വേ കൊടുക്കുന്നില്ല എന്നാണ്. 4ജി സംവിധാനങ്ങൾ പണ്ടേ നടപ്പിലാക്കുന്നതിന് തയ്യാറായി കഴിഞ്ഞു എങ്കിലും മറ്റു ചിലർ 5 ജി ലേക്ക് വരുമ്പോഴും ഇപ്പോഴും ബിഎസ്എൻഎൽ ന് 4ജി പോലും നൽകാനുള്ള അനുവാദം മന്ത്രാലയം നൽകിയില്ല. മറ്റു ടെലികോം കമ്പനികൾക്കും വാണിജ്യപരമായി മത്സരിക്കാനുള്ള ലെവൽ പ്ളേ ഉണ്ടാക്കാൻ ആണത്രേ ഇത്. എന്നാൽ മറ്റുള്ളവർ ലെവലും കഴിഞ്ഞ് പ്ലെയും കഴിഞ്ഞു പോയി 5ജി എത്താറായി. ബിഎസ്എൻഎൽ ഇപ്പോഴും ത്രീ ജി തന്നെ. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിച്ച് ഒരു വഴിക്കാക്കാൻ പുതിയ ബജറ്റിലും നിർദ്ദേശങ്ങൾ സമൃദ്ധം. ധനം കണ്ടെത്താൻ പ്രത്യേകിച്ച് മാർഗ്ഗങ്ങളൊന്നുമില്ലാത്ത ബജറ്റിൽ പൊതുമേഖല സ്ഥാപനങ്ങളുടെ ഓഹരി വിൽക്കുന്നതിലൂടെ 1,05,000 കോടി രൂപയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## ഇന്ധനവിലക്കയറ്റം – കനത്ത അടി

ജനാധിപത്യ രാജ്യത്ത് വിലനിയന്ത്രണം ജനാധിപത്യ സർക്കാറുകളുടെ കയ്യിൽ ആയിരിക്കും. എന്നാൽ പെട്രോൾ ഡീസൽ വില നിയന്ത്രണം ഇന്ത്യയിൽ തൽക്കാലം എണ്ണ കമ്പനികളുടെ കയ്യിലാണ് ഇന്ന്. ഡീസൽ പെട്രോൾ വില ഒരു രൂപ വർധിപ്പിക്കാൻ തീരുമാനിക്കുമ്പോൾ അതിന്റെ കൂടെയുള്ള മറ്റു കാര്യങ്ങളും കൂടി ചേർത്ത് ആകെ വർധനവ് രണ്ടു രൂപയിലധികം വരും.. സംസ്ഥാനതലത്തിലുള്ള വർദ്ധനവ് വേറെ. ഇതിലൊക്കെ രസം അന്താരാഷ്ട്രവിപണിയിൽ വ്യതിയാനം വരുമ്പോൾ ഒരു കാലത്ത് അത്തരം കാര്യങ്ങൾ വിലയിൽ നിയന്ത്രിക്കാനുള്ള സംവിധാനം ഈ രാജ്യത്ത് ഉണ്ടായിരുന്നു. ഇന്ന് അതില്ല എന്നതിനപ്പുറത്ത് വിലയിൽ മാറ്റം വരുത്താൻ എണ്ണക്കമ്പനികളോട് അപേക്ഷിക്കുക എന്നത് മാത്രം പോംവഴി ആയുള്ള രാഷ്ട്രീയ സംവിധാനമാണുള്ളത്. അന്താരാഷ്ട്ര വിപണിയിൽ വില മാറുന്നതനുസരിച്ച് ഉടനടി വില ഉയർത്തുകയും സൗകര്യമുള്ളപ്പോൾ കുറയ്ക്കുകയും ചെയ്യുന്ന ഓയിൽ കമ്പനികളുടെ ധാർഷ്ട്യത്തിന് ഇനിയും വിലങ്ങില്ല. ബജറ്റ് ന്യായീകരിക്കാൻ ശ്രമിക്കുന്നവർ പറയുന്നത് ഇലക്ട്രിക് വാഹനങ്ങൾക്ക് പ്രോത്സാഹനം നൽകി രാജ്യത്ത് ഇന്ധന ഉപഭോഗം കുറയ്ക്കാനാണത്രെ. കറണ്ടില്ലോടുന്ന ലോറിയിൽ വരുന്ന സാധനസാമഗ്രികൾ കാത്ത് ജനം ഇരിക്കട്ടെയെന്നാകും. മാത്രമല്ല വലിയ പ്രവചനങ്ങളും നടത്തുന്നുണ്ട്, അന്താരാഷ്ട്ര വിപണിയൽ എണ്ണ വില കുറയുമെന്നും ഇന്ധനവില ഇന്ത്യയെ ബാധിക്കില്ലെന്നുമാണ് പ്രവചനം. എന്നാൽ വില കുറഞ്ഞ സമയത്തും എണ്ണക്കമ്പനികൾ കൂടിയ വില നിലനിർത്തിയ കാര്യമൊന്നും ന്യായീകരണക്കാരുടെ ശ്രദ്ധയിലില്ല. ഇന്ധനവിലക്കയറ്റം കേരളം പോലുള്ള ഉപഭോഗ സംസ്ഥാനത്തെ സാരമായി ബാധിക്കും. പ്രളയത്തിന്റെ പേരിലുള്ള സെസ്സ് കൂടുതൽ ആഘാതം ഉണ്ടാക്കും.

## നടക്കാത്ത കാര്യങ്ങൾ

മുതൽമുടക്കിനുള്ള പണം കണ്ടെത്താനുള്ള വഴികളൊന്നും ഈ ബജറ്റിലില്ല. എന്തെങ്കിലും കണ്ടെത്തുമെന്നുണ്ടെങ്കിൽ അത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കലിലൂടെയാണ്. പല പേരിലും ആരോഗ്യരംഗത്ത് പദ്ധതികൾ കൊണ്ടുവരുമ്പോൾ നിലവിലുണ്ടായിരുന്ന പദ്ധതികൾ എങ്ങനെ നടന്നു പോകുന്നു എന്നതുകൂടി അന്വേഷിക്കാനുള്ള ബാധ്യത ഉണ്ടാകണം. ആംബുലൻസ് നൽകാതിരുന്നത് കൊണ്ട് സ്വന്തം മകന്റെ ശവശരീരം ചുമലിലേറ്റി വീട്ടിലേക്ക് നടന്നു പോയ പിതാവിന്റെ ചിത്രം രണ്ടാഴ്ച മുമ്പാണ് നമ്മുടെ കണ്മുന്നിൽ പ്രത്യക്ഷപ്പെട്ടത്. അതിനു മുന്നേ ഭാര്യയുടെ ശരീരം ചുമന്നുകൊണ്ട് പോയ ഭർത്താക്കന്മാരും ഓർമ്മയിലുണ്ട്. ആർക്കാണ് എവിടെയാണ് ആരോഗ്യപരിപാലനം നൽകുന്നത്. നിലവിലുള്ള സംവിധാനങ്ങളിലൂടെ എങ്ങനെയാണ് അത് ഫലപ്രദമായി നടപ്പിലാക്കുന്നത്. അതിനൊന്നും പോംവഴികൾ ഇല്ലാതെ ചുമതലകൾ നിർവഹിക്കാൻ ആഹ്വാനം ചെയ്യുന്ന, എല്ലാം ജനങ്ങളുടെ ചുമലിൽ ആക്കുന്ന ചുമതലാ ബഡ്ജറ്റാണിത്. ■




# ദിവ്യബലിയില്ലാത്ത പ്രാർഥനാലയങ്ങളിൽ സക്രാരി സ്ഥാപിക്കാമോ?

തിരുവനന്തപുരം അതിരൂപതയിലെ ഒരു ഇടവകയിൽ പ്രവർത്തിക്കുന്ന ഒരു കോൺവെന്റിലെ സിസ്റ്ററാണ് ഞാൻ. ഞങ്ങൾ മൂന്നുപേരാണ് ഇവിടെയുള്ളത്. ഞങ്ങളുടെ ചാപ്പലിൽ പ്രാർഥനാമുറിയിൽ വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളുന്ന സക്രാരി സ്ഥാപിച്ചിട്ടുണ്ട്. കഴിഞ്ഞ നാലുമാസത്തിലധികമായി ഞങ്ങളുടെ ചാപ്പലിൽ ദിവ്യബലിയില്ല. ദിവ്യബലിയില്ലാത്ത സാഹചര്യം തുടരുകയാണെങ്കിൽ സക്രാരിയിൽ വിശുദ്ധ കുർബ്ബാന സൂക്ഷിക്കുന്നതിൽ എന്തെങ്കിലും അപാകതയുണ്ടോ?

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 934-944 പരിശുദ്ധ ദിവ്യകാരുണ്യത്തിന്റെ സൂക്ഷിപ്പിനെക്കുറിച്ചും ദിവ്യബലിയെക്കുറിച്ചും വിശദമാക്കുന്നു. പരിശുദ്ധ കുർബ്ബാന സൂക്ഷിക്കുന്നതിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം രോഗികൾക്ക് വിശുദ്ധ കുർബ്ബാന നല്കുകയാണ്. പന്ത്രണ്ടാം പീയൂസ് പാപ്പ 1947 നവംബർ 20-ന് പ്രസിദ്ധീകരിച്ച 'Mediator Dei' എന്ന ചാക്രിക ലേഖനവും ആരാധന ക്രമത്തിനുവേണ്ടിയുള്ള തിരുസംഘം 1967 മെയ് 25-ന് പുറത്തിറക്കിയ "Eucharisticum Mysterium" എന്ന ഇൻസ്ട്രക്ഷനും പരിശുദ്ധ ദിവ്യകാരുണ്യം സൂക്ഷിക്കുന്നതിന്റെ ലക്ഷ്യവും, സൂക്ഷിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡവും വ്യക്തമാക്കുന്നു. അവയനുസരിച്ച് ദിവ്യകാരുണ്യം സൂക്ഷിക്കുന്നതിന്റെ ലക്ഷ്യങ്ങൾ:

1. രോഗികൾക്ക് വിശുദ്ധ കുർബാന നല്കുക.
2. വിശ്വാസികൾക്ക് നിത്യേനയുള്ള ആരാധനയ്ക്കുള്ള വേദിയാവുക.
3. ദിവ്യബലിക്കുപുറമെ ദിവ്യകാരുണ്യം നല്കുക.

പരിശുദ്ധ ദിവ്യകാരുണ്യം (സക്രാരിയിൽ) സ്ഥിരമായി സൂക്ഷിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ:

1. വിശുദ്ധ കുർബാന സൂക്ഷിച്ചിരിക്കുന്ന ചാപ്പലിൽ / പ്രാർഥനാലയത്തിൽ മാസത്തിൽ രണ്ടു തവണയെങ്കിലും ദിവ്യബലി ആഘോഷിക്കുക (അർപ്പിക്കുക) (cfr. CIC 934 §2). കൂദാശ ചെയ്യപ്പെട്ട ഓസ്തി സമയാസമയം പുതുക്കേണ്ടതുമാണ് (cfr. CIC 939).

2. ശുചിത്വം, അലങ്കാരം, ദിവ്യകാരുണ്യ വിളക്ക് എന്നിവയുൾപ്പെടെ ചാപ്പലിന്റെ / പ്രാർഥനാലയത്തിന്റെ മേൽനോട്ടം വഹിക്കാൻ പ്രത്യേകം ആളുണ്ടായിരിക്കണം.
3. പ്രാർഥിക്കേണ്ടതിന് ദിവസവും കുറച്ചു സമയമെങ്കിലും ദിവ്യകാരുണ്യം സൂക്ഷിച്ചിരിക്കുന്ന ദൈവാലയം വിശ്വാസികൾക്കായി തുറന്നു കൊടുക്കണം.
4. സഭ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങളനുസരിച്ചുള്ള സക്രാരിയിലാണ് പരിശുദ്ധ ദിവ്യകാരുണ്യം സൂക്ഷിക്കേണ്ടത്.

CIC 939 പ്രകാരമുള്ള കൂദാശ ചെയ്യപ്പെട്ട ഓസ്തിയുടെ പുതുക്കൽ ഓർമ്മിപ്പിക്കുന്നത് വിശുദ്ധ കുർബാന/കൂദാശ ചെയ്യപ്പെട്ട ഓസ്തി ദീർഘനാൾ സൂക്ഷിച്ചുവയ്ക്കരുതെന്നാണ്. CIC 934 §2 പ്രകാരം, പരിശുദ്ധ ദിവ്യകാരുണ്യം സൂക്ഷിച്ചിരിക്കുന്ന സ്ഥലങ്ങളിൽ മാസത്തിൽ രണ്ടുതവണയെങ്കിലും ദിവ്യബലി ആഘോഷിക്കുക എന്ന നിയമം ഓർമ്മിപ്പിക്കുന്നത് രണ്ടുമൂന്നു ആഴ്ചയിൽ കൂടുതൽ കൂദാശ ചെയ്യപ്പെട്ട ഓസ്തി/വിശുദ്ധ കുർബാന സൂക്ഷിക്കാൻ പാടില്ലെന്നാണ്.

ഇനി താങ്കളുടെ സംശയത്തിലേക്കു വരുന്നു. താങ്കളുടെ കോൺവെന്റ് ചാപ്പലിൽ പരിശുദ്ധ ദിവ്യകാരുണ്യം സ്ഥിരമായി സൂക്ഷിക്കുന്നതിനാൽ നിർബന്ധമായും രണ്ടു മൂന്നു ആഴ്ചയിലൊരിക്കലെങ്കിലും അവിടെ ദിവ്യബലി ആഘോഷിക്കേണ്ടതും സക്രാരിയിൽ സൂക്ഷിച്ചിരിക്കുന്ന വിശുദ്ധ കുർബാന മാറ്റി, പകരം ഓരോ തവണയും ബലിയർപ്പിക്കുമ്പോൾ കൂദാശ ചെയ്യപ്പെടുന്ന ഓസ്തി സൂക്ഷിക്കേണ്ടതുമാണ്. അതിനായി, താങ്കളുടെ ഇടവക വികാരിയെയോ ചാപ്ലിനെയോ സമീപിച്ച് സഹായം തേടേണ്ടതാണ്. ■

● ഫാ. ലെനിൻ ഫെർണാണ്ടസ്

(യോഹ. 8:1–11 'പിടിക്കപ്പെട്ട വ്യഭിചാരിണി' എന്ന സുവിശേഷഭാഗം ആധാരമായ കഥ.)

# ഗുരു



സത്യത്തിൽ പൂർണ നഗ്നയായിരുന്നു അവൾ. ഏതോ ഒരമ്മ വലിച്ചെറിഞ്ഞുകൊടുത്ത ഒരു അന്തിപ്പുതപ്പിന്റെ അടിയിൽ രാക്ഷസന്മാരുടെ കാമക്കണ്ണുകളുടെ മദ്ധ്യേ വധിക്കാൻ ഒരുക്കി നിർത്തിയിരിക്കുന്ന ഒരു കുഞ്ഞാടിനെപ്പോലെ അവൾ അന്ത്യശബ്ദങ്ങൾ പുറപ്പെടുവിച്ചു. പ്രാവിന്റെ കുറുകൽപോലെ, കാറ്റത്താടുന്ന കാട്ടുപൂക്കൾപോലെ അതാരും ശ്രദ്ധിച്ചില്ല. അവൾ അപമാനിതയായിരുന്നു. അവളുടെ പക്ഷം ചേരാൻ ഒരു നീതിമാനെങ്കിലും വന്നെങ്കിലെന്ന് അവൾ അറിയാതെ ആശിച്ചുപോയി. പൂഴിയിലമർന്നിരിക്കുന്ന വിറയ്ക്കുന്ന കൈകൾ അമർത്തി അവളൊന്നു കണ്ണോടിച്ചപ്പോൾ പല പുരുഷന്മാരെയും അവൾ തിരിച്ചറിഞ്ഞു. ഒരു പെണ്ണായതുകൊണ്ടാണോ നീതി എനിക്കുമാത്രം അന്യംനിൽക്കുന്നത്? ഇവരെല്ലാം എന്നോടൊപ്പം ശയിച്ചവരല്ലേ? ഈ കാട്ടുനീതിക്ക് വിരാമം കുറിയ്ക്കാൻ മിശിഹാ എന്നാണവതരിക്കുക? എനിക്കറിയില്ല, എനിക്കൊന്നുമറിയില്ല. അല്ലെങ്കിൽ തന്നെ എന്തിനറിയണം? കുറുനരികൾ നക്കിക്കുടിക്കാൻ പോകുന്ന എന്റെ രക്തത്തിന് ഇനി തിളയ്ക്കാനാവില്ലല്ലോ. കഴുകന്മാർ കൊത്തിവലിക്കാൻ പോകുന്ന എന്റെ മസ്തിഷ്കങ്ങൾക്കിനി ചിന്തിക്കാനേ ആവതില്ലല്ലോ. ഒന്നുമാത്രം, മനസ്സിൽ ആഞ്ഞൊന്നു ശപിക്കണം ഈ പരിശകളെ.

പെട്ടെന്നാണ് അവൾ ആ വാക്കുകൾ കേട്ടത് "ഗുരോ... ഇവൾ വ്യഭിചാരിണി, മോശയുടെ നിയമപ്രകാരം ഇവൾ കല്ലെറിഞ്ഞു കൊല്ലപ്പെടേണ്ടവൾ നീ എന്തു പറയുന്നു."? ആരാണീ ഗുരു, പുച്ഛഭാവത്തോടെ അവൾ ഉള്ളിൽ ചിരിച്ചു. നോക്കട്ടെ അവനെ, ഒരുപക്ഷേ അവനും എന്റെ വരവുകാരൻ തന്നെ ആയിരിക്കും. ഇന്നോളം എന്റെ കിടപ്പറയിൽ വന്നവരെല്ലാം അധമ ജന്തുക്കൾ തന്നെ. ഗുരുപോലും ഗുരു; എന്തു യോഗ്യതയുണ്ട് ഇവനൊക്കെ ആ മഹത് വചനത്താൽ സംബോധന ചെയ്യപ്പെടാൻ. കൂരിരുട്ടിൽ കാമവെറിയന്മാരും പകൽ നേരത്ത് വിശുദ്ധകോലങ്ങളുമായി അഭിനയിക്കുന്നവൻ ആരായാലും മരിക്കും മുൻപ് അവന്റെ മുൻപിൽ വച്ച് ഇവരുടെ പൊയ്മുഖങ്ങൾ വലിച്ചുകീറണം. അവളുടെ കുറുകൽ ഒരു ആക്രോശമാകാനായി ഇരമ്പിതുടങ്ങി. തണുത്തുറഞ്ഞ അവളുടെ സിരകൾ ചലിച്ചുതുടങ്ങി.

അപ്പോഴാണ് ഘനഗംഭീരമായ ആ സ്വരം അവൾ കേട്ടത്. അന്നുവരെ അവളറിയാത്ത ആർദ്രത ഒരു കാറ്റായി തഴുകിയെത്തിയ ആ സ്വരം. "നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം ഇവളെ കല്ലെറിയട്ടെ." അവിടെ ഒരു നിശബ്ദത പതുക്കെ വ്യാപിച്ചു തുടങ്ങി, പിറുപിറുക്കലുകൾ അവസാനിക്കുന്നു, ചിരികൾ നേർത്തു നേർത്തില്ലാണ്ടായി, കല്ലുകൾ ഓരോന്നായി താഴെ വീണു, അവരുടെ പാദങ്ങൾ എതിർ ദിക്കിലേക്ക് ചലിച്ചു. എന്താണിവിടെ സംഭവിക്കുന്നത്! ഒന്നും മനസ്സിലാകുന്നില്ല. കാരിരുമ്പിന്റെ ഹൃദയകാഠിന്യം അലിയിച്ചുകളഞ്ഞ ഈ മാസ്മരികത ഏത് ഗുരുവിൽ നിന്നാണ് നിർഗമിച്ചത്. അവൾ കണ്ണുയർത്തി നോക്കിയപ്പോഴേക്കും ആളൊഴിഞ്ഞ അരങ്ങുപോലെ ചുറ്റും ആരുമില്ല അവനും അവളും മാത്രം. അവളുടെ കരങ്ങളിൽ പിടിച്ചവളെ എഴുന്നേൽപ്പിച്ചിട്ട് ആ മിഴികളിൽ നോക്കി ഇത്ര

പെട്ടെന്ന് ഒരാൾ അവളെ തടഞ്ഞുനിർത്തി. ആ മിഴികളിലേക്ക് നോക്കിയ അവൾ തിരിച്ചറിഞ്ഞു, തന്നെ രക്ഷിച്ചവന്റെ ആ മിഴികൾ പോലെ തന്നെയാണ് ഈ അമ്മയുടേതും. പൂർണ നഗ്നയായി പിടിക്കപ്പെട്ട് ഭീതിയോടെ, അപമാന ഭാരത്തോടെ ഓടുമ്പോൾ ശരീരം മറയ്ക്കാൻ എനിക്ക് പുതപ്പെടുത്തെറിഞ്ഞുതന്നവൾ ഈ അമ്മ തന്നെയായിരുന്നു. അവർ പരസ്പരം ആലിംഗനം ചെയ്തു. ആ അമ്മ അവളോട് പറഞ്ഞു "നീ കണ്ടത് എന്റെ പുത്രനെ തന്നെയാണ്. എന്റെ ശരീരമാകുന്ന പുതപ്പുകൊണ്ട് പത്തുമാസം ഞാൻ പുതച്ചുപോറ്റിയവൻ. എന്നാൽ ഈ ലോകത്തെ മുഴുവൻ ആവരണം ചെയ്യുന്ന പുതപ്പുമായിട്ടാണ് അവൻ പിറന്നുവീണത്". വീണ്ടും എന്തൊക്കെയോ വാതോരാതെ ആ അമ്മ മകനെ കുറിച്ച് പറഞ്ഞു. അവൾ എല്ലാം കേട്ടു. അവൾ കേട്ടതിൽ ചിലതൊക്കെ അവൾ അയവിറുത്തു, അതിപ്രകാരമായിരുന്നു.

അവൻ നല്ലൊരു മരപ്പണിക്കാരനാണ്, ഒരു തസ്കരനും തുറക്കാൻ പറ്റാത്ത നല്ല വാതിലുകൾ അവൻ ഉണ്ടാക്കും.

അവൻ നല്ലൊരു കാഥികനാണ്, ലോകം ദർശിക്കുന്ന സുന്ദരമായ കഥകൾ അവന്റെ വദനങ്ങളാൽ മൊഴിയപ്പെടും.

അവൻ നല്ലൊരു സുഹൃത്താണ്, കുട്ടികൾ മുതൽ മുത്തശ്ശന്മാർ വരെ അവന്റെ ചങ്ങാതികളായിരിക്കും.

അവൻ നല്ലൊരു പുത്രനാണ്, മരണത്തോളം അനുസരണയുള്ള അപ്പന്റെ സ്വന്തം പുത്രൻ.

ഇറുക്കിപ്പിടിച്ച പുതപ്പുമായി തന്നെ അവൾ നടന്നുനീങ്ങി. ആനന്ദത്തിന്റെ നീണ്ട മണിനാദം അവളുടെ ഹൃദയത്തിൽ മുഴങ്ങിനിന്നു. യഥാർത്ഥത്തിൽ അവളുടെ ജീവിതത്തിന്റെ ആരംഭമായിരുന്നു അത്. ■



മാത്രം അവൻ പറഞ്ഞു, "ഞാനും നിന്നെ വിധിക്കുന്നില്ല പൊയ്ക്കൊള്ളുക ഇനിമേൽ ദൈവത്തെ നിന്റെ കൂടെ കൂട്ടുക". ചെറുപുഞ്ചിരിയുമായി അവൻ നടന്നുനീങ്ങി.

അവൾക്കെല്ലാം ഒരു സ്വപ്നം പോലെ തോന്നി. മരണത്തെ മുഖാമുഖം കണ്ടവൾ ജീവന്റെ വിഹായസ്സിലേക്ക് ചിറകടിച്ചുയരുന്നു. ഒരുവന്റെ ചില വാക്കുകൾ കൊണ്ടുമാത്രം അവളുടെ ജീവിതം വിജയ സോപാനത്തിലേക്ക് പിടിച്ചുയർത്തപ്പെട്ടിരിക്കുന്നു. ഇന്നോളം കണ്ടവരിൽ വച്ച് വിശ്വസിക്കാൻ കൊള്ളാവുന്നത് ഈ മനുഷ്യനെ മാത്രം തന്നെ. സ്ത്രീയുടെ ദൗർബല്യങ്ങളെയും ശക്തിയേയും ഒരുപോലെ ചൂഷണം ചെയ്യാൻ ഇവന് മാത്രമേ സാധിക്കൂ. അവന്റെ പദചലനങ്ങൾ വീഞ്ഞുപോലെ ഉന്മത്തതയേകും. അവളും പിൻതിരിഞ്ഞുനടന്നു. അനേകം മിഴികൾ അവളെ ചൂഴ്ന്നു തന്നെ നിൽക്കുന്നു. ഭീതിയില്ലാത്തൊരു പെൺപുലി പോലെ അവൾ ശാന്തയായിരുന്നു. ആരുടെയും കുത്തുവാക്കുകളോ വിചിത്രങ്ങളായ ശരീര ഭാഷകളോ അവളെ ഒട്ടും വേദനിപ്പിച്ചില്ല. ആരെയും നോക്കാതെ ഇരു കരങ്ങളാലും ആ പുതപ്പിനെ മുറുകെ പിടിച്ചുകൊണ്ട് അവൾ നടന്നുനീങ്ങി.



**തിരുവനന്തപുരം ലത്തീൻ അതിരൂപതാ ബി.സി.സി. കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന ഹോം മിഷനിൽ പങ്കാളികളാകുന്നവർ തങ്ങളുടെ അനുഭവം വായനക്കാർക്കായി പങ്കുവയ്ക്കുന്നു**

# ഹോം മിഷൻ എന്റെ ജീവിതത്തിൽ



**സി. ബാലിനി ഡിഎസ്എസ്**

2016, ജൂൺ മാസത്തിൽ കാര്യവട്ടം ഇടവകയിലാണ് ആദ്യമായ് തിരുവനന്തപുരം അതിരൂപത നടത്തുന്ന ഹോം മിഷന്റെ ഭാഗമായി പ്രവർത്തിക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചത്. പിന്നീട് 2017 ൽ ഹോം മിഷൻ പ്രവർത്തനങ്ങൾക്കായി വീണ്ടും എന്നെ തെരഞ്ഞെടുത്തു. മനസ്സുകൊണ്ട് ഈ മിഷൻ ഞാൻ ആഗ്രഹിച്ചിരുന്നു എന്ന സത്യം തുറന്നുപറയട്ടെ. ജൂൺ 14 ന് വീണ്ടും ട്രെയിനിംഗോടുകൂടി ഹോംമിഷൻ ആരംഭിച്ചു.

എന്റെ സന്യാസ ജീവിതത്തിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളാണ് ചെറുപ്പം മുതൽ എന്റെ മനസ്സിൽ തളംകെട്ടി നിന്നിരുന്നത്. ആ ആഗ്രഹങ്ങൾ പൂവണിഞ്ഞ നിമിഷങ്ങളും സന്ദർഭങ്ങളുമായിരുന്നു എനിക്ക് ലഭിച്ച ഹോം മിഷൻ പ്രവർത്തനങ്ങൾ. ദീനസേവന സഭയുടെ വലിയൊരു ലക്ഷ്യവും കുടുംബങ്ങളിലേക്കിറങ്ങിച്ചെന്ന് അവരോടൊപ്പമായി, അവരിലൊരാളായി തീരുക എന്നതും ദരിദ്രരോടും ദീനരോടും സുവിശേഷം പ്രസംഗിക്കുക, പാവപ്പെട്ടവരിൽ യേശുവിന്റെ മുഖം ദർശിക്കുക, ഈ പാവപ്പെട്ടവരിൽ ഒരാൾക്ക് നീ ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത് എന്ന തിരുവചനം ഉദ്ഘോഷിക്കുക എന്ന മഹത്‌വാക്യം അനുവർത്തിക്കാൻ കഴിയുന്ന വേദിയാണ് ഈ ഹോം മിഷൻ എന്ന് ഞാൻ മനസ്സിലാക്കി.

അതിനായി രൂപതയിൽ നടത്തുന്ന പരിശീലനം ഏറെ പ്രയോജനമുള്ളതാണ്. ഇടവക സമൂഹത്തെ എങ്ങനെ നോക്കിക്കാണണം, എപ്രകാരം സമീപിക്കണം, കുടുംബാംഗങ്ങളുമായി എപ്രകാരം ബന്ധം സ്ഥാപിക്കണം എന്നതെല്ലാം ബോധ്യപ്പെടുത്തുന്നതും രൂപതാ സമിതികളെ പരിചയപ്പെടുത്തുന്നതുമായിരുന്നു. ഒപ്പം ആയിരിക്കുന്ന വിവിധ സന്യാസ സമൂഹ സഹോദരികളുമായി കൂടുതൽ ഇഴുകി ചേരാനും സുഹൃദ്ബന്ധം പുലർത്താനും ആത്മീയ നിലവാരം ഉയർത്താൻ ഉതകുന്ന ദിവ്യബലി, ധ്യാനം, ആരാധന എന്നിവയിലൂടെ ശക്തി പ്രാപിക്കാനുമുള്ള ഉചിതമായ പരിശീലനമാണ് ഞങ്ങൾക്ക് കിട്ടുന്നത്.

രണ്ടു പിതാക്കന്മാരുടെ നിർദേശങ്ങളും സ്നേഹവും കരുതലും പരിഗണനയും ഞങ്ങളെ ഓരോരുത്തരെയും വലിയ അഭിമാനത്തോടെ യേശു ശിഷ്യരായി കാണുകയും പരിഗണിക്കുകയും ഓരോ ഭവനത്തിലും കയറിചെല്ലുന്ന യേശുവാണ് സമർപ്പിതർ എന്ന് ഞങ്ങളെ ബോധവൽക്കരിക്കുകയും ആവശ്യാനുസരണം ഞങ്ങളുടെ കൂടെയായിരുന്ന് നിർദ്ദേശങ്ങളും തിരുത്തലുകളും നൽകുകയും ചെയ്യുന്ന ഫാ.മൈക്കിൾ തോമസിന്റെ ശ്രദ്ധയും ഞങ്ങളെ ശക്തരാക്കുന്നു.

ഓരോ പ്രഭാതത്തിലും കുർബാനയും സമൂഹ പ്രാർത്ഥനയും കഴിഞ്ഞ് ക്രിസ്തു ഞങ്ങളുടെ കൂടെ എന്ന അവബോധത്തോടെയാണ് ഭവനങ്ങളിലേക്ക് ഞങ്ങൾ നീങ്ങുന്നത്.

കുടുംബങ്ങളിൽ ചിലർ വളരെ തുറന്ന മനസ്സോടെ ഏറെ ആർത്തിയോടെ, ചിലർ നെടുവീർപ്പോടെയും കണ്ണുനീരോടും ചുരുക്കം ചിലർ സന്തോഷത്തോടെയും അവരുടെ ജീവിത മാറാപ്പുകൾ ഞങ്ങളുടെ മുന്നിൽ തുറന്നുവയ്ക്കാറുണ്ട്.

അവരുടെ ജീവിതത്തിന്റെ വ്യക്തിപരമായ, ആഴമായ മുറിവുകൾ ചെറുപ്പകാലങ്ങളിൽ അനുഭവിച്ച നൊമ്പരങ്ങൾ, വളർച്ചയിൽ വന്ന വിഘ്നങ്ങൾ മാതാപിതാക്കളിൽ നിന്ന് ലഭിക്കാതെ പോയ സ്നേഹത്തിന്റെ പോരായ്മകൾ അനുഭവിക്കേണ്ടിവരുന്ന പ്രതിസന്ധിഘട്ടങ്ങൾ, പ്രശ്നങ്ങളെ നേരിടാൻ കഴിയാത്ത കഴിവുകേടുകൾ, ജീവിതം വഴിമുട്ടി നിൽക്കുന്ന അവസ്ഥ, സാമ്പത്തിക പരാധീനത, ദാമ്പത്യ ജീവിതത്തിന്റെ തകർച്ച, ശരിയായ മാർഗം കാണാതെ തപ്പിതടയുന്നവർ, ദൈവം നൽകിയ ജീവിതത്തെ ക്ഷണനേരം കൊണ്ടവസാനിപ്പിക്കാൻ കാത്തുനിൽക്കുന്നവർ, വിശ്വാസത്തെയും വിശ്വാസ ജീവിതത്തെയും ചോദ്യം ചെയ്യുന്നവർ, സഭയോടു ചേർന്ന് പ്രവർത്തിച്ചാൽ എന്തു നേട്ടം എന്ന പ്രത്യാശ നഷ്ടപ്പെട്ടവർ, അങ്ങനെ സഭയെ ഉപേക്ഷിച്ചവർ, പക്വമല്ലാത്ത പ്രേമബന്ധത്തിൽ അകപ്പെട്ട് നട്ടം തിരിയുന്നവർ ഇവരെയെല്ലാം സ്വന്തമെന്ന ബന്ധത്തിൽ ഉൾക്കൊള്ളാൻ ഞങ്ങൾക്ക് കുറെ



*കൊച്ചുവേളി സെന്റ് ജോസഫ്സ് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം, ഇടവക വികാരി എന്നിവരോടൊപ്പം.*

യൊക്കെ സാധിച്ചു എന്നത് ഹോം മിഷനിൽ കൂടി എനിക്ക് ലഭിച്ച അറിവും അനുഭവവുമാണ്.

ദൈവവചനം പഠിക്കാനും വായിക്കാനും കൂടുതൽ ഉണർവ് എനിക്ക് ലഭിച്ചത് ഈ മേഖലയിൽ കൂടിയാണ്. ലഭിച്ച വചനങ്ങൾ, അനുയോജ്യമായ സന്ദർഭങ്ങളിൽ നൽകാൻ പരിശുദ്ധാത്മാവ് എനിക്ക് ധൈര്യവും ശക്തിയും ഓർമ്മയും നൽകിക്കൊണ്ടിരിക്കുന്നു. എന്റെ വ്യക്തിജീവിതത്തിൽ ചില മാറ്റങ്ങൾ വരുത്താൻ ഇത് എന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാനും കൗൺസിലിംഗിലൂടെയും തെറാപ്പിയിലൂടെയും ഒത്തിരി സഹോദരങ്ങളുടെ ജീവിത നവീകരണത്തിനും വീണ്ടെടുപ്പിനും രോഗസൗഖ്യത്തിനും ഇട നൽകിക്കൊണ്ട് ദൈവം ഹോം മിഷൻ ചെയ്യാൻ എന്നെ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ■

# ജീവിത യാഥാർത്ഥ്യങ്ങളെ നേരിൽകണ്ട നിമിഷങ്ങൾ



**സി. നിജി ക്ലീറ്റസ്**
പ്രത്യാശയുടെ ദാസിമാർ

ഏറെ വ്യത്യസ്തവും അനുഭവിച്ചറിഞ്ഞിട്ടില്ലാത്തതുമായ ജീവിതയാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാനും, ദൈവത്തിന്റെ മുൻപിൽ കരങ്ങൾ കൂപ്പേണ്ടതും മുട്ടുകൾ മടക്കേണ്ടതും ഇനി എനിക്കുവേണ്ടിയല്ല, ഈ ജനത്തിനുവേണ്ടിയാണ് എന്ന സത്യം തിരിച്ചറിയാനും കാരുണ്യവാനായ ദൈവം അനുവദിച്ച ദിവസങ്ങളായിരുന്നു ഈ ഒരു മാസക്കാലം.

ലോകത്തിന്റെ പ്രകാശമായ ക്രിസ്തുനാഥൻ നൽകുന്ന പ്രകാശനാളവുമായി കുടുംബങ്ങളിലേക്കിറങ്ങിച്ചെന്ന് അവരെ ഒന്ന് ശ്രവിക്കാൻ, ആരാരുമറിയാതെ ഉള്ളിലൊതുങ്ങിയ അവരുടെ ദുഃഖങ്ങളിൽ ആശ്വാസം പകരാൻ, സന്തോഷിക്കുന്നവരോടൊപ്പം സന്തോഷിക്കാൻ, കുടുംബങ്ങളിൽ ക്രിസ്തുവാകുന്ന പ്രകാശത്തെ ആളിക്കത്തിക്കാൻ ദൈവം തന്റെ കരങ്ങളിലെ ഉപകരണമാക്കി മാറ്റുന്നത് അനുഭവിച്ചറിയാൻ ഹോം മിഷനിലൂടെ എനിക്ക് സാധിച്ചു. യേശു വചനം ജീവിച്ചറിയാൻ ഹോം മിഷനിലൂടെ എനിക്കു സാധിച്ചു. യേശു വചനത്തിൽ ജീവിക്കുന്നു എന്ന് പലപ്പോഴും ശ്രവിച്ചിട്ടുണ്ടെങ്കിലും അത് എന്റെ ബുദ്ധിക്കഗ്രാഹ്യമായിരുന്നു. എന്നാൽ കുടുംബങ്ങളിൽ വചനത്തിലൂടെ അവിടുന്ന് സംസാരിച്ചപ്പോൾ വചനം സ്പർശിച്ചത് എന്നെയായിരുന്നു, നിറഞ്ഞത് എന്റെ കണ്ണുകളായിരുന്നു.

വ്യക്തികളിലേക്കിറങ്ങി ചെന്നപ്പോൾ, അവരുടെ വേദനകളറിഞ്ഞപ്പോൾ ഞാൻ ഇത്രയും നാളും താലോലിച്ച സ്വദുഃഖങ്ങളെ നോക്കി പുഞ്ചിരിക്കാനും അപരന്റെ ദുഃഖങ്ങളെ നോക്കി പ്രാർത്ഥിക്കാനും ദൈവം എന്നെ അനുവദിച്ചു.

കാത്തിരിക്കാൻ ആരുമില്ലാത്തവന് എല്ലാ യാതനകൾക്കും ശേഷം കാത്തുനിൽക്കാൻ, അവഗണനയിലും പരിഹാസത്തിലും അപമാനത്തിലും ഒറ്റപ്പെടലിലും കടക്കെണിയിലും എല്ലാ വാതിലുകളും അടയുമ്പോൾ തുറന്നുതരാൻ ഉത്ഥിതനായ ക്രിസ്തുവിന്റെ വാതിലുണ്ട് എന്ന പ്രത്യാശ കണ്ടുമുട്ടുന്നവർക്ക് പകർന്നു നൽകാൻ, അങ്ങനെ 'പ്രത്യാശയുടെ ദാസിമാർ' എന്ന ഞങ്ങളുടെ സന്യസ്ത സമൂഹത്തിന്റെ സഭാസിദ്ധി പ്രാവർത്തികമാക്കാൻ ഹോംമിഷനിലൂടെ കഴിഞ്ഞു.



*ഇടകവയിൽ നടന്ന ഹോം മിഷനിൽ പങ്കെടുത്തവർ ബിസിസി ഡയറക്ടർ ഫാ. മൈക്കിൾ തോമസ്,*

സന്ന്യസ്ത സമൂഹത്തിന്റെ സംരക്ഷണ വലയത്തിൽ നിന്നും പുറത്തിറങ്ങിയപ്പോൾ ആശങ്കകളേറെയായിരുന്നു. എന്നാൽ ഇന്ന് എനിക്ക് ആത്മസംതൃപ്തിയോടെ പറയാനാകും ക്രിസ്തു ചെയ്ത അതേ ശുശ്രൂഷ ചെയ്യാൻ, ക്രിസ്തുവിന്റെ കണ്ണുകളിലൂടെ കുടുംബങ്ങളെ കാണാൻ, അവന്റെ ശ്രദ്ധയോടെ എല്ലാവരെയും ശ്രവിക്കാൻ അവന്റെ ഉദാരതയോടെ കുടുംബങ്ങളെ സ്വീകരിക്കാൻ, അവന്റെ ഹൃദയത്തിലൂടെ എല്ലാവരെയും സ്നേഹിക്കാൻ ക്രിസ്തു എന്നെ ഹോംമിഷനിലൂടെ പഠിപ്പിക്കുകയായിരുന്നു. എന്റെ നാമത്തെ പ്രതി ഭവനത്തെയോ സഹോദരന്മാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും (മത്താ. 19:29) എന്ന വചനത്തിന്റെ പൂർത്തീകരണമെന്നോണം ഈ ഒരു മാസക്കാലം ഒത്തിരിയേറെ മാതാപിതാക്കളെയും സഹോദരങ്ങളെയും പരിചയപ്പെടാനും അവരുടെ സ്നേഹം അനുഭവിക്കുവാനും ഹോം മിഷനിലൂടെ ദൈവം എന്നെ അനുഗ്രഹിച്ചു.

ഹോം മിഷൻ ടീമിലെ മുതിർന്ന സന്യസ്തരുടെ സാന്നിധ്യവും പ്രവർത്തനവും പ്രോത്സാഹനവും പ്രാർത്ഥനയും എല്ലാം, പ്രായത്തിലും അനുഭവത്തിലും ചെറുപ്പമായതിനാൽ എന്നെ വളരെയധികം വളർത്തുകയും സ്വാധീനിക്കുകയും ചെയ്തു. ഒപ്പം ഹോം മിഷനിലൂടെ വ്യത്യസ്ത സന്ന്യാസ സമൂഹാംഗങ്ങളോടൊപ്പം ഒരു കുടുംബമെന്നോണം ആയിരിക്കാനും പരസ്പരം സ്നേഹത്തിലും ഐക്യത്തിലും നില നിൽക്കാനും കഴിഞ്ഞു. റീജൻസി കാലഘട്ടം മുതൽ മനസ്സിൽ താലോലിച്ച ഒരു സ്വകാര്യസ്വപ്നം തന്നെയായിരുന്നു ഹോം മിഷനിൽ പങ്കുചേരുക. കാരുണ്യവാനായ ദൈവം ഈ സ്വപ്നം സഫലമാക്കാൻ നൽകിയ കൃപയ്ക്ക് എത്ര നന്ദി പറഞ്ഞാലും മതിയാവുകയില്ല. ■




## ഏലിശ്വ ധ്യാനം ഗർഭഛിദ്രം ഒഴിവാക്കി

**തിരുവനന്തപുരം:** ദൈവമേ! ഒരു മനുഷ്യജീവന്റെ വിലയറിയാതെ ആ ജീവന്റെ തുടിപ്പിനെ ഗർഭപാത്രത്തിൽ വച്ച് നശിപ്പിക്കാൻ തീരുമാനിച്ച ഒരു മഹാപാപിയാണ് ഞാൻ. എന്റെ അവിവേകം പൊറുക്കണമേ. ഒരമ്മ ഉള്ളുരുകി പ്രാർഥിക്കുകയാണ്. സാമ്പത്തിക പരാധീനതകളും കുടുംബ പ്രശ്നങ്ങളും മൂലം മൂന്നാമതൊരു കുഞ്ഞിനെ ക്കൂടി വളർത്താൻ കഴിയില്ലെന്ന തീരുമാനത്തിൽ ഗർഭഛിദ്രത്തിന് തുനിഞ്ഞ ഒരമ്മയാണ് ദൈവ ഇടപെടലിലൂടെ ഇന്ന് മാനസാന്തരത്തിന്റെ സുഖം അനുഭവിക്കുന്നത്.

പൂന്തുറ ഇടവകയിൽ പ്രോ-ലൈഫിന്റെ നേതൃത്വത്തിൽ ഗർഭിണികൾക്കും അവരോടൊപ്പമുള്ള കുടുംബാംഗങ്ങൾക്കുമായി സംഘടിപ്പിച്ച ഏലീശ്വധ്യാനമാണ് ഗർഭിണിയായ ഒരമ്മയുടെ മനപരിവർത്തനത്തിന് ഇടയാക്കിയത്.

തന്റെ ഛായയിലും സാദൃശ്യത്തിലും ദൈവം നൽകിയ കുഞ്ഞുജീവനെ ഇനി എന്തു പ്രതിസന്ധിയുണ്ടായാലും നശിപ്പിക്കില്ലെന്ന് ആ അമ്മ തന്റെ നിറവയറിൽ തൊട്ട് സത്യം ചെയ്യുന്നു. ഏലിശ്വ ധ്യാനത്തിൽ പങ്കെടുത്തതിലൂടെ തനിക്കു ലഭിച്ച മാനസീക-ആത്മീയ-സാമ്പത്തിക ഉണർവാണ് ഇത്തരം ഒരു തീരുമാനത്തിന് അവരെ പ്രേരിപ്പിച്ചത്.

അതിരൂപത കുടുംബ പ്രേഷിത ശുശ്രൂഷയും പൂന്തുറ ഇടവകയും നേതൃത്വം നൽകിയ ഏലിശ്വ ധ്യാനം അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. ഉദ്ഘാടനം ചെയ്തു. ഡോ. റീന, ഡോ. എ.ആർ.ജോൺ, ഡോ. അജോയ് എന്നിവർ ക്ലാസുകൾ നയിച്ചു.

## ബധിര-മൂക കുടുംബ സംഗമം ശ്രദ്ധേയമായി

തിരുവനന്തപുരം: തിരുവനന്തപുരം ലത്തീൻ അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽബധിര മൂകർക്കായി സംഘടിപ്പിച്ച ആംഗ്യഭാഷ ദിവ്യബലിയും ബധിര-മൂക കുടുംബ കൂട്ടായ്മയും പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെയും സമീപപ്രദേശങ്ങളിലെയും ബധിര-മൂകരും അവരുടെ കുടുംബാംഗങ്ങളും പങ്കെടുത്ത ബധിര-മൂക കുടുംബ സംഗമം വെട്ടുകാട് മാദ്രെ ദേ ദേവൂസ് പാരീഷ് ഹാളിൽ സംസ്ഥാന സഹകരണവകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉത്ഘാടനം ചെയ്തു. അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം അധ്യക്ഷനായിരുന്നു.

ബധിര-മൂകരുടെ ആത്മീയവും ഭൗതീകവുമായ വളർച്ച ലക്ഷ്യമാക്കി കേരളത്തിൽ രൂപപ്പെട്ടുവരുന്ന ബധിര-മൂക കൂട്ടായ്മയുടെ ഈ തുടക്കം നാടിനാകെ അഭിമാനവും സന്തോഷവും നൽകുന്നുവെന്നും വിദ്യാഭ്യാസ-സാമൂഹ്യ-ആരോഗ്യ-കുടുംബരംഗത്ത് സഭയും-സർക്കാരും കൂട്ടായി പ്രവർത്തിക്കാൻ തയ്യാറായാൽ ഇപ്പോൾ അവഗണന അനുഭവിക്കുന്ന ബധിര-മൂക വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ നമുക്കു കഴിയുമെന്നും ആർച്ച് ബിഷപ്പ് സൂസപാക്യം പറഞ്ഞു.

ബധിരരും മൂകരും ഉൾപ്പടെയുള്ള ഭിന്നശേഷിക്കാർക്ക് സഭ ചെയ്യുന്ന സേവനം മഹത്തരവും, മാതൃകാപരവുമാണെന്നും ഈ ജന വിഭാഗത്തിനുവേണ്ടി സഭയും സന്നദ്ധ സംഘടനയും ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് സർക്കാർ പിന്തുണ എന്നും ഉണ്ടാകുമെന്നും മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉത്ഘാടനപ്രസംഗത്തിൽ പറഞ്ഞു.

ചടങ്ങിൽ കുടുംബപ്രേഷിത ശുശ്രൂഷ ഡയറക്ടർ ഡോ. എ ആർ ജോൺ, വെട്ടുകാട് ഇടവക വികാരി ഫാ. ജോസഫ് ബാസ്റ്റിൻ നവധ്വനി ഡയറക്ടർ ബിജു ലോറൻസ്, പ്രോലൈഫ് തിരുവനന്തപുരം മേഖല പ്രസിഡന്റ് ആന്റണി പത്രോസ്, എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ വച്ച് ബധിര-മൂകരിൽ വിവിധ രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചവരെ മന്ത്രി പൊന്നാട അണിയിച്ച് ആദരിച്ചു.

രാവിലെ വെട്ടുകാട്, മാദ്രെ ദേ ദേവൂസ് ദൈവാലയത്തിൽ ബധിര-മൂകർക്കു വേണ്ടി അർപ്പിച്ച ദിവ്യബലിക്ക് അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ മുഖ്യ കാർമ്മികത്വം വഹിച്ചു. ഫാ. ബിജു ലോറൻസ് ദിവ്യബലി ആംഗ്യ ഭാഷയിൽ തത്സമയം പരിഭാഷപ്പെടുത്തി. ഡോ. എ ആർ ജോൺ, ഫാ. ജോസഫ് ബാസ്റ്റിൻ, ഫാ. ജോസ് ദിലീപ് എന്നിവർ സഹകാർമ്മികരായിരുന്നു.



*അതിരൂപതാ കുടുംബപ്രേഷിതശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ മാദ്രെ ദെ ദേവൂസ് പാരീഷ് ഹാളിൽ നടന്ന ബധിര-മൂക കൂട്ടായ്മയും കുടുംബ സംഗമവും സഹകരണ വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉത്ഘാടനം ചെയ്തു. ആർച്ച്ബിഷപ്പ് സൂസപാക്യം, ഡോ. എ ആർ ജോൺ, ഫാ. ബിജു ലോറൻസ്, ഫാ. ജോസഫ് ബാസ്റ്റിൻ എന്നിവർ സമീപം.*




*കൊല്ലം കൊട്ടിയം ക്രിസ്തുജ്യോതിസ് ആനിമേഷൻ സെന്ററിൽ നടന്ന കെആർഎൽസിസി 34–ാമത് ജനറൽ അസംബ്ലി ജലവിഭവമന്ത്രി കെ.കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു*

# രാഷ്ട്രീയ നീതിയും അധികാര പങ്കാളിത്തവും ഉറപ്പാക്കണം: ലത്തീൻ സമുദായം

കൊല്ലം: രാഷ്ട്രീയ നീതിയും അതികാര പങ്കാളിത്തവും ഉറപ്പാക്കാൻ ലത്തീൻ സമുദായം കർമരംഗത്തേക്ക്. കൊല്ലത്തുനടന്ന കേരള റീജ്യൺ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ 34–ാമത് ജനറൽ അസംബ്ലിയാണ് സമുദായത്തിന്റെ രാഷ്ട്രീയ ശാക്തീകരണത്തിനും അധികാരപങ്കാളിത്തത്തിനുമായി രംഗത്തിറങ്ങാൻ സമുദായാംഗങ്ങളെ ആഹ്വാനം ചെയ്തത്. അസംബ്ലിയുടെ ഭാഗമായി സംഘടിപ്പിച്ച ജനപ്രതിനിധികളുടെ സംഗമത്തിൽ രാഷ്ട്രീയഭേദമന്യേ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 300 ഓളം ജനപ്രതിനിധികൾ പങ്കെടുത്ത ഈ സമ്മേളനം സമുദായത്തിന്റെ ചരിത്രത്തിൽ ഇതാദ്യമാണ്.

കൊട്ടിയം ക്രിസ്തുജ്യോതി ആനിമേഷൻ സെന്ററിൽ നടന്ന 34–ാമത് ജനറൽ അസംബ്ലി ജലവിഭവമന്ത്രി കെ.കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. കേരളത്തിലെ 12 ലത്തീൻ രൂപതകളിലെ ബിഷപ്പുമാരും വികാരി ജനറൽമാരും വിവിധ സന്യാസ സമൂഹങ്ങളുടെ സുപ്പീരിയർമാരും അൽമായ സംഘടനാ നേതാക്കളും രൂപതാ പ്രതിനിധികളും പങ്കെടുത്ത സമ്മേളനത്തിൽ കെആർഎൽസിസി അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം അധ്യക്ഷനായിരുന്നു. സമുദായത്തിന്റെ നിലവിലുള്ള അവസ്ഥയ്ക്ക് മാറ്റം വരണമെങ്കിൽ സമുദായാംഗങ്ങൾ രാഷ്ട്രീയമായി ഒരു കുതിച്ചുചാട്ടത്തിന് തയ്യാറാകണമെന്നും സമുദായത്തിന്റെ സമുദ്ധാരണത്തിനായി അൽമായർ മുന്നോട്ടുവരണമെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു. അധികാരത്തിൽ പങ്കാളിത്തം ഉണ്ടെങ്കിൽ മാത്രമേ പിന്നാക്കക്കാർക്ക് രക്ഷയുള്ളൂവെന്ന് മന്ത്രി കെ.കൃഷ്ണൻകുട്ടിയും, പൊതുരാഷ്ട്രീയത്തിൽ ലത്തീൻ സമുദായത്തിന്റെ പ്രസക്തി വർധിച്ചുവരികയാണെന്ന് എൻ.കെ.പ്രേമചന്ദ്രൻ എംപിയും അഭിപ്രായപ്പെട്ടു. അധികാരപങ്കാളിത്തം നിഷേധിക്കുന്നത് തുടർന്നാൽ ലത്തീൻ സമുദായം കേരളത്തിലെ ഏറ്റവും പിന്നോക്ക വിഭാഗമായി മാറുമെന്ന് കെആർഎൽസിസി വൈസ് പ്രസിഡന്റും സമുദായ വക്താവുമായ ഷാജി ജോർജ് പറഞ്ഞു. എം. വിൻസെന്റ് എംഎൽഎ, മുൻ എം.പിമാരായ കെ.വി.തോമസ്, ഡോ. ചാൾസ് ഡയസ്, ഡോ. സെബാസ്റ്റ്യൻ പോൾ, കൊച്ചി കോർപ്പറേഷൻ പ്രതിപക്ഷ നേതാവ് കെ.ജെ.ആന്റണി, കൊച്ചി കോർപ്പറേഷൻ മുൻ മേയർ കെ.ജെ. സോഹൻ, ആലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡന്റ് ദലീമ, സാമൂഹ്യനിരീക്ഷകൻ സണ്ണി എം കപിക്കാട്, കൊല്ലം ബിഷപ്പ് ഡോ. പോൾ ആന്റണി മുല്ലശേരി എന്നിവർ വിവിധ സെഷനുകളിൽ സംബന്ധിച്ചു.

## കെ. ആർ. എൽ. സി. ബി. സി മതബോധന സ്കോളർഷിപ് പരീക്ഷ വിജയികൾ



ഹേബ മേരി ജെയ്മോൻ
പാളയം ഇടവക,
ക്ലാസ് VIII, Ist Rank



ആൻ മരിയ റോബർട്ട്
പുല്ലുവിള ഇടവക
ക്ലാസ് VIII, IIIst Rank



സാബു മൊറായിസ്
വിഴിഞ്ഞം ഇടവക
ക്ലാസ് X, IInt Rank



ജനിഫർ കെന്നഡി
വിഴിഞ്ഞം ഇടവക
ക്ലാസ് XII, Ist Rank



# വാർത്തകൾ

## കുടുംബശുശ്രൂഷാ സെമിനാർ

**പുല്ലുവിള:** പുല്ലുവിള ഫൊറോനയിൽ ഒരു വർഷം മുതൽ ഏഴ് വർഷം വരെ വിവാഹജീവിതം പൂർത്തിയാക്കിയ ദമ്പതികൾക്കായി പുതിയതുറ സെന്റ് നിക്കോളാസ് ആഡിറ്റോറിയത്തിൽ വച്ച് ഏകദിന സെമിനാർ സംഘടിപ്പിച്ചു. നൂറോളം ദമ്പതികളും വിവിധ ഇടവകകളിൽ നിന്നുള്ള കുടുംബശുശ്രൂഷാ ഭാരവാഹികളും സെമിനാറിൽ പങ്കെടുത്തു. പുല്ലുവിള ഫെറോനാ കുടുംബ ശുശ്രൂഷാ ഡയറക്ടർ ഫാ. ആൻഡ്രൂ സെമിനാർ ഉദ്ഘാടനം ചെയ്തു. അതിരൂപതാ കുടുംബശുശ്രൂഷാ ഡയറക്ടർ ഡോ. എ.ആർ. ജോൺ, ശോഭ എസ്, സിസ്റ്റർ മാർഗ്രറ്റ്, സിസ്റ്റർ വത്സല എന്നിവർ സംസാരിച്ചു.

## വിത്തും വളവും വിതരണം ചെയ്തു

**തിരുവനന്തപുരം:** കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ ജൈവവളകൃഷി ബോധവൽക്കരണവും, വിത്ത് വളം ഗ്രോബാഗ് എന്നിവയുടെ വിതരണവും പുല്ലുവിള ഫെറോനയിലെ നമ്പ്യാതി ഇടവകയിൽ വച്ച് നടന്നു. ഏഴ് ഫെറോനകളിലും ജൈവവളകൃഷി ബോധവൽക്കരണവും വളം, ഗ്രോബാഗ് എന്നിവയും കൂടാതെ സർക്കാരിന്റെ ഒരു മുറം പച്ചക്കറി പദ്ധതി വഴി ലഭ്യമായ 1000 പാക്കറ്റ് വിത്തും വിതരണം ചെയ്തു. പ്രസ്തുത പരിപാടിക്ക് കെ.എൽ.എം രൂപത എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ജോൺഡാൾ, കെ.എൽ.എം രൂപതാ കോർഡിനേറ്റർ അന്നറീറ്റ, കെ.എൽ.എം ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം വഹിച്ചു.



*അതിരൂപത കുടുംബ പ്രേഷിത ശുശ്രൂഷയും പൂന്തുറ ഇടവകയും നേതൃത്വം നൽകിയ ഏലിശ്വ ധ്യാനം അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. ഉദ്ഘാടനം ചെയ്യുന്നു*



*റ്റി.എസ്.എസ്.എസ് പേട്ട ഫൊറോനയുടെ ആഭിമുഖ്യത്തിൽ പേട്ട സെന്റ് ആൻസ് ഹാളിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ സംഘടിപ്പിച്ച ബോധവൽക്കരണ ക്ലാസ് റ്റി.എസ്.എസ്.എസ് ഡയറക്ടർ ഡോ. സാബാസ് ഇഗ്നേഷ്യസ് ഉദ്ഘാടനം ചെയ്യുന്നു*



*കെഎൽഎമ്മിന്റെ ആഭിമുഖ്യത്തിൽ വിത്ത്, വളം, ഗ്രോബാഗ് എന്നിവയുടെ വിതരണം കെഎൽഎം എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ജോൺ ഡാൾ നിർവഹിക്കുന്നു*



*ഓഖി ദുരന്തത്തിൽപ്പെട്ട് മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട 18 മത്സ്യത്തൊഴിലാളികൾക്ക് കെസിബിസിയുടെ സഹായത്തോടെ റ്റിഎസ്എസ്എസ് ഫൈബർ വള്ളങ്ങളും എൻജിനുകളും വാങ്ങി വിതരണം ചെയ്തപ്പോൾ*

## അഭിനന്ദനങ്ങൾ



ഡൽഹിയിൽ നടന്ന 'കായ' സബ് ജൂനിയർ നാഷണൽ ചാമ്പ്യൻഷിപ്പിൽ കേരളത്തിനു വേണ്ടി വെള്ളി മെഡൽ നേടിയ നെഹാരിക ആൻ ജോഷി. പൂഴിക്കുന്ന് ഇടവകയിലെ ജോഷിജേക്കബ്-സിനി ദമ്പതികളുടെ മകളാണ് നെഹാരിക.



*ഓഖി ദുരന്തത്തിൽപ്പെട്ട് മരണമടഞ്ഞ തൂത്തൂർ ഫൊറോനയിലെ മത്സ്യത്തൊഴിലാളികൾക്ക് കെസിബിസിയുടെ ധനസഹായത്തോടെ റ്റിഎസ്എസ്എസ് നിർമിച്ചുനൽകിയ 15 ഭവനങ്ങളുടെ ആശീർവാദം നടത്തിയപ്പോൾ. ഫാ. സാബാസ് ഇഗ്നേഷ്യസ്, ടോണി ഹാംലെറ്റ്, ഫാ. വിശാൽ, റ്റിഎസ്എസ്എസ് എ.ഒ. തോമസ് തെക്കേൽ, നോഡൽ ഓഫീസർ ജെറാൾഡ്, കോ-ഓർഡിനേറ്റർ സി. പ്രശാന്തി, സൂപ്പർവൈസർ നിഷ എന്നിവർ സമീപം*

# സാന്ത്വനം മംഗല്യം, കരുണാമയൻ പദ്ധതിസഹായങ്ങൾ വിതരണം ചെയ്തു

**തിരുവനന്തപുരം:** ലത്തീൻ അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷ നടപ്പിലാക്കുന്ന കാരുണ്യപദ്ധതികൾ 'ഹൃദയപൂർവ്വം' സാന്ത്വനം മംഗല്യം, കരുണാമയൻ എന്നിവയുടെ മൂന്നും നാലും ഘട്ട സഹായവിതരണം നടന്നു. വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ പാരിഷ് ഹാളിൽ അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാകൃത്തിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനം കേരള ആരോഗ്യമന്ത്രി കെ.കെ.ശൈലജ ടീച്ചർ ഉദ്ഘാടനം ചെയ്തു.

അതിരൂപതയിൽ കുടുംബശുശ്രൂഷ നടത്തുന്ന കുടുംബങ്ങളുടെ അജപാലനവും അതു സാദ്ധ്യമാക്കുന്നതിന്റെ ഭാഗമായി നടത്തുന്ന കാരുണ്യപദ്ധതികളിലും അഭിമാനം കൊള്ളുന്നുവെന്ന് അതിരൂപതാദ്ധ്യക്ഷൻ ഡോ. സൂസപാക്യം പറഞ്ഞു. സമൂഹത്തിൽ മാറ്റിനിർത്തപ്പെടുന്നവരെ ചേർത്ത് നിർത്തുന്ന കഴ്ചപാടും പ്രവർത്തനവുമാണ് സഭ ലക്ഷ്യം വയ്ക്കുന്നതെന്നും അത് പ്രാവർത്തികമാക്കുന്നതിൽ കുടുംബശുശ്രൂഷ കാണിക്കുന്ന ഉത്സാഹം അഭിനന്ദനാർഹമാണെന്നും അദ്ദേഹം പറഞ്ഞു.

സർക്കാർ സംവിധാനങ്ങൾക്ക് ലഭ്യമാകുന്ന സമ്പത്തിനെക്കാൾ അധികമാണ് സമൂഹത്തിലെ വിവിധ തലങ്ങളിൽ കഴിയുന്ന ജനവിഭാഗങ്ങളുടെ അവശ്യങ്ങൾ നിറവേറ്റപ്പെടാൻ ആവശ്യമായി വരുന്നത്. അതിനാലാണ് ആരോഗ്യ, ജീവകാരുണ്യ മേഖലകളിൽ സർക്കാരിന് പൂർണ്ണതോതിൽ ജനങ്ങളെ തൃപ്തിപ്പെടുത്താൻ സാധിക്കാത്തതും. ഈ പോരായ്മ നികത്തുന്നതിൽ സഭ എല്ലാകാലത്തും മുൻപന്തിയിലുണ്ട്. അതിനുദാഹരണമാണ് തിരുവനന്തപുരം ലത്തീൻ അതിരൂപത കൂടുംബ ശുശ്രൂഷയിലൂടെ നടപ്പിലാക്കുന്ന കുടുംബങ്ങളുടെ അനുധാവനവും, മംഗല്യ സഹായ പദ്ധതിയും, പെൻഷൻ പദ്ധതിയുമൊക്കെയെന്ന് ആരോഗ്യ, സാമൂഹിക ക്ഷേമ വകുപ്പ് മന്ത്രി ശൈലജ ടീച്ചർ പറഞ്ഞു. ഓഖി ദുരന്തം വന്നപ്പോൾ സർക്കാർ സംവിധാനങ്ങൾക്കൊപ്പം അതിരൂപത നടത്തിയ ഇടപെടലുകളെ മന്ത്രി പ്രശംസിച്ചു.

അതിരൂപത സഹായ മെത്രാൻ ഡോ ക്രിസ്തുദാസ് ആർ. അനുഗ്രഹ പ്രഭാഷണം നടത്തി. അതിരൂപതാ വികാരി ജനറൽ മോൺ. ഡോ. സി.ജോസഫ്, ശുശ്രൂഷാ കോർഡിനേറ്റർ ഡോ. മൈക്കിൾ തോമസ്, കുംടുംബ പ്രേഷിത ശുശ്രൂഷാ ഡയറക്ടർ ഡോ. എ.ആർ.ജോൺ, ഡീക്കൻ ജിം ഹാർവിൻ റോച്ച് എന്നിവർ പ്രസംഗിച്ചു.



*സാന്ത്വനം മംഗല്യം, കരുണാമയൻ പദ്ധതികളുടെ ധനസഹായ വിതരണം മന്ത്രി കെ.കെ.ശൈലജ ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു*

# വിദ്യാർത്ഥി കേന്ദ്രീകൃത ബദൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി സെമിനാർ

**തിരുവനന്തപുരം:** കെആർഎൽസിസിയുടെ വിദ്യാഭ്യാസ മുന്നേറ്റത്തിലൂടെ വികസിത സമൂഹം എന്ന ലക്ഷ്യം മുന്നിൽ കണ്ട് ഓരോ രൂപതയിലും നടപ്പിലാക്കുന്ന വിദ്യാർത്ഥി കേന്ദ്രീകൃത ബദൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിയെക്കുറിച്ച് ഇടവക വിദ്യാഭ്യാസ കൺവീനർമാർക്കും സെക്രട്ടറിമാർക്കും പഠനക്ലാസ് നടത്തി. വിദ്യാഭ്യാസ ശുശ്രൂഷയുടെ നേതൃത്വത്തിൽ നടന്ന പഠനക്ലാസ് തിരുവനന്തപുരം ലത്തീൻ അതിരൂപത കോർപ്പറേറ്റ് മാനേജർ ഫാ. ഡൈസൻ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ മുന്നേറ്റത്തിലൂടെയേ ലത്തീൻ സമുദായത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയിൽ മാറ്റംവരുത്താൻ സാധിക്കുകയുള്ളൂവെന്ന് ഫാ. ഡൈസൻ അഭിപ്രായപ്പെട്ടു. ഓരോ കുടുംബത്തിലും പഠനസാഹചര്യം ഉറപ്പുവരുത്തി മാത്രമേ വിദ്യാഭ്യാസ പുരോഗതി കൈവരിക്കാൻ സാധിക്കുകയുള്ളൂ എന്ന് അധ്യക്ഷപ്രസംഗത്തിൽ അതിരൂപതാ വിദ്യാഭ്യാസ ഡയറക്ടർ ഫാ. മെൽക്കൺ അഭിപ്രായപ്പെട്ടു. സ്റ്റുഡൻസ് ഫോറങ്ങളിലൂടെ വിദ്യാർഥികൾക്ക് വ്യക്തിപരമായി ഗൈഡ്ലൈൻസും പ്രചോദനവും കൊടുക്കാൻ സാധിക്കുമെന്നും ആയതിനാൽ എത്രയും പെട്ടെന്ന് ഇടവകകളിൽ സ്റ്റുഡൻസ് ഫോറങ്ങൾ രൂപീകരിക്കണമെന്നും ഫാ. മെൽക്കൺ അഭിപ്രായപ്പെട്ടു. അസിസ്റ്റന്റ് വിദ്യാഭ്യാസ ഡയറക്ടർ ഫാ. സ്റ്റാലിൻ സ്വാഗതം ആശംസിച്ചു. ആനിമേറ്റർ ശ്രീമതി ഓമന കൃതജ്ഞത പ്രകാശിപ്പിച്ചു. തുടർന്ന് കെആർഎൽസിസി വിദ്യാഭ്യാസ കമ്മിഷൻ സെക്രട്ടറി ഫാ. ചാൾസ് ലിയോൺ പഠനക്ലാസിന് നേതൃത്വം നൽകി.



*വിദ്യാർത്ഥി കേന്ദ്രീകൃത ബദൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിയെക്കുറിച്ച് അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷ സംഘടിപ്പിച്ച പഠനക്ലാസ് തിരുവനന്തപുരം ലത്തീൻ അതിരൂപത കോർപ്പറേറ്റ് മാനേജർ ഫാ.ഡയസൺ ഉദ്ഘാടനം ചെയ്യുന്നു*

# കെസിഎസ്എൽ പ്രവർത്തന ഉദ്ഘാടനം

**തിരുവനന്തപുരം:** അതിരൂപതാ കെസിഎസ്എല്ലിന്റെ പ്രവർത്തന ഉദ്ഘാടനം അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. നിർവഹിച്ചു. ഹോളി ഏഞ്ചൽസ് സ്കൂൾ ആഡിറ്റോറിയത്തിൽ കെസിഎസ്എൽ അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് സ്റ്റെല്ലസിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ വച്ച് എസ്എസ്എൽസി, പ്ലസ്-ടു പരീക്ഷകളിൽ വിജയം നേടിയ വിദ്യാർഥികളെ ആദരിച്ചു. കെസിഎസ്എല്ലിന്റെ ഈ വർഷത്തെ പ്രവർത്തന മാർഗരേഖയും കലണ്ടറും ചടങ്ങിൽ പ്രകാശനം ചെയ്തു. വിദ്യാഭ്യാസ ശുശ്രൂഷാ ഡയറക്ടർ ഫാ. മെൽക്കൺ, കെസിഎസ്എൽ പ്രസിഡന്റ് ഡാമിയൻ, ഓർഗനൈസർ ആന്റണി ക്ലമന്റ്, സ്കൂൾ പ്രിൻസിപ്പാൾ സി. ഉഷ ലിൻ്റ, കെസിഎസ്എൽ ചെയർപേഴ്സൺ കുമാരി ജീവ വിക്ടർ എന്നിവർ പ്രസംഗിച്ചു.



*കെസിഎസ്എല്ലിന്റെ ഈ വർഷത്തെ പ്രവർത്തന ഉദ്ഘാടനം ബിഷപ് ഡോ. ക്രിസ്തുദാസ് നിർവഹിക്കുന്നു. കെസിഎസ്എൽ ഡയറക്ടർ ഫാ. ജേക്കബ് സ്റ്റെല്ലസ് വിദ്യാഭ്യാസ ശുശ്രൂഷാ ഡയറക്ടർ ഫാ. മെൽക്കൺ എന്നിവർ സമീപം*

# കെസിബിസി ബൈബിൾ കമ്മിഷന്റെ രണ്ട് അവാർഡുകൾ തിരു. അതിരൂപതയ്ക്ക്

**കൊച്ചി:** 2018–19 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ബൈബിൾ സൊസൈറ്റിയിൽ ചേർത്തതിനുള്ള കെസിബിസിയുടെ രൂപതാതല അവാർഡ് തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്ക്. ബൈബിൾ കമ്മിഷന്റെ ബൈബിൾ പ്രൊമോട്ടർ അവാർഡ് തൈക്കാട് ഇടവകാംഗം വർഗീസ് ലോപ്പസിനും ലഭിച്ചു. പിഒസിയിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ വച്ച് കെസിബിസി ബൈബിൾ കമ്മിഷൻ ചെയർമാൻ ബിഷപ്പ് ഡോ. അബ്രഹാം മാർ യൂലിയോസിസ് അവാർഡുകൾ വിതരണം ചെയ്തു.
തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്കുവേണ്ടി അജപാലന ശുശ്രൂഷാ അസി. ഡയറക്ടർ ഫാ. മുത്തപ്പൻ അപ്പോലിയും, പ്രൊമോട്ടർ അവാർഡ് വർഗീസ് ലോപ്പസും ഏറ്റുവാങ്ങി.



*ബൈബിൾസൊസൈറ്റിയിലേക്ക് ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത രൂപതയ്ക്കുള്ള കെസിബിസി അവാർഡ് തിരുവനന്തപുരം അതിരൂപതയ്ക്കുവേണ്ടി ഫാ. മുത്തപ്പൻ അപ്പോലി ഏറ്റുവാങ്ങുന്നു*



*ഏറ്റവും മികച്ച ബൈബിൾ പ്രൊമോട്ടർക്കുള്ള കെസിബിസി അവാർഡ് വർഗീസ് ലോപ്പസ് ഏറ്റുവാങ്ങുന്നു*




*അതിരൂപതാ മീഡിയാ കമ്മിഷനും അജപാലന ശുശ്രൂഷയും സംയുക്തമായി പുറത്തിറക്കിയ ലോഗോസ് ക്വിസ് ആപിന്റെ പ്രകാശനം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം നിർവഹിക്കുന്നു*



*ട്രിവാൻഡ്രം ക്ലർജി ഫെലോഷിപ്പിന്റെ കാരുണ്യ ഭക്ഷണ-വസ്ത്ര ക്യാബിൻ പദ്ധതി നന്ദൻകോട് തിരുഹൃദയ കത്തോലിക്കാ ദേവാലയത്തിൽ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്യുന്നു*



*കുടുംബപ്രേഷിത ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ബധിരമൂക സംഘടനയുടെ ഭാരവാഹികളും കുടുംബശുശ്രൂഷാ ആനിമേറ്റേഴ്സും ഡയറക്ടർ ഡോ. എ.ആർ.ജോൺ ഫാ. ബിജു ലോറൻസ് എന്നിവരോടൊപ്പം*



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

ആണ്ടുവട്ടം 18-ാം ഞായർ (ആഗസ്റ്റ് 4)


നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei


# എന്റെ അദ്ധ്വാനഫലം ഞാനനുഭവിക്കും !

സഭാ. 1: 2.21-23 | കൊളോ. 3: 1-5. 9-11 | ലൂക്ക. 12: 13-21



നമ്മുടെ ജീവിതത്തിൽ പകരം വയ്ക്കുന്ന രണ്ടു തലങ്ങളുണ്ട്. ആന്തരികവും ബാഹ്യവും. ആന്തരികതലം ജീവിത ലക്ഷ്യങ്ങളുമായി നിലക്കൊള്ളുന്നു. ബാഹ്യതലം നമ്മുടെ ജീവിതത്തെ സുഗമമായി നടത്തുന്ന വഴികളാണ്. ലക്ഷ്യത്തിലെത്തിച്ചേരാനുള്ള വഴികൾ.

ഭോഷനായ ധനികന്റെ ഉപമയിലൂടെ ദൈവപുത്രനായ ഈശോ പഠിപ്പിക്കുക എല്ലാ അത്യാഗ്രഹങ്ങളിൽ നിന്നും അകന്നിരിക്കുവാനും, ജാഗരൂകരായിരിക്കുവാനും, നിരർത്ഥകമായ ഭൗതിക സമ്പത്ത് ത്യജിച്ചുകൊണ്ട് ആന്തരിക വിശുദ്ധിയ്ക്കു നിദാനമായ സുവിശേഷമൂല്യങ്ങൾ ദൈവരാജ്യത്തിലെ സമ്പത്തായി ശേഖരിച്ചു വയ്ക്കുവാനുമാണ്.

ഈ ഉപമയിലൂടെ കടന്നു പോകുമ്പോൾ ന്യായമായ ഒരു സംശയം നമ്മെ അലട്ടാം. എന്റെ കൃഷി സമൃദ്ധമായ വിളവ് നൽകുന്നുവെങ്കിൽ എനിക്കതു ശേഖരിച്ചു വയ്ക്കുവാനും ഭാവിയിൽ എനിക്കിഷ്ടമുള്ളതുപോലെ ഉപയോഗിക്കുവാനും എനിക്കവകാശമില്ലേ? എന്റെ അദ്ധ്വാനത്തിന്റെ ഫലം അനുഭവിക്കുവാൻ ഞാനല്ലാതെ ഏറ്റവും യോഗ്യൻ വേറെ ആരാണ്? ഇങ്ങനെ സ്വന്തമായി ചിന്തിക്കുന്ന ധനവാൻ ലാസറിനോട് ഒരു ക്രൂരതയും കാണിച്ചിട്ടില്ലല്ലോ പിന്നെ എന്തുകൊണ്ടാണ് ധനവാൻ മരണശേഷം ദൈവത്തിൽ നിന്നകലെ മരണവേദന അനുഭവിക്കുന്നത്? ഇവരോടൊപ്പം നാമും പലപ്പോഴും ദൈവത്തോടു ചോദിച്ചേക്കാം. ഭൂമിയിൽ എല്ലാപേർക്കും ജീവനല്ലേ കൊടുത്തിരിക്കുന്നത്. ഞാൻ എന്റെ അദ്ധ്വാനം കൊണ്ടല്ലേ മികച്ചവനായത്. ദിനരാത്രങ്ങൾ മടിയില്ലാതെ പണിയെടുത്തതു കൊണ്ടല്ലേ ഞാൻ ധനവാനായത്? ഉറക്കച്ചടവില്ലാതെ രാത്രിയുടെ യാമങ്ങളിൽ ഉണർന്നിരുന്നു പഠിച്ചതുകൊണ്ടല്ലേ ഞാനിന്നു നല്ല ജോലി ചെയ്യുന്നത്? പിന്നെ എന്റെ അദ്ധ്വാനത്തിന്റെ ഫലമായ സ്വത്ത് ഞാനനുഭവിക്കുന്നതിൽ നിന്നും എന്നെ തടയുന്നത് ശരിയാണോ?

ഇങ്ങനെയൊക്കെ വിമർശനപരമായി ചിന്തിക്കുമ്പോഴും ഈശോ താൻ മരണത്തിനു ഏൽപ്പിക്കപ്പെടുന്നതിനു തൊട്ടു മുമ്പ് പീലാത്തോസിനോടു പറഞ്ഞ വാക്യം ഓർക്കുന്നു. 'എന്റെ രാജ്യം ഐഹികമല്ല. ആയിരുന്നുവെങ്കിൽ ഞാൻ യഹൂദർക്ക് ഏൽപ്പിക്കപ്പെടാതിരിക്കുവാൻ എന്റെ സേവകർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹികമല്ല.'

മരണത്തെ മുഖാമുഖം കണ്ടു നിൽക്കുമ്പോൾ ഈശോ പ്രത്യാശ വയ്ക്കുന്നത് സ്വർഗ്ഗരാജ്യത്തിൽ താൻ നിക്ഷേപിച്ചുവച്ച ആന്തരികവിശുദ്ധി എന്ന ആ വലിയ സമ്പത്തിലുള്ള വിശ്വാസമാണ്. അതുകൊണ്ട് ഭൗതികമായ സ്വത്ത് മറ്റുള്ളവർക്കായി പങ്കു വയ്ക്കുക വഴി സ്വർഗ്ഗരാജ്യം സ്വന്തമാക്കുവാൻ ഓരോ ധനവാനും ദൗത്യമുണ്ട്. അതിനു നമുക്ക് ഇപ്പോഴേ ജാഗരൂകരായിരിക്കാം.

മരണത്തെ മുഖാഭിമുഖം കാണു



ന്ന ദിവസം ജീവിതത്തെ ഓർത്തു ഭയക്കാതിരിക്കുവാൻ ഈ ജീവിതത്തിന്റെ ഓരോ അണുവിലും സഹനത്തിന്റെ, ദു:ഖത്തിന്റെ, വിട്ടുവീഴ്ചയുടെ ഓരോ നിമിഷവും സ്വർഗ്ഗരാജ്യത്തിന്റെ സമ്പത്തു കൂട്ടിവയ്ക്കുവാനുള്ള മഹത്തായ നിമിഷങ്ങളാണ്. അങ്ങനെ സ്വരൂപിക്കുന്നവന് ഈ ലോകത്തിലെ ഭൗതിക അദ്ധ്വാനവും സ്വത്തുസമ്പാദനവും എല്ലാം അതിന്റെ തന്നെ പങ്കുവയ്ക്കലിലൂടെ, വിട്ടുകൊടുക്കലിലൂടെ ആദ്ധ്യാത്മീക സമ്പത്ത് സ്വർഗ്ഗരാജ്യത്തിൽ കൂട്ടിവയ്ക്കുവാനുള്ള അനുഗ്രഹം നിറഞ്ഞ വഴികൾ മാത്രം. അങ്ങനെ വരുമ്പോൾ സ്വർഗ്ഗരാജ്യം കൈവശമാക്കുവാൻ വേണ്ടി മാത്രം നമുക്കു ദാനമായി കിട്ടിയതാണീ ജീവിതമെന്ന് നമുക്കു മനസ്സിലാകും. അതുകൊണ്ട് ജീവിതത്തിൽ നല്ല ആദർശങ്ങളുടെ ഉടമയാകുക.

ഉന്നതമായ ആദർശങ്ങളും ലക്ഷ്യങ്ങളും ജീവിതത്തിന്റെ കറിക്കൂട്ടുകളാണ്. ഉയർച്ചയ്ക്കായി പരിശ്രമിക്കുമ്പോൾ നമുക്കു നല്ല മന:സാക്ഷിയുടെ അകമ്പടി ഉണ്ടായിരിക്കണം. സ്വന്തം കാര്യലാഭത്തിനായി എന്ത് അതിക്രമവും കാട്ടിക്കൂട്ടാമെന്ന് പ്രതീക്ഷിക്കരുത്. അങ്ങനെ ചെയ്യുന്നവർ വിജയിക്കുന്നവരായി തോന്നും. എന്നാൽ അവർ നിർമ്മിക്കുന്നത് വെറും ചീട്ടുക്കൊട്ടാരങ്ങൾ മാത്രം. അവ എപ്പോൾ വേണമെങ്കിലും തരിപ്പണമാകും. സത്യവും നീതിയും എന്നും വിജയം വരിക്കും.

എഴുത്തച്ഛൻ പാടുന്നു. 'താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ, താൻ താൻ അനുഭവിച്ചു കൊണ്ടേവരും", വിതച്ചതു കൊയ്യുക', എന്ന രണ്ടു വാക്കിൽ അതു ചുരുക്കാം. 'ഈശ്വരാർപ്പണമായി കർമ്മം ചെയ്യണം. ലോകക്ഷേമത്തിനായി കർമ്മം ചെയ്യണം' എന്നു ഭഗവത്ഗീത ഉപദേശിക്കുന്നു. മനസ്സിലാണല്ലോ സകല രോഗങ്ങൾക്കും ദുരിതങ്ങൾക്കും തുടക്കം. അതിനാൽ മനസ്സിനെ ദേഷ്യം, അസൂയ, പക, വിദ്വേഷം, കാമം, ക്രോധം, ലാഭമോഹങ്ങൾ തുടങ്ങിയ വിഷാദഭാവങ്ങളിൽ നിന്നും അകറ്റി നിർത്താം. ഉള്ള് ശുദ്ധമായ ദൈവസ്നേഹത്താലും പരസ്നേഹത്താലും പങ്കുവയ്ക്കലാലും ദൈവരാജ്യത്തിൽ സ്വത്തു ശേഖരിക്കാം. അപ്രകാരം നിറഞ്ഞ മനസ്സാൽ ജീവിതം ധന്യമാക്കാം. ജീവിതത്തിന് അർത്ഥവും അഴകും സമാധാനവും ലഭിക്കുമാറാകട്ടെ.

ഉപമയുടെ രണ്ടാം വായനയിൽ ഇയാൾക്കെതിരെ നിരത്താൻ മൂന്നു കാരണങ്ങൾ തെളിഞ്ഞു വരുന്നുണ്ട്.

**1. ധനികൻ ഒരു വിഡ്ഢിയായിരുന്നു. കാരണം വഴിയും ലക്ഷ്യവും തമ്മിൽ വേർതിരിച്ചില്ല.**

നമ്മുടെ ജീവിതത്തിൽ പകരം വയ്ക്കുന്ന രണ്ടു തലങ്ങളുണ്ട്. ആന്തരികവും ബാഹ്യവും. ആന്തരികതലം ജീവിതലക്ഷ്യങ്ങളുമായി നിലക്കൊള്ളുന്നു. ബാഹ്യതലം നമ്മുടെ ജീവിതത്തെ സുഗമമായി നടത്തുന്ന വഴികളാണ്. ലക്ഷ്യത്തിലെത്തിച്ചേരാനുള്ള വഴികൾ. നമ്മുടെ ജോലി, നാം ധരിക്കുന്ന വസ്ത്രം, താമസിക്കുന്ന വീട് ഇതൊക്കെ നമ്മുടെ ആവശ്യങ്ങളാണ്. പക്ഷേ, മിക്കപ്പോഴും ലക്ഷ്യത്തിലെത്താനുള്ള ഈ വഴികൾ ലക്ഷ്യമായി മാറാറുണ്ട്. ചില ആളുകൾ വസ്ത്രമായി ചുരുങ്ങുന്നു, ചില ആളുകൾ ഡിഗ്രി ആയി മാറുന്നു, മറ്റു ചിലർ ബാങ്ക് ബാലൻസ് ആയി മാറുന്നു. ഈ ഉപമയിലെ ധനികൻ അറപ്പുരയായി മാറുന്നു. വഴികൾ എന്നും വഴികളാണ്. അതൊരിക്കലും ലക്ഷ്യമാവില്ലെന്ന തിരിച്ചറിവ് ധനികനു നഷ്ടപ്പെടുന്നു.

**2. ധനികൻ ഒരു വിഡ്ഢിയായിരുന്നു. കാരണം അവൻ അപരനെ മറന്നു.**

ധനികന്റെ ആത്മഭാഷണത്തിൽ 60 വാക്കുകളുണ്ട്. അതിൽ ഞാൻ, എന്റെ എന്നീ പ്രയോഗങ്ങൾ നിരന്തരം ഉപയോഗിക്കുന്ന ധനവാനു ഞങ്ങൾ, ഞങ്ങളുടെ എന്നു പറയാനുള്ള വളർച്ച നഷ്ടമായിരിക്കുന്നു. സമൃദ്ധി അപരന്റെ ഇല്ലായ്മയിലേക്കു നൽകുവാനുള്ള ആഹ്വാനമാണെന്ന തിരിച്ചറിവ് ധനികനു നഷ്ടപ്പെടുന്നു.

**3. ദൈവാശ്രയബോധം നഷ്ടപ്പെട്ടു.**

ധനികന്റെ സംസാരം കേട്ടാൽ തോന്നും നല്ല കാലാവസ്ഥയും, മഴയും, വെയിലുമൊക്കെ കൃത്യമായി പെയ്യിച്ചത് അവനാണെന്ന്. ലോക വ്യഗ്രതയിൽ ധനവാൻ ദൈവത്തെ മറന്നു. 'A wall so crowded can have no image of God.'

മനസ്സിൽ ദൈവത്തിനു പകരം വയ്ക്കുന്നതെല്ലാം വിഗ്രഹങ്ങളാണ്. ഉപമ അവസാനിക്കുമ്പോൾ ധനികൻ മരിച്ചോ എന്നു തീർച്ചയില്ല. പക്ഷേ, ഒരു കാര്യം ഉറപ്പാണ്. അവൻ വഴിയും ലക്ഷ്യവും ഒന്നാക്കിയപ്പോൾ, അപരനെയും ദൈവത്തേയും മറന്നപ്പോൾ ധനികൻ എന്നേ മരിച്ചു കഴിഞ്ഞിരുന്നു. ഒരു ആകസ്മിക മരണം ഒരു വിഡ്ഢിയുടെ ലക്ഷണങ്ങൾ കണ്ടുപിടിക്കുവാനുള്ള മാർഗനിർദ്ദേശമല്ല ഈ ഉപമയെന്നു തിരിച്ചറിയണം. നമ്മൾ ഉൾപ്പെട്ടിരിക്കുന്ന ഉപഭോഗസംസ്ക്കാരത്തിന്റെ ദുരന്തങ്ങളിലേയ്ക്കുള്ള ദൈവത്തിന്റെ തുറന്നു വച്ച കണ്ണാണ് ഈ ഉപമ. ദൈവത്തേയും മനുഷ്യരേയും, പ്രകൃതിയെയും മറക്കാതെ ജീവിക്കാം. വരും തലമുറയ്ക്കു കൂടി അവകാശപ്പെട്ടതാണ് ഈ ഭൂമിയെന്ന തിരിച്ചറിവോടെ. ■

നീർച്ചാലുകൾ

റവ. ഡോ. ഡൈസൻ

# ഒരുക്കം

ജ്ഞാനം 18: 6-9 | ഹെബ്രാ. 11: 1-2, 8-19 | ലൂക്കാ. 12: 32-48



നേരിട്ട് ഉത്തരവാദിത്വമുളള കാര്യങ്ങളിൽ പോലും പീലത്തോസിനെ പോലെ കൈകഴുകി രക്ഷപ്പെടുവാൻ ആഗ്രഹിക്കുന്നവർ ഏറി വരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ദൊസ്തോവെസ്കിയുടെ അലീഷ്യയുടെ മനസ്സാണ് ഇന്നിന്റെ ആവശ്യം.

അമേരിക്കയിലെ ചിക്കാഗോയിൽ നിന്ന് തിരിച്ചെത്തിയ വിവേകാനന്ദനെ എല്ലാവരും അന്വേഷിച്ചു. അദ്ദേഹത്തെ കണ്ടെത്താനായില്ല. അവസാനം ഒരു കുടിലിൽ ധ്യാനനിമഗ്നനായിരുന്ന അദ്ദേഹത്തോട് പത്രപ്രവർത്തകർ ചോദിച്ചു: സ്വാമി, ലോകം മുഴുവൻ അങ്ങയെ തേടുമ്പോൾ താങ്കളെന്തിനാണ് ഈ കുടിലിൽ ഏകനായിരിക്കുന്നത്? നിറപുഞ്ചിരിയോടെ അദ്ദേഹം മറുപടി നല്കി: 'ഞാൻ ഒരുങ്ങുകയാണ്. എന്റെ മരണത്തിനുവേണ്ടി'. മനുഷ്യജീവിതം മരണത്തിനു വേണ്ടിയുള്ള ഒരുക്കമാണ്. അതുകൊണ്ടാണ് യേശുനാഥൻ ഇങ്ങനെ പറഞ്ഞത്: 'എനിക്ക് ഒരു സ്നാനം സ്വീകരിക്കാനുണ്ട്; അത് നിവൃത്തിയാകുവോളം ഞാൻ എത്ര ഞെരുങ്ങുന്നു (ലൂക്ക 12:50). യേശു സ്വീകരിക്കാൻ പോകുന്നത് കുരിശിലെ സഹനത്തിന്റെ രക്തസ്നാനമായിരുന്നു.' അതിനുവേണ്ടി യേശു ഒരുങ്ങുകയായിരുന്നു. യേശു ഒരുങ്ങുന്നതിന്റെ ഏറ്റവും ശക്തമായ സൂചനകളായിരുന്നു യേശുവിന്റെ പീഡാനുഭവത്തെ കുറിച്ചുളള മൂന്നു പ്രവചനങ്ങൾ. യേശു മരണത്തിനുവേണ്ടി നന്നായി ഒരുങ്ങി. ആ ഒരുക്കമാണ് അവസാനം യേശുവിനെ ഇങ്ങനെ പറയാൻ പ്രേരിപ്പിക്കുന്നത്. 'പിതാവേ എന്റെ ആത്മാവിനെ അങ്ങയുടെ കരങ്ങളിൽ സമർപ്പിക്കുന്നു'(ലൂക്ക 23:46).

മനുഷ്യജീവിതം മരണത്തിലൂടെ ലഭിക്കുന്ന സ്വർഗ്ഗത്തിനുവേണ്ടിയുള്ള ഒരുക്കമാണ്. ജീവിതത്തിൽ ഒരുക്കമുളളവർക്കാണ് നിത്യജീവൻ പ്രാപിക്കാനുള്ള അനുഗ്രഹം ലഭിക്കുന്നത്. ഒരുക്കമുളള കന്യകമാർ മണവാളന്റെ കൂടെ നിത്യജീവിതത്തിലേക്ക് പ്രവേശിച്ചു. ഒരുക്കമില്ലാത്തവർ നിത്യനാശത്തിൽ നിപതിക്കുന്നു. പരലോകത്തിനുവേണ്ടി ഒരുങ്ങാത്ത ധനികൻ നിത്യനാശത്തിന്റെ അഗ്നിയിൽ വെന്തുരുകുമ്പോൾ പരലോകത്തിനു വേണ്ടി ഒരുങ്ങിയ ലാസർ അബ്രഹത്തിന്റെ മടിത്തട്ടിൽ നിത്യസൗഭാഗ്യം അനുഭവിക്കുന്നു. നല്ല മരണത്തിനു വേണ്ടിയുള്ള ഒരുക്കം ഒരുവന് പരലോകം നേടി കൊടുക്കുന്നു. ജീവിതത്തിൽ അലസമായി ഉറങ്ങി ആത്മരക്ഷ നഷ്ടപ്പെടുത്തരുതെന്നും നിരന്തര ജാഗ്രതയോടും വിശ്വസ്തതയോടും കൂടി കർമ്മം ചെയ്യണമെന്നും അതിനായി ഒരുങ്ങുമ്പോൾ ലഭിക്കുന്ന അനന്ത സൗഭാഗ്യത്തെക്കുറിച്ചുള്ള മൂന്നു ഉപമകളാണ് സുവിശേഷത്തിൽ യേശുനാഥൻ പറയുന്നത്.

നിദ്രവിട്ടുണർന്നു കർമ്മം ചെയ്ത രാപ്പാടിപ്പക്ഷിക്ക് ദൈവം മനോഹരമായ സ്വരം നൽകി അനുഗ്രഹിച്ചു. ഉണർവോടെ ഒരുങ്ങിയ മൂന്നു രാജാക്കന്മാർക്ക് ദിവ്യ ഉണ്ണിയെ കാണുവാൻ അനുഗ്രഹം ലഭിച്ചു. കല്യാണ വിരുന്നിനുപോയ യജമാനൻ രാത്രിയുടെ ഏതെങ്കിലും യാമത്തിൽ വരുമ്പോൾ വാതിൽ തുറന്നുകൊടുക്കുവാൻ അരമുറുക്കി വിളക്കു കത്തിച്ച് കാത്തിരിക്കുന്ന ഭൃത്യന് യജമാനൻ നല്കുന്ന സമ്മാനമാണ് ഒന്നാമത്തെ ഉപമയിൽ പ്രതിപാദ്യവിഷയം. യേശുവിന്റെ കാലത്ത് യഹൂദരുടെ വിവാഹാഘോഷം നടത്തിയിരുന്നത് രാത്രികാലങ്ങളിലായിരുന്നു. രാത്രിയുടെ നാലു യാമങ്ങളിൽ ഏതെങ്കിലും ഒരു യാമത്തിലായിരിക്കും യജമാനൻ വരുന്നത്. യഹൂദരുടെ കണക്കുകൂട്ടൽ പ്രകാരം ഒന്നാം യാമം ആരംഭിക്കുക വൈകുന്നേരം ആറു മണി മുതൽ രാത്രി ഒൻപതു മണിവരെയാണ്. രാത്രി ഒൻപതു മണി മുതൽ അർദ്ധരാത്രി പന്ത്രണ്ടുമണിവരെ രണ്ടാം യാമവും, അർദ്ധരാത്രി പന്ത്രണ്ടുമണി മുതൽ അതിരാവിലെ മൂന്നു മണിവരെ മൂന്നാം യാമവും, അതിരാവിലെ മൂന്നുമണി മുതൽ പുലർച്ചെ ആറു മണിവരെ നാലാം യാമവുമാണ്. രാത്രിയുടെ ഏതു യാമത്തിൽ വന്നാലും ഭൃത്യൻ അരമുറുക്കി വിളക്കും കൊളുത്തി കാത്തിരിക്കണം.

'അരമുറുക്കുക' എന്ന പദം ഇന്ന് അധികം ആരും ഉപയോഗിക്കുന്നില്ല. അരമുറുക്കി കാത്തിരിക്കുക എന്നതിന്റെ അർത്ഥമെന്താണ്? ഇന്ന് അറബികൾ പാദംവരെ നീണ്ട അങ്കികൾ ധരിക്കുന്നപോലെ യേശുവിന്റെ കാലത്തുള്ള യഹൂദരും പാദംവരെ നീണ്ട അങ്കിയാണ് ധരിച്ചിരുന്നത്. അ

ങ്കിയെ അരക്കെട്ടിൽ ഉറപ്പിച്ചു നിർത്തുവാനായി ചരടോ ബെൽറ്റോ ധരിക്കുമായിരുന്നു. കൃത്യമായി കടമ ചെയ്യുന്ന അവസരത്തിൽ നീണ്ടുനിവർന്ന അങ്കി ജോലിക്ക് തടസ്സമാകുന്നു. അതുകൊണ്ട് ഈ അങ്കിയെ അരയുടെ ഭാഗത്ത് ബൽറ്റിനു മുകളിൽ സൗകര്യാർത്ഥം അല്പം കയറ്റിവയ്ക്കും. അപ്പോൾ വസ്ത്രം ജോലിക്കു തടസ്സമാകുന്നില്ല. ഇതിനെയാണ് അരമുറുക്കുകയെന്നു പറയുന്നത്. അരമുറുക്കി എന്നാൽ ജോലിയിൽ വ്യാപൃതരായിരിക്കുന്നുവെന്നാണ് അർത്ഥം. അത് ഭൃത്യന്മാരുടെ സേവനസന്നദ്ധതയെ സൂചിപ്പിക്കുന്നു.

അരമുറുക്കി മാത്രമല്ല, വിളക്കും കൊളുത്തിയാണ് യജമാനുവേണ്ടി കാത്തിരിക്കേണ്ടത്. വിളക്ക് നാം ഓരോരുത്തരുമാണ്; വിളക്ക് നമ്മിലെ വെളിച്ചമാണ്. നമ്മിലെ അന്ധകാരം അകറ്റി ദീപം കൊളുത്തേണ്ടത് ദൈവമാണ് (സങ്കീ 18:28). ദൈവവുമായുള്ള സഹവാസവും അനുഭവവുമാണ് ഒരുവനെ പ്രകാശിപ്പിക്കുന്നത്. സങ്കീർത്തകൻ പറയുന്നു: അവിടത്തെ നോക്കിയവർ പ്രകാശിതരായി (സങ്കീ 34:5). ദൈവത്തെ ദർശിച്ച, അനുഭവിച്ച മോശ സീനായ് മലവിട്ട് ഇറങ്ങിയപ്പോൾ പ്രകാശിക്കുവാൻ തുടങ്ങി (പുറപ്പാട് 34:28-30). ഒരു കാറ്റിനും കോളിനും അണയ്ക്കുവാൻ സാധിക്കാത്ത പ്രകാശം കൊണ്ട് നമ്മുടെ ഉള്ള് നിറയണം. ഉള്ളിൽ നിറയുന്ന പ്രകാശം കൊണ്ട് ജീവിതത്തെ മുഴുവൻ വ്യാപിപ്പിക്കണം. ഉള്ളിലെ ഈ വെളിച്ചം കൊണ്ടുവേണം പുറത്തെ ഇരുട്ടിനെ നേരിടാനും മറ്റുള്ളവരുടെ വഴികളിൽ പ്രകാശമായി തീരാനും (മത്താ 5:16). ഒരിക്കലും എണ്ണവറ്റാത്ത അണയാത്ത ഉൾവെളിച്ചമുള്ള വിളക്കുമായി യജമാനനുവേണ്ടി കാത്തിരിക്കാം.

ഈ ഉപമയിൽ യജമാനൻ ക്രിസ്തുവും ഭൃത്യന്മാർ ശിഷ്യന്മാരുടെയും എല്ലാ ക്രിസ്ത്യാനികളുടെയും പ്രതിരൂപങ്ങളാണ്. ഭൃത്യന്മാരെ ഏല്പിച്ച കർമ്മം സർവ്വദാ ജാഗ്രതയോടെ ചെയ്യുന്നപക്ഷം സമ്മാനിതരാകും. ജാഗരൂകതയോടെ അരമുറുക്കി ഒരുങ്ങിയിരുന്ന നോഹയ്ക്കും കുടുംബത്തിനും ലഭിച്ച സമ്മാനം ജലപ്രളയത്തിൽ നിന്നുമുള്ള രക്ഷയായിരുന്നു. ജാഗരൂകതയോടെ അരമുറുക്കി ഒരുങ്ങിയിരിക്കുന്ന ലോത്തിനും മക്കൾക്കും ലഭിച്ച സമ്മാനം സോദോം ഗോമാറൊ പട്ടണങ്ങളെ വിഴുങ്ങിയ അഗ്നിയിൽ നിന്നുള്ള രക്ഷപ്പെടലായിരുന്നു. യേശുനാഥൻ വീണ്ടും വരുമ്പോൾ ഉണർന്നു പ്രവർത്തിക്കുന്നവർക്ക് അവിടന്ന് സ്വർഗ്ഗത്തിൽ തന്റെ മേശയിലിരുത്തി ആഹാരം വിളമ്പിത്തരും. വെളിപാട് പുസ്തകം ഇങ്ങനെ പറയുന്നു: 'ഇതാ ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തേക്കു വരും. ഞങ്ങൾ ഒരുമിച്ച് ഭക്ഷിക്കുകയും ചെയ്യും' (വെളിപാട് 3:20).

രണ്ടാമത്തെ ഉപമയിൽ സർവ്വഥാ ജാഗരൂകരായിരിക്കേണ്ടതിന്റെ ആവശ്യകതയ്ക്കാണ് യേശുനാഥൻ ഊന്നൽ കൊടുക്കുക. കള്ളൻ ഭവനഭേദനം നടത്താതിരിക്കണമെങ്കിൽ നാം ഉണർന്നിരിക്കേണ്ടി വരും. സുഖിച്ച് ഉറങ്ങുകയാണെങ്കിൽ നിമിഷനേരംകൊണ്ട് നാം പാപ്പരാകും! അതുകൊണ്ട് ശ്രദ്ധാപൂർവ്വം ഉണർന്നിരിക്കണം. ഉറങ്ങുമ്പോഴും നാം ഉണർവ്വുള്ള വ്യക്തികളായിരിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ഉത്തമഗീതത്തിൽ മണവാട്ടി പറയുന്നു. ഞാൻ ഉറങ്ങി; പക്ഷേ എന്റെ ഹൃദയം ഉണർന്നിരുന്നു (ഉത്ത 5:2). ഉണർന്ന് പ്രവൃത്തിച്ചില്ലെങ്കിൽ നമ്മുടെ ജീവിത നിലങ്ങളിൽ ശത്രു കളകൾ വിതക്കും. ദലീലായുടെ മടിയിലെ സാംസന്റെ ഉറക്കമാണ് അവന്റെ ശക്തിയെ ക്ഷയിപ്പിച്ചതും, അവനെ കാരാഗൃഹത്തിലാക്കിയതും (ന്യായ 16:19). ഉണർവ് കണ്ണടക്കലല്ല, ഉറങ്ങുമ്പോഴും ഉൾമിഴി തുറക്കലാണ്. ഈ ഉണർവാണ് ജാഗ്രതയോടെ സേവനം ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്നത്. പ്രതീക്ഷിക്കാത്ത മണിക്കൂറിൽ വരുന്ന മനുഷ്യപുത്രനെ സ്വാഗതം ചെയ്യാൻ സങ്കീർത്തകന്റെ മനസോടെ കാത്തിരിക്കാം.

ഞാൻ കാത്തിരിക്കുന്നു. എന്റെ ആത്മാവ് കർത്താവിനെ കാത്തിരിക്കുന്നു.

അവിടത്തെ വാഗ്ദാനത്തിൽ ഞാൻ പ്രത്യാശയർപ്പിക്കുന്നു.

പ്രഭാതത്തിനുവേണ്ടി കാത്തിരിക്കുന്ന കാവൽക്കാരേക്കാൾ

ആകാംക്ഷയോടെ ഞാൻ കർത്താവിനെ കാത്തിരിക്കുന്നു (സങ്കീ 130:5-6)

മൂന്നാമത്തെ ഉപമ യേശുനാഥൻ മെനഞ്ഞെടുക്കുന്നത് യഹൂദരുടെ കുടുംബജീവിതത്തിലെ സാധാരണ സംഭവത്തിൽ നിന്നാണ്. യഹൂദരുടെ വീടുകളിൽ വീട്ടുജോലിക്ക് ധാരാളം അടിമകളുണ്ടായിരുന്നു. അവരുടെ ജോലിയുടെ പ്രതിഫലമെന്നുള്ളത് ധാന്യത്തിന്റെ ഒരു ഭാഗമാണ്. ധാന്യവിതരണം നന്നായി നടത്തുകയും യജമാനൻ തിരിച്ചു വരുമ്പോൾ കൃത്യമായി ജോലിയിൽ വ്യാപൃതനായിരിക്കുകയും ചെയ്യുന്ന ഭൃത്യന് നല്ല പ്രതിഫലം ലഭിക്കും. ഒരടിമയായ ഭൃത്യന് ലഭിക്കുന്നതിൽ വച്ചേറ്റവും വലിയ പ്രതിഫലം യജമാനന്റെ സകല സ്വത്തുക്കളുടെയും കാര്യസ്ഥതയും മേൽനോട്ടവുമാണ്. യജമാനൻ വിശ്വസ്തനായ ഭൃത്യന് അടിമയിൽ കവിഞ്ഞ ഒരു പദവി നല്കി ആദരിക്കുന്നു. ഇതിൽക്കവിഞ്ഞ് ഒരടിമയ്ക്ക് വലിയ സമ്മാനം നേടാനാകില്ല.

ഉത്തരവാദിത്വത്തോടുകൂടി കടമ ചെയ്യാൻ ഉപമ ആഹ്വാനം ചെയ്യുന്നു. നേരിട്ട് ഉത്തരവാദിത്വമുള്ള കാര്യങ്ങളിൽപോലും പീലത്തോസിനെ പോലെ കൈകഴുകി രക്ഷപ്പെടുവാൻ ആഗ്രഹിക്കുന്നവർ ഏറി വരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ദൊസ്തോവെസ്കിയുടെ അലീഷ്യയുടെ മനസ്സാണ് ഇന്നിന്റെ ആവശ്യം. അവൾ പറയുന്നു. 'എല്ലാവർക്കും എല്ലാറ്റിനോടും ഉത്തരവാദിത്വമുണ്ട്. എനിക്കാവട്ടെ കുറച്ചേറേയും.' വിശക്കുന്ന ജനക്കൂട്ടത്തെ ശിഷ്യന്മാരുടെ ഉത്തരവാദിത്വത്തിന് വിട്ടുകൊണ്ട് യേശു പറയുന്നു: നിങ്ങൾ തന്നെ അവർക്ക് ഭക്ഷിക്കാൻ കൊടുക്കുവിൻ. വഴിയോരങ്ങളിൽ വിശന്നലയുന്നവർക്ക് ഒരു നേരത്തെ ആഹാരം നല്കുവാനുള്ള ഉത്തരവാദിത്വം എന്നാണ് നമ്മൾ ഏറ്റെടുക്കാൻ പോകുന്നത്? വിപത്തുകളിൽ പെടുന്നവർ ദൂരെയുള്ളവരായാലും അവരെ സഹോദരരായി കണ്ട് അവരെ സഹായിക്കാൻ നമ്മൾ എപ്പോഴാണ് മുന്നോട്ട് വരുന്നത്? ആപത്തിൽപ്പെടുന്നവൻ എന്റെ സഹോദരനല്ല, ഞാൻ അവന്റെ കാവൽക്കാരനല്ലയെന്നുള്ള മുടന്തൻ ന്യായങ്ങൾ നിരത്തി നമ്മുടെ കടമകളിൽ നിന്നും രക്ഷപ്പെടുന്ന കായേന്മാരാകാതെ, കരുണയോടു കൂടി പെരുമാറുന്ന നല്ല അയൽക്കാരാകാം. ■

ആണ്ടുവട്ടം 20-ാം ഞായർ (ആഗസ്റ്റ് 18)

# നിശാദീപങ്ങൾ

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

ജെറ. 38: 4-6. 8-10 | ഹെബ്രാ. 12: 1-4 | ലൂക്കാ. 12: 49-53



കുരിശിലെ സ്നാനം സ്വീകരിക്കാനാണ് ക്രിസ്തു ഒരുങ്ങുന്നത്. തടവിലാക്കപ്പെട്ട് നിശബ്ദതയിൽ കഴിഞ്ഞ് വധശിക്ഷ ഏറ്റുവാങ്ങുന്ന തടവുകാരനെപ്പോലെയല്ല യേശു. മറിച്ച് കുരിശിലേക്ക് നയിക്കപ്പെടാവുന്ന കാരണങ്ങൾ, അത് നിവർത്തിതമാക്കാനാണ് അവൻ ശ്രമിക്കുന്നത്. ഭിന്നതകൾ നിറഞ്ഞ ഭവനത്തെ യേശു ഉദാഹരിക്കുന്നു.

സുഖമെത്ര സുഖമെന്നിരിക്കിലും,
നാമനുഭവിക്കുമ്പോളപൂർണമാവും.
സകല സുഖങ്ങളിലേക്കതിന്റെ
പുകവള്ളി ചുറ്റിപ്പടർന്നു നിൽക്കും.
പ്രമുക്തൻ -
സഥിക്ക് അഹമ്മദ്

പ്രവാചകൻ തന്റെ ദൗത്യം യഥാവിധി ചെയ്യുമ്പോൾ അസ്വസ്ഥതകളും പ്രശ്നങ്ങളും തലപൊക്കാം. ഒന്നും മിണ്ടാതെ വെറുതെയിരുന്നാൽ സമാധാനമായോ? ക്രിസ്തു തീയിടുന്നത് എന്തുകൊണ്ടാണ്? അറബി സാഹിത്യലോകത്തിൽ മാൻ ബുക്കർ പുരസ്കാരം നേടിയ ഒമാനി എഴുത്തുകാരിയാണ് ജോവ അൽഹാർതി. സെലസ്റ്റ്യൽ ബോഡീസ് (സയിദാത്തുൽ ഖമർ) എന്ന ഈ നോവൽ അടിമക്കച്ചവടത്തിന്റെ കഥയാണ്. കൗമാരക്കാരായ ആൺകുട്ടികൾ മുതൽ വൃദ്ധർവരെ അടിമ സ്ത്രീകളെ ലൈംഗികാവശ്യത്തിനായി ഉപയോഗിക്കുന്നു. ഒടുവിലവരെ ഏതെങ്കിലും കാരണത്താൽ ഉപേക്ഷിക്കുന്ന ഘട്ടമെത്തുമ്പോൾ പ്രശ്നക്കാരായ അടിമകൾക്ക് വിവാഹം ചെയ്തു കൊടുക്കുന്നു. എന്നാൽ കുടുംബത്തിലെ സ്ത്രീകൾക്ക് പുരുഷ അടിമകളുമായി ബന്ധമുണ്ടെന്നു കണ്ടെത്തിയാൽ ഇരുവരും ഭൂമിയിൽ നിന്നും തുടച്ചു നീക്കപ്പെടും. പുരുഷ അടിമകൾ ഓടി രക്ഷപ്പെടാൻ ശ്രമിക്കാറുണ്ട്. സ്ത്രീകൾക്കാകട്ടെ അത് സ്വപ്നം കാണാനും ആകില്ല. ലോകത്തെവിടെയും പ്രത്യക്ഷത്തിലോ പരോക്ഷമായോ ഈ അടിമത്വം ഉണ്ട്. ക്രിസ്തുവിന്റെ പടപുറപ്പാട് ഇത്തരം ചൂഷണങ്ങൾക്കെതിരെയാണ്. അവൻ പന്തം കൊളുത്തുന്നത് ഇത്തരം ഇടങ്ങളെ കത്തിക്കാനാണ്. ഹർകയ്റ്റ്സിന്റെ കവിതയിൽ വായിക്കുന്നു

"പന്തയക്കളത്തിനടുത്താണ്
പിറന്നതെങ്കിലും ഞാനിതുവരെ
ഒരു കുതിരയെ ഓടിച്ചിട്ടില്ല".

## കിണറ്റിലെ പ്രവാചകൻ

കിണറ്റിൽ തള്ളിയിടപ്പെട്ട ജറമിയായ്ക്ക് കർത്താവ് വഴിയൊരുക്കുന്നു. എത്യോപ്യക്കാരനായ ഷൺഡനാണ് രാജാവിനോട് ജറമിയായെ രക്ഷിക്കാൻ പറയുന്നത്. അവൻ അവിടെ കിടന്നു മരിക്കും. നഗരത്തിൽ അപ്പം തീർന്നു പോയിരിക്കുന്നു അപ്പമില്ലാതാകുക വലിയൊരു പ്രതിസന്ധിയാണ്. 80 കോടി ജനങ്ങൾ ഇന്നും പട്ടിണിയിൽ ജീവിക്കുകയാണ്. യുദ്ധവും കലാപവും പരക്കുന്നു. ലോകത്തിന് നന്മ ചെയ്യുവാൻ യുവജനങ്ങൾ പര്യാപ്തരാകുമ്പോൾ നമ്മുടെ ലോകം ഒരു പുതിയ പെന്തക്കുസ്തയായി മാറും. "പ്രിയ യുവജനങ്ങളെ, നിങ്ങൾ നിങ്ങളുടെ ഓട്ടം തുടരുമെന്ന ആനന്ദ പ്രതീക്ഷയാണ് എനിക്കുള്ളത്; പതുക്കെയും ഭയന്നും ഓടുന്നവരെ മറികടന്നുകൊണ്ട്," Christus vivit എന്ന അപ്പസ്തോലിക പ്രബോധനത്തിൽ പരിശുദ്ധ പിതാവ് ഉദ്ബോധിപ്പിക്കുന്നു.

ചാർളി ചാപ്ലിന്റെ അമ്മ നല്ല ഒരു ഗായികയായിരുന്നു. അച്ഛൻ മദ്യപാനിയായിരുന്നു. ഗാനങ്ങൾ ആലപിച്ച് ലഭിക്കുന്ന തുച്ഛമായ പണംകൊണ്ട് അവൾ തന്റെ രണ്ടു മക്കളെയും വളർത്തി. എന്നാൽ വിധി ഒരുനാൾ അവളെ ഒരു മാനസിക രോഗിയാക്കി. പതിമൂന്നാമത്തെ വയസിൽ പഠനം ഉപേക്ഷിച്ച് ചാപ്ലിൻ ജോലി ചെയ്യാൻ തുടങ്ങി. അവൻ തന്റെ അമ്മയെ ചികിത്സിച്ചു. രോഗം ക്രമേണ ഭേദമായി. ഹന്ന വീണ്ടും പാടാൻ തുടങ്ങി. വിധി വീണ്ടും വില്ലനായി. ഹോട്ടലിൽ പാടിക്കൊണ്ടിരിക്കെ അവരുടെ ശബ്ദം നഷ്ടമായി. കുപിതനായ മാനേജർ ചാപ്ലിനെ ആളുകൾക്ക് മുമ്പിലേക്ക് തള്ളിവിട്ടു.

ഒരു പുതിയ കലാകാരന്റെ പിറവി! ചില കോമാളിത്തരങ്ങൾ അവൻ കാണികൾക്കു മുമ്പിൽ കാട്ടുവാൻ തുടങ്ങി. സ്വതസിദ്ധമായ അവന്റെ ഭാവാദികൾ കണ്ട സദസ് കയ്യടിച്ചു. ചാപ്ലിൻ ലോകപ്രശസ്തനായ കലാകാരനായി. ജീവിതത്തിന്റെ പ്രതിസന്ധികളിൽ പിന്നോട്ടുപോകാതെ പിടിച്ചുയർത്തുവാൻ ഒരു മനോബലം മതിയായിരുന്നു അവന്. മറ്റൊരാളുടെ ഒരു തള്ള്, എല്ലാം തകർന്നു എന്ന് ചിന്തിക്കാതെ, വിജയിക്കുവാൻ നമുക്കാകും.

## ഓട്ടപ്പന്തയം

ഏറ്റവും നല്ല മോട്ടിവേഷൻ പാഠം ഹെബ്രായരുടെ ലേഖനത്തിൽ കാണാം. ഓട്ടപ്പന്തയം ഓടിയേ തീരൂ. യേശുവിനെ മുന്നിൽക്കണ്ടുകൊണ്ട് ഓടണം. സ്വന്തം സന്തോഷം ഉപേക്ഷിച്ചവനാണ് യേശു. മനോധൈര്യം നഷ്ടപ്പെടാതിരിക്കാൻ അവൻ പാപികളുമായി എതിരിട്ടു.

ഓട്ടപ്പന്തയത്തിലെ വിജയികൾക്ക് വലിയ ആദരവാണ് അക്കാലത്ത് ലഭിച്ചിരുന്നത്. ഈ കഴിഞ്ഞ ക്രിക്കറ്റ് വേൾഡ് കപ്പ് ഫൈനൽ ഫലം ഏറെ ചർച്ച ചെയ്യപ്പെട്ട താണ്. ഫൈനലിന്റെ ക്ലൈമാക്സ്, കളിക്കാർ, ജയം. ന്യൂസിലന്റിനുവേണ്ടി അവസാന റണ്ണിനായി ഓടി ക്രീസിലേക്ക് മുഴുനീളൻ ഡൈവ് ചെയ്ത് വീണൊഴുകിയെത്തിയ മാർട്ടിൻ ഗപ്ടിൽ. സമനില പിടിക്കാനേ പറ്റിയുള്ളൂ. വേഗത അൽപം കുറഞ്ഞതാണോ? പക്ഷേ, ടൂർണമെന്റിലുടനീളം മനോഹരമായി കളിച്ച ആ കളിക്കാരന്റെ ഇടതു പാദത്തിന് രണ്ട് വിരലുകളെ ഉള്ളൂ. 13-ാം വയസ്സിൽ ഇടതുകാലിൽ ട്രക്ക് കയറി ചതഞ്ഞരഞ്ഞപ്പോൾ 3 വിരലുകൾ മുറിച്ചു നീക്കി. രണ്ടു വിരലുമായി ആ പോരാളി ജീവിതത്തെ നേരിട്ടു. ഏകദിനത്തിൽ ഇരട്ട സെഞ്ചുറി നേടിയ ബാറ്റ്സ്മാനെന്ന ഖ്യാതിയുമുണ്ട്. ഗപ്ടിൽ തോറ്റിട്ടില്ല. ആ പോരാളിയെ ലോകം നമിക്കുന്നു.

### വീട്ടിലെ കലാപം

കുരിശിലെ സ്നാനം സ്വീകരിക്കാനാണ് ക്രിസ്തു ഒരുങ്ങുന്നത്. തടവിലാക്കപ്പെട്ട് നിശബ്ദതയിൽ കഴിഞ്ഞ് വധശിക്ഷ ഏറ്റുവാങ്ങുന്ന തടവുകാരനെപ്പോലെയല്ല യേശു. മറിച്ച് കുരിശിലേക്ക് നയിക്കപ്പെടാവുന്ന കാരണങ്ങൾ, അത് നിവർത്തിതമാക്കാനാണ് അവൻ ശ്രമിക്കുന്നത്. ഭിന്നതകൾ നിറഞ്ഞ ഭവനത്തെ യേശു ഉദാഹരിക്കുന്നു. നമ്മുടെ സീരിയലുകളിൽ കാണുന്ന അമ്മായിയമ്മ, മരുമകൾ തർക്കംപോലെ വലിയ വിഭജനത്തിന്റെ വീട്ടുമ്പുറത്തേക്ക് യേശു നമ്മളെ കൊണ്ടുപോകുന്നു. ദൈവരാജ്യവും അത് പ്രതിനിധാനം ചെയ്യുന്നവരും എല്ലാവർക്കും സ്വീകാര്യമാകില്ല. എതിർക്കുന്നവർ കലാപം അഴിച്ചിടും. ക്രിസ്തുവിൽ ഒന്നിക്കുവാൻ നമുക്ക് കഴിയേണ്ടതല്ലേ? വീട് എന്നു പറയുന്നത് ഏറ്റവും ചുരുങ്ങിയ ബന്ധങ്ങളുടെ വേദികയാണ്. അവിടെ ഉറ്റവർക്കുപോലും സമാധാനത്തിൽ കഴിയാനാകുന്നില്ലെങ്കിൽ സമൂഹത്തിന്റെ കാര്യം പറയാനുണ്ടോ? നമ്മെ വ്യഗ്രതപ്പെടുത്തുന്ന എന്തെല്ലാം പ്രശ്നങ്ങളാണ് നമുക്കു ചുറ്റും. കാനായി കുഞ്ഞിരാമൻ "ദുഃഖം മനസ്സാണ്" എന്ന ശീർഷകത്തിൽ പാടുന്നു

"വിശപ്പിനളവുണ്ട്
ദാഹത്തിനളവുണ്ട്
കാമത്തിനളവുണ്ട്
മോഹത്തിനളവില്ല
അതിമോഹം
ചക്രം ചവിട്ടും"

### നിഗൂഢതകളുടെ ആനന്ദം

മിലാനിലെ പ്രഭുവായിരുന്ന ലുഡ്വിക്കോ സഫ്രോസയുടെ ആവശ്യപ്രകാരമായിരുന്നു 1494 ൽ ഡാവിഞ്ചി അവസാനത്തെ അത്താഴം വരയ്ക്കുവാൻ തുടങ്ങിയത്. പ്രഭു തന്റെ ഓർമ്മയ്ക്കായി ഒരു വിശുദ്ധ മുസോളിയം നിർമ്മിക്കണമെന്ന് ആഗ്രഹിച്ച് മിലാന്റെ ഹൃദയഭാഗത്ത് സാന്ത മറിയ സെല്ല പ്രാസ്യ എന്നൊരു പള്ളി വിലയ്ക്കുവാങ്ങി. പള്ളിയുടെ അകത്തളത്തിലെ ഭക്ഷണശാലയുടെ വടക്കേ ഭിത്തിയിൽ ക്രിസ്തുവിന്റെ അവസാനത്തെ അത്താഴം വരയ്ക്കുവാൻ പ്രഭു ഡാവിഞ്ചിക്കു കരാർ നല്കി. ഡാവിഞ്ചി പൊതുവെ അലസനായിരുന്നു. പ്രഭുവിന് പലപ്പോഴും കർക്കശമായി ഡാവിഞ്ചിയോട് ചിത്രം പൂർത്തീകരിക്കാൻ നിർദ്ദേശിക്കേണ്ടിവന്നു. ഇറ്റാലിയൻ ഭാഷയുടെ പ്രധാന പ്രത്യേകത അത് അംഗവിക്ഷേപത്തിലൂടെയാണ് അനുവാചകനിലേക്ക് സംവേദനം നടത്തുന്നത്. ഈ തന്ത്രമാണ് ഡാവിഞ്ചി അവസാനത്തെ അത്താഴത്തിൽ പ്രയോഗിച്ചത്. അറസ്റ്റിനുമുമ്പ് തന്റെ പന്ത്രണ്ടു ശിഷ്യന്മാരോടൊപ്പം അത്താഴം കഴിക്കുമ്പോൾ ശിഷ്യന്മാർക്ക് മുന്നിൽ നടത്തുന്ന ചില അപ്രതീക്ഷിത വെളിപ്പെടത്തലുകളാണ് ചിത്രത്തിന്റെ ഉള്ളടക്കം. നിശബ്ദനായി തലകുമ്പിട്ടിരിക്കുന്ന ക്രിസ്തുവിന്റെ കൈകൾ അംഗവിക്ഷേപത്തിലൂടെ ചില നിർദ്ദേശങ്ങൾ നൽകുന്നതായാണ് ചിത്രത്തിൽ ആലേഖനം ചെയ്തിട്ടുള്ളത്. ചിത്രത്തിൽ ക്രിസ്തുവിന്റെ വായ അൽപം തുറന്നാണിരിക്കുന്നത്. അതായത് നാടകീയമായ ചില വെളിപ്പെടുത്തലുകൾ നടത്തിയ ശേഷം ക്രിസ്തു തന്റെ ശിഷ്യന്മാരോട് ശാന്തമായി അപ്പവും വീഞ്ഞും കഴിക്കാൻ അംഗവിക്ഷേപത്തിലൂടെ നിർദ്ദേശം നല്കുന്നു. ക്രിസ്തുവിന്റെ വെളിപ്പെടുത്തലുകളിൽ ഞെട്ടിയ ശിഷ്യന്മാർ ഓരോരുത്തരായി ഓരോ ചോദ്യങ്ങൾ അംഗവിക്ഷേപത്തിലൂടെ പ്രകടിപ്പിക്കുന്നതാണ് ചിത്രത്തിന്റെ ചാരുത. യേശു ഈ സുവിശേഷ ഭാഗത്തു നടത്തുന്ന വെളിപ്പെടുത്തലുകളുടെ അർത്ഥതലങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയില്ല. നിഗൂഢതകളുടെ ആനന്ദം അതിലുണ്ട്. ക്രിസ്തുവിനെ അറിയുകയും അനുഭവിക്കുകയും ചെയ്യുമ്പോൾ സത്യം വെളിവാക്കപ്പെടും. ■

ആണ്ടുവട്ടം 21-ാം ഞായർ (ആഗസ്റ്റ് 25)

**നീർച്ചാലുകൾ**

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

# തുടക്കവും ഒടുക്കവും അവനാണ്, അവനിലാണ്

ഏശ. 66:18-21 | ഹെബ്രാ. 12: 5-7. 11-13 | ലൂക്ക. 13:22-30

ടൂറിനിൽ കോളറ പടർന്നുപിടിച്ച കാലം നഗരാധികാരികൾ പോലും കൈ മലർത്തിയ സന്ദർഭത്തിൽ ഡോൺ ബോസ്കോ തെരുവിൽ നിന്ന് താൻ രക്ഷപ്പെടുത്തിയ യു

വാക്കളുടെ ഒരു സേവനസംഘം ജീവൻ പണയം വച്ചും ആത്മാർത്ഥമായി രോഗികളെ ശുശ്രൂഷിച്ചു. അവർക്ക് ആവശ്യമായ ഭക്ഷണം, മരുന്ന്, വൃത്തിയുള്ള തുണി, എവിടെ നിന്ന് കിട്ടും? കുട്ടികൾ പലതരം ആവശ്യങ്ങളുമായി എത്തുമ്പോൾ അമ്മ മാർഗരറ്റ് – ഡോൺബോസ്കോയുടെ അമ്മ – ഓററ്ററിയിൽ (അവർ താമസിച്ചിരുന്ന സ്ഥലം) ഉണ്ടായിരുന്ന ഉപയോഗമുള്ളതെല്ലാം വിതരണം ചെയ്തു. ഒരിക്കൽ ഒരു രോഗിയെ ഉടുപ്പിക്കാൻ വൃത്തിയുള്ളൊരു തുണി വേണമെന്ന ആവശ്യവുമായി ഒരു യുവാവെത്തി. എവിടെ നിന്ന്? ഉണ്ടായിരുന്നതെല്ലാം നേരത്തെ കൊടുത്തു കഴിഞ്ഞിരുന്നു. അവർ നേരെ ചാപ്പലിൽ കടന്നു. പള്ളിയിൽ ഉപയോഗിക്കുന്ന തിരുവസ്ത്രങ്ങൾ പൊതിഞ്ഞ് ആ യുവാവിനെ ഏൽപ്പിച്ചു. മകൻ വന്നപ്പോൾ വ്യസനത്തോടെ അമ്മ താൻ ചെയ്തത് പറഞ്ഞു. തെരുവിൽ നഗ്നമായി കിടക്കുന്നത് ക്രിസ്തുവിന്റെ ശരീരമാണ്. അതിനെ ഉടുപ്പിക്കാൻ ഇതിലും നല്ല വസ്ത്രം കിട്ടാനില്ല. ഡോൺ ബോസ്കോ അമ്മയെ ആശ്വസിപ്പിച്ചു. തന്റെ ചെറിയ ബോർഡിങ്ങിൽ കുട്ടികൾ കൂടിയപ്പോൾ സഹായത്തിന് ഡോൺബോസ്കോ വിളിച്ചത് തന്റെ അമ്മയെ ആയിരുന്നു. ഓററ്ററിയിലെ കുട്ടികളെല്ലാവരും ഡൊമിനിക്കു സാവിയോമാരായിരുന്നില്ല. അവരുടെ കുസൃതി സഹിച്ചു മടുത്തപ്പോൾ മാർഗരറ്റ് താൻ വീട്ടിലേക്കു തിരിച്ചു പോകുകയാണെന്നറിയിച്ചു. ഡോൺ ബോസ്കോ അവിടെ തൂക്കിയിട്ടിരുന്ന ക്രൂശിതരൂപത്തിലേക്കു നോക്കി. അമ്മയ്ക്ക് കാര്യം മനസ്സിലായി. കുരിശിന്റെ വഴി ഇടുങ്ങിയതാണ്. ഇതെല്ലാം ഡോൺ ബോസ്കോ ആദ്യം ഗ്രഹിച്ചത് തന്റെ അമ്മയിൽ നിന്നു തന്നെയായിരുന്നു. ആലിപ്പഴം വീണ് മുന്തിരിപ്പഴങ്ങൾ നിലത്ത് വീണു പോകുമ്പോൾ മാർഗരറ്റ് കുഞ്ഞുങ്ങളെ അണച്ചു നിർത്തി പറയും. ദൈവം തന്നു. ദൈവം എടുത്തു. നമുക്ക് ദൈവത്തെ സ്തുതിക്കാം. ജീവിതത്തിൽ കടന്നു പോകേണ്ട വാതിലുകൾ ഇടുങ്ങിയതാണ് ഈശ്വര ചിന്തയോടെ വളരാൻ അമ്മ മക്കളെ പഠിപ്പിച്ചു.



> ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കാൻ എത്രപേർ തയ്യാറാകും. സകലവിധ സൗകര്യങ്ങളും ആഡംബരങ്ങളും ക്ഷിപ്രകാര്യസാദ്ധ്യതയുമാണ് എല്ലാവരും തന്നെ ഇഷ്ടപ്പെടുന്നത്. മനുഷ്യന്റെ തൃഷ്ണ ഒരിക്കലും അവസാനിക്കുന്നില്ല. എല്ലാം പെട്ടെന്ന് കഷ്ടപ്പാടില്ലാതെയും ലഭിക്കണമെന്നാണ് ആഗ്രഹം.

ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കാൻ എത്രപേർ തയ്യാറാകും. സകലവിധ സൗകര്യങ്ങളും ആഡംബരങ്ങളും ക്ഷിപ്രകാര്യസാദ്ധ്യതയുമാണ് എല്ലാവരും തന്നെ ഇഷ്ടപ്പെടുന്നത്. മനുഷ്യന്റെ തൃഷ്ണ ഒരിക്കലും അവസാനിക്കുന്നില്ല. എല്ലാം പെട്ടെന്ന് കഷ്ടപ്പാടില്ലാതെയും ലഭിക്കണമെന്നാണ് ആഗ്രഹം. അതിനെന്തു മാർഗ്ഗവും സ്വീകാര്യമാണ്. പേര് വേണം, പദവി വേണം, സ്വാധീനം വേണം, പേരും പടവും അച്ചടിച്ചു വരണം അതെങ്ങനേയും ലഭിക്കണം. ഇവിടെ വാതിൽ വിശാലമാണ്. ആർക്കും ഒന്നും തികയുന്നില്ല. തൃപ്തി വരുന്നില്ല. കൂടുതൽ കിട്ടണം, കൂടുതലായി ആസ്വദിക്കണം. അതിനായി കടന്നുപോകുന്ന വാതിലുകൾ നാശത്തിലേക്കു നയിക്കുന്നു. വീടുകളിൽ കുട്ടികൾക്ക് അറിഞ്ഞോ അറിയാതെയോ ഓതിക്കൊടുക്കുന്നത് മത്സരിക്കാനും പരാജയപ്പെടുത്താനുമൊക്കെയാണ്, ഒന്നിലും തൃപ്തിയില്ലാത്ത മാതാപിതാക്കളെ നോക്കി മക്കൾ പഠിക്കുന്നു. ജീവിതമൂല്യങ്ങൾക്കും ഈശ്വര വിശ്വാസത്തിനുമെല്ലാം ഭൗതികനേട്ടങ്ങൾക്കു ശേഷമേ സ്ഥാനമുള്ളൂ. അസംതൃപ്തരായ ഒരു തലമുറ ഇവിടെ ജന്മം കൊള്ളുന്നു. ആവർത്തനത്തിലും വൈവിദ്ധ്യത്തിലും പുതുമകളോടെ തൃഷ്ണ അതിന്റേതായ വിശാലമായ വാതിലുകൾ തേടിക്കൊണ്ടേയിരിക്കും. ലോകം തെറ്റു ചെയ്യുന്നു. തെറ്റുകളെപ്പറ്റി കേൾക്കുന്നു. എങ്കിലും ഒരിക്കലും അതിൽ നിന്ന് പാഠം പഠിക്കുന്നില്ല. പലപ്പോഴും വിവേകം നേടുന്നത് മറ്റുള്ളവരേൽക്കുന്ന പ്രഹരത്തിൽ നിന്നല്ല. സ്വന്തം മുറിവുകളിൽ നിന്നാണ്.

രക്ഷപ്രാപിക്കാൻ എന്തു ചെയ്യണം? വീടും കുടുംബവും വിട്ടിറങ്ങി ഭക്ഷണപാനീയങ്ങളുമുപേക്ഷിച്ച് തപസ്സനുഷ്ഠിക്കണോ? പ്രേക്ഷതനായി മാറണോ? അത് എല്ലാവർക്കും പറഞ്ഞിട്ടുള്ളതല്ല. ഒരു വിശുദ്ധനാകാൻ ഭക്ഷണമുപേക്ഷിക്കുകയും കിടക്കവിരികൾക്കിടയിൽ കല്ലും തടിക്കഷ്ണങ്ങളും ഇട്ട് ശരീരത്തെ പീഢിപ്പിക്കുകയും ചെയ്ത ഡൊമനിക് സാവിയോയോട് ഡോൺ ബോസ്കോ പറഞ്ഞു. 'Here Sanctity Consists in being cheerful' ഇവിടെ സന്തോഷവാനായിരിക്കുന്നതിലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നത്. അസാധാരണത്തിലാണ് ദൈവം സംപ്രീതനായിരിക്കുന്നത് എന്ന വിശ്വാസം ശരിയാകണമെന്നില്ല. ഇസബെല്ലിനെ പേടിച്ച് ഏലിയാ പ്രവാചകൻ ഒരു ഗുഹയിലൊളിച്ചു. അദ്ദേഹം യഹോവയെ പ്രതീക്ഷിച്ചു കാത്തിരുന്നു. അപ്പോൾ ഒരു കൊടുങ്കാറ്റുണ്ടായി. കൊടുങ്കാറ്റിൽ കർത്താവില്ലായിരുന്നു. കൊടുങ്കാറ്റു കഴിഞ്ഞ് ഭൂകമ്പമുണ്ടായി. ഭൂകമ്പത്തിലും കർത്താവില്ലായിരുന്നു. അഗ്നിയടങ്ങിയപ്പോൾ ഒരു മൃദു സ്വരം കേട്ടു. ഏലിയാ കർത്താവിനെ തിരിച്ചറിഞ്ഞു (1 രാജാ.19) അസാധാരണമായ ത്യാഗങ്ങൾ തേടിപ്പോകേണ്ട ആവശ്യമില്ല. കടന്നുപോകുന്ന വാതിലുകൾ ഇടുങ്ങിയതാകുന്ന എത്രയോ സന്ദർഭങ്ങൾ കുടുംബത്തിലുണ്ടാകാറുണ്ട്. രോഗങ്ങൾ..... മരണം........ സാമ്പത്തിക ബുദ്ധിമുട്ടുകൾ ...... പൊരുത്തക്കേടുകൾ. പരാതി കൂടാതെ, എല്ലാം ഇട്ടെറിഞ്ഞുപോകാതെ, സമചിത്തതയോടും ക്ഷമയോടും ആത്മനിയന്ത്രണത്തോടും കൂടി ജീവിക്കുന്നതിനപ്പുറം വലിയ ത്യാഗമുണ്ടോ? ഇതിനെയാണല്ലോ നമ്മൾ ഇടുങ്ങിയ വാതിലായി കാണുന്നത്.

നമ്മുടെ ജീവിതത്തിൽ മാതൃക യേശു തന്നെയാണ്. അതായത് വാതിൽ (10:7). അവനിലൂടെയാണ് പ്രവേശിക്കേണ്ടത്. തുടക്കം അവനാണ്, വഴി അവനാണ്. സമ്മാനവും അവൻ തന്നെ. ■

# ഒരുമാസം ഒരു വാസം നാലുകുടുംബങ്ങൾക്ക് തണലായി

കഴിഞ്ഞ ആറുവർഷമായി എല്ലാ വെള്ളിയാഴ്ചയും പ്ലാമൂട് സാന്താമരിയ കോൺവെന്റിൽ നടന്നുവന്നിരുന്ന പ്രാർത്ഥന കൂട്ടായ്മ ഇന്ന് ആത്മീയ ശുശ്രൂഷയിൽ മാത്രമല്ല, ഭൗതിക ശുശ്രൂഷയിലും ഏവർക്കും മാതൃകയാണ്. നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കുവാനും ഉള്ളതിൽ പങ്ക് സഹോദരന് നൽകുവാനുമുള്ള ദൈവിക പ്രചോദനത്തിന്റെ അനുഭവത്തിൽ നിന്ന് ആ കൂട്ടായ്മ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നൽകിയത് നിർധനരും രോഗികളും അവശരുമടങ്ങുന്ന നാലു കുടുംബങ്ങൾക്ക് സ്വന്തമായി ഓരോ ഭവനങ്ങളാണ്. ആത്മീയ ജീവിതത്തെ തിളക്കമുള്ളതാക്കുന്ന ഈ ജീവകാരുണ്യ പ്രവർത്തനത്തിന് ബീജാവാപം നടത്തിയത് പ്രാർത്ഥന കൂട്ടായ്മയുടെ ആത്മീയ നേതൃത്വമായ ഫാ. ജസ്റ്റിൻ ജൂഡിനാണ്. കരുണയുടെ വർഷത്തിൽ ഭവനരഹിതരായവരിൽ ഒരു കുടബത്തിന് വീടുവച്ച് നൽകുന്നത് ദൈവകരുണയോടുള്ള നമ്മുടെ പക്ഷം ചേരലായിരിക്കുമെന്ന് ഫാ. ജസ്റ്റിൻ ജൂഡിന്റെ നിർദ്ദേശം പൂവണിയാൻ അധികകാലം വേണ്ടിവന്നില്ല. 2018 ഏപ്രിൽ 3 ന് പൂന്തുറ സ്വദേശിയായ ആൽബർട്ടിനും കുടുംബത്തിനും ഭവനനിർമാണ സഹായമായി 4 ലക്ഷം രൂപ നൽകികൊണ്ടാണ് പ്രാർത്ഥന കൂട്ടായ്മയുടെ ഒരു മാസം ഒരു വാസം എന്ന ജീവകാരുണ്യ പദ്ധതി തുടക്കമാകുന്നത്. സുമനസ്സുകളുടെ നിർലോഭമായ സഹായസഹകരണങ്ങളാണ് ഒരു മാസം ഒരു വാസം പദ്ധതിയുടെ ജീവശ്വാസം. ഇന്നും അഭംഗുരം തുടരുന്ന ഈ ജീവകാരുണ്യപ്രവർത്തനം വഴി ഭവനത്തിന് അർഹരായവർ ആൽബർട്ടിന് പുറമെ കൊച്ചുതോപ്പ് ഇടവകാംഗങ്ങളായ രാജ-ജീനി, അടിമലത്തുറ ഇടവകാംഗമായ കൊച്ചുത്രേസ്യ, നെട്ടയം ഇടവകയിലെ ബിനു-സൗമ്യ എന്നിവരാണ്. ജീവിത പ്രാരബ്ദത്തിൽ നട്ടം തിരിയുന്ന, ആലംബഹീനരും അവശരും രോഗികളുമായവരെ ഒരുകൈ സഹായിക്കാനുള്ള ഒരു കൂട്ടം ആത്മീയ ജീവിതങ്ങളുടെ സന്മനസ് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. ഭവന നിർമാണ സഹായ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകാൻ 20 പേരടങ്ങുന്ന ഒരു സമിതിയുണ്ട്. ഫ്രാൻസിസ് ക്രൂസ് സെക്രട്ടറിയും ജീജി മാത്യു ഖജാൻജിയുമാണ്.

ഗുണഭോക്താക്കളെ കണ്ടെത്തിയ ശേഷം ഭവന നിർമാണത്തിനാവശ്യമായ തുക അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യത്തിന് കൈമാറുന്നതാണ് ഒരു മാസം ഒരു വാസം പദ്ധതിയുടെ പ്രവർത്തനരീതി. ഇങ്ങനെ കൈമാറുന്ന തുക ഉപയോഗിച്ച് അതിരൂപത സാമൂഹ്യ ശുശ്രൂഷാ വിഭാഗമായ റ്റിഎസ്എസ്എസ്, ഭവനം ഒരു സമ്മാന പദ്ധതിയുമായി ചേർന്ന് വീടുനിർമ്മിച്ചു നൽകുന്നു.



രാജു-ജിനി ദമ്പതികൾക്ക് വീടിന്റെ താക്കോൽ കൈമാറുന്നു



കൊച്ചുത്രേസ്യയ്ക്ക് വീടിന്റെ താക്കോൽ കൈമാറുന്നു

ഇതിനോടകം നാലു ഭവനങ്ങൾക്കായി 19 ലക്ഷം രൂപയാണ് പ്രാർത്ഥന കൂട്ടായ്മ സമാഹരിച്ച് നൽകിയത്. ഈ പദ്ധതി അഭംഗുരം തുടരാൻ ദൈവം തങ്ങളെ പ്രാപ്തരാക്കട്ടെയെന്നാണ് ഞങ്ങളുടെ പ്രാർത്ഥനയെന്നും ഇനിമുതൽ ഒരു മാസം ഒരു വാസം കൂട്ടായ്മ ശുശ്രൂഷ കവടിയാർ കുറവൻകോണം സെന്റ് തോമസ് ദേവാലയത്തിൽ വച്ചായിരിക്കും നടക്കുകയെന്നും പ്രാർത്ഥന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന ഫാ. ജസ്റ്റിൻ ജൂഡിൻ പറഞ്ഞു.



*സൗമ്യ-ബിനു ദമ്പതികളുടെ ഭവനം ബിഷപ്പ് ക്രിസ്തുദാസ് ആർ. ആശീർവദിക്കുന്നു*



*പൂന്തുറ ഇടവകയിലെ ആൽബർട്ടിന്റെ ഭവനം ഫാ. ജസ്റ്റിൻ ജൂഡിൻ ആശീർവദിക്കുന്നു*

advt

2019 സെപ്റ്റംബർ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്

# ക്രിസ്തു ജീവിക്കുന്ന വേദികളാകട്ടെ നമ്മുടെ കുടുംബ കൂട്ടായ്മകൾ



1. പരിശുദ്ധാത്മാവിന്റെ ഗാനം
   ബൈബിൾ വന്ദനം
2. സ്വാഗതം: കുടുംബനാഥൻ/നാഥ
3. ആമുഖം

സെപ്തംബർ മാസം നമ്മെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമർഹിക്കുന്ന മാസമാണ്. രക്ഷകനായ യേശുവിന് ജന്മമേകുവാൻ ദൈവം തെരഞ്ഞെടുത്ത സഹരക്ഷകയായ പരിശുദ്ധ കന്യകാംബയുടെ ജനനമഹോത്സവം ആഘോഷിക്കുന്ന മാസം. ഒപ്പം മലയാളികളുടെ ദേശീയ ഉത്സവമായ ഓണം ആഘോഷിക്കുന്ന ദിനങ്ങളും. ഇവ രണ്ടും നമ്മെ അനുസ്മരിപ്പിക്കുന്നത് ജീവിതത്തിന് അർഥമുണ്ടാകണമെങ്കിൽ, ജീവിതം നന്മ പൂരിതമാകണമെങ്കിൽ, പ്രത്യാശയേക്കാൾ പ്രാപ്തിയുള്ള സന്തോഷവും സമാധാനവും പ്രദാനം ചെയ്യാൻ കഴിയുന്ന ഒരു ശക്തി നമ്മുടെ കുടുംബങ്ങളിലും കുടുംബകൂട്ടായ്മകളിലുമുണ്ടാകണം.

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ ആഘോഷിക്കുമ്പോൾ ദിവ്യജനനി നമ്മോട് മന്ത്രിക്കുന്നത് മനുഷ്യകുലത്തിന്റെ മുഴുവൻ രക്ഷക്കുവേണ്ടി എന്നിലൂടെ ഭൂജാതനായ "ക്രിസ്തു ഇന്നും ജീവിക്കുന്നു." നമ്മുടെ കുടുംബങ്ങളിൽ, കുടുംബ കൂട്ടായ്മകളിൽ ക്രിസ്തു ഇന്നും എന്നും ജീവിക്കണം. നാം ഓണം ആഘോഷിക്കുമ്പോഴും അനുസ്മരിക്കുന്ന സന്ദേശം മറ്റൊന്നുമല്ല. മനുഷ്യസ്നേഹിയായ, ത്യാഗത്തിന്റെ പര്യായവും ഐശ്വര്യത്തിന്റെയും സമ്പൽസമൃദ്ധിയുടെയും പ്രതീകം കൂടിയായ മഹാബലിയുടെ ഐതിഹാസികമായ ജീവിതം നമ്മെ പ്രചോദിപ്പിക്കണം. ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം ഓണാഘോഷങ്ങൾക്ക് നിദാനമായ മഹാബലി രാജാവും ക്രിസ്തുവും തമ്മിൽ ഏറെ സാദൃശ്യമുണ്ട് എന്ന സത്യമാണ് മനസ്സിലാക്കുന്നത്. അതിനാൽ ഈ രണ്ട് ആഘോഷങ്ങളിലും നാം പങ്കുചേരുമ്പോൾ പരിശുദ്ധ ഫ്രാൻസിസ് പാപ്പ യുവജനങ്ങൾക്കും ലോകത്തിലെ സർവ ദൈവജനത്തിനും നൽകിയ

സന്ദേശം 'ക്രിസ്തു ഇന്നും ജീവിക്കുന്നു' എന്ന വലിയ സത്യം ഉൾക്കൊള്ളണം. അതിനനുസൃതമായ നമ്മുടെ ജീവിതത്തെ, കുടുംബബന്ധങ്ങളെ, കുടുംബ കൂട്ടായ്മകളുടെ പ്രവർത്തനങ്ങളെ ക്രമപ്പെടുത്തണം. ഈ വിഷയമാണ് ഇന്നത്തെ കുടുംബ കൂട്ടായ്മ യോഗത്തിൽ നാം വിചിന്തന വിഷയമാക്കുന്നത്.

## 4. യേശുവിനെ ക്ഷണിക്കൽ

നിരാലംബരായവർക്ക് പ്രത്യാശയേകിക്കൊണ്ട്, രോഗികളെ സുഖപ്പെടുത്തിക്കൊണ്ട്, വിശക്കുന്നവർക്ക് അന്നമേകിക്കൊണ്ട്, സങ്കീർണമായ പ്രശ്നങ്ങളിൽപ്പെട്ടുഴലുന്നവർക്ക് മാർഗനിർദേശവും പരിഹാരവും നൽകിക്കൊണ്ട് ഇന്നും ജീവിക്കുന്ന ക്രിസ്തുവിനെ നമ്മുടെ കൂട്ടായ്മയിലേക്ക് നമുക്ക് ക്ഷണിക്കാം.

## 5. വചനഗീതി

## 6. ദൈവവചന പാരായണം

**മത്തായി 16:13-20**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

## 7. വചനവിചിന്തനം

യേശുവും ശിഷ്യന്മാരും യാത്രയിലാണ്; കർമനിരതരുമാണ്. ജീവിതം ചലനാത്മകമാണെന്ന സത്യം അനുസ്മരിപ്പിക്കുന്നു.

കേസറിയാ ഫിലിപ്പി: അന്യദേവന്മാരെ ആരാധിക്കുന്ന ക്ഷേത്രങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്ന പട്ടണം. പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തിനായി യേശു ബോധപൂർവം തെരഞ്ഞെടുത്ത സ്ഥലം.

മനുഷ്യനിർമിതമായ ക്ഷേത്രങ്ങളിൽ ഇരിക്കുന്ന ജീവനില്ലാത്ത പ്രതിമകൾക്കും മനുഷ്യരെ രക്ഷിക്കാനാകില്ല എന്ന സത്യം ഓർമിപ്പിക്കുന്നു.

തിരക്കേറിയ, പ്രവർത്തന നിരതമായ ജീവിതത്തിൽ ഇടക്കിടയ്ക്ക് ഒരു വിലയിരുത്തലിന്റെ, ആത്മപരിശോധനയുടെ ആവശ്യകത വെളിപ്പെടുത്തുന്നു.

വിലയിരുത്തലിന്റെ സൂചിക: എന്നെയും എന്റെ പ്രവർത്തനങ്ങളെയും മനോഭാവത്തെയും സഹജീവികളോടുള്ള ബന്ധത്തെയും കുറിച്ച് ഞാൻ എങ്ങനെ വിലയിരുത്തുന്നു? സ്വയാവബോധം ഉണ്ടോ?

എന്നെയും എന്റെ പ്രവർത്തനങ്ങളെയും കുറിച്ച് പൊതുജനം എന്തു പറയുന്നു.

എന്റെ കൂടെയുള്ള സഹപ്രവർത്തകരുടെ എന്നെക്കുറിച്ചുള്ള അറിവും അനുഭവവും എന്താണ്.

യേശു എനിക്കു എന്റെ കുടുംബത്തിനും ആരാണ്?

പത്രോസിന്റെ വിശ്വാസ പ്രഖ്യാപനം: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്. ഇത് ദൈവം ബൗദ്ധികമായ അറിവാകരുത് - ജീവിതാനുഭവത്തെ സാക്ഷപ്പെടുത്തലാകണം.

പത്രോസിന്റെ വിശ്വാസ പ്രഖ്യാപനം അദ്ദേഹത്തിന്റെ കഴിവോ മിടുക്കോ കൊണ്ടല്ല സംഭവിക്കുന്നത്. ദൈവിക വെളിപ്പെടുത്തലാണ്.

നമ്മുടെ വിശ്വാസം ദൈവികമായ ദാനമാണ്. അത് പരിപോഷിപ്പിക്കുവാൻ ബോധപൂർവമായ ശ്രമം ആവശ്യമാണ്.

ഫ്രാൻസിസ് പാപ്പയുടെ സിനഡനന്തര അപ്പസ്തോലിക ഉദ്ബോധനം. ക്രിസ്തു ജീവിക്കുന്നു. വിശിഷ്യ, 4-ാം അധ്യായം: യുവജനങ്ങൾക്കുള്ള (നമുക്കോരോരുത്തർക്കുമുള്ള) മഹത്തായ സന്ദേശം.

നമ്മുടെ ജീവിതത്തിൽ നമുക്ക് എന്തുതന്നെ സംഭവിച്ചാലും സംശയം കൂടാതെ ഓർക്കേണ്ട, അംഗീകരിക്കേണ്ട സത്യം: "ദൈവം നമ്മെ സ്നേഹിക്കുന്നു", പരിമിതികളില്ലാതെ, വ്യവസ്ഥകളില്ലാതെ.

ക്രിസ്തുവിന് നമ്മോടുള്ള സ്നേഹത്തെ പ്രതി, ഏറെ ത്യാഗം അനുഭവിച്ചുകൊണ്ടും സ്വന്തം ജീവൻ ബലിയായി നൽകിക്കൊണ്ടും ക്രിസ്തു നമ്മെ രക്ഷിക്കുന്നു: നൈമിഷിക സുഖങ്ങൾക്കോ, പരിമിതമായ ശക്തിക്കോ, തത്വസംഹിതയ്ക്കോ, സ്വാർത്ഥരായ ലാഭക്കൊതിയരായ മനുഷ്യർക്കോ നമ്മെ രക്ഷിക്കാനാകില്ല.

നമ്മെ അനന്തമായി സ്നേഹിക്കുന്ന, സ്വജീവൻ ബലിയർപ്പിച്ചുകൊണ്ട് നമ്മെ രക്ഷിക്കുന്ന ക്രിസ്തു ഇന്നും ജീവിക്കുന്നു: നമ്മെ തന്റെ കൃപ കൊണ്ട് നിറയ്ക്കുന്ന ഒരാളായി, വിമോചിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും സൗഖ്യമാക്കുകയും ആശ്വസിക്കുകയും ചെയ്യുന്ന ഒരാളായി, ക്രിസ്തു ഇന്നും നമ്മോടുകൂടെ, നമ്മുടെ കുടുംബങ്ങളിൽ കുടുംബ കൂട്ടായ്മകളിൽ, തൊഴിലിടങ്ങളിൽ ജീവിക്കുന്നു.

ഏറെ പ്രസക്തമായ ചോദ്യം: നമ്മെ സ്നേഹിക്കുന്ന, സംരക്ഷിക്കുന്ന, നമ്മോടൊത്ത് ജീവിക്കുന്ന ക്രിസ്തുവിനെ നമുക്ക് അനുഭവിക്കാൻ സാധിക്കുന്നുണ്ടോ? അതിനുള്ള അന്തരീക്ഷം നമ്മുടെ കുടുംബങ്ങളിലും കുടുംബ കൂട്ടായ്മകളിലും ഉണ്ടോ?

## 8. ചർച്ച

1. ക്രിസ്തു വ്യക്തിപരമായും കുടുംബത്തെയും സ്നേഹിച്ച, രക്ഷിച്ച, ജീവിക്കുന്ന അനുഭവങ്ങൾ പങ്കുവയ്ക്കുക.

2. ക്രിസ്തുവിന്റെ സ്നേഹവും സാന്നിധ്യവും രക്ഷയും അനുഭവിക്കുവാൻ തടസമായി നിൽക്കുന്ന ഘടകങ്ങൾ ഏവ? അവയെ നമുക്ക് എങ്ങനെ അതിജീവിക്കാം?

പരിശുദ്ധ മറിയത്തിന്റെ ജനനത്തിരുന്നാളും ഓണവും അർത്ഥവത്തായി ആഘോഷിക്കുവാൻ, ക്രിസ്തു ഇന്നും ജീവിക്കുന്നുവെന്ന സന്ദേശം കൈമാറാൻ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുക.

## 9. റിപ്പോർട്ട്

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

## 12. വിശ്വാസികളുടെ പ്രാർത്ഥന

നമ്മുടെ ജീവിതത്തിന്റെ പ്രാരാബ്ദങ്ങളും നൊമ്പരങ്ങളും വൈവിധ്യമാർന്ന പ്രശ്നങ്ങളും രോഗങ്ങളും ഇന്നും ജീവിക്കുന്ന, നമ്മെ സ്നേഹിക്കുന്ന, സംരക്ഷിക്കുന്ന, സൗഖ്യപ്പെടുത്തുന്ന ക്രിസ്തുനാഥന്റെ മുമ്പിൽ സമർപ്പിച്ചുകൊണ്ട് നമ്മുടെ വിവിധ ആവശ്യങ്ങൾക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്

## 15. നന്ദി

തയ്യാറാക്കിയത്:
**ഫാ. മൈക്കൾ തോമസ്**

# സെന്റ് മൈക്കിൾസ് എച്ച്എസ്എസ്

## കഠിനംകുളം




'പള്ളിയോടൊപ്പം പള്ളിക്കൂടം.' മിഷണറിമാർ മുന്നോട്ടുവച്ച ഈ ആശയം ഹൃദയത്തിലേറ്റുവാങ്ങി സാക്ഷാൽക്കരിക്കപ്പെട്ടതിന്റെ ഉത്തമ ഉദാഹരണമാണ് സെന്റ് മൈക്കിൾസ് എച്ച്എസ്എസ്. മനുഷ്യവിഭവശേഷിയാണ് ഏറ്റവും വലിയ സമ്പത്തെന്ന ബോധ്യത്തോടെ ആദ്ധ്യാത്മികവും ഭൗതികവുമായ മാനവ വികസനം ലക്ഷ്യമാക്കിക്കൊണ്ട് യശഃശരീരനായ തദ്ദേശവാസി ജെറോം പെരേരയെന്ന ക്രാന്തദർശി സെന്റ് മൈക്കിൾസ് എൽപിഎസ് 1919 ൽ സ്ഥാപിച്ചു. അക്ഷരം അഗ്നിയാണെന്ന തിരിച്ചറിവോടെ 1950 ൽ ഈ വിദ്യാലയം പുതുക്കുറിച്ചി ഇടവകയുടെ നിയന്ത്രണത്തിൻ കീഴിലായി. അക്ഷരവെളിച്ചം ലഭിച്ച തലമുറയുടെ നിരന്തരപരിശ്രമത്താൽ 1982 ൽ ഹൈസ്കൂളായും 2015-16 ൽ ഹയർ സെക്കണ്ടറിയായും ഈ വിദ്യാലയം ഉയർന്നു.

2019 ൽ ഈ വിദ്യാലയമുത്തശി ശതാഭിഷിക്തയാകുയാണ്. മുത്തശിയ്ക്കുള്ള സമ്മാനമെന്ന നിലയിൽ എസ്എസ്എൽസി, ഹയർ സെക്കണ്ടറി വിജയശതമാനം പടിപടിയായി ഉയരുകയാണ്. ഹയർ സെക്കണ്ടറി കോമേഴ്സ് വിഭാഗത്തിൽ മുഴുവൻ എ+ കരസ്ഥമാക്കിയ സുചിത സ്കൂളിന്റെ അഭിമാനമായി വിളങ്ങുന്നു.

സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെയും കയർതൊഴിലാളികളുടെയും കൂലിവേലക്കാരുടെയും മക്കൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിൽ ഈ വിദ്യാലയം സജീവ ശ്രദ്ധ പുലർത്തുന്നു.

പരിസ്ഥിതി സൗഹാർദ്ദപൂർണമായ ഒരു കാമ്പസാണിത്. തണൽമരങ്ങൾ, ഫലവൃക്ഷങ്ങൾ, പൂച്ചെടികൾ, ഇതരസസ്യങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവയാൽ സമ്പന്നമാണ് സ്കൂൾ. ഗേറ്റ് കടന്നുവരുമ്പോൾ ആദ്യം ദൃഷ്ടി ഗോചരമാകുന്ന മാതാവിന്റെ ഗ്രോട്ടോ പകരുന്ന ആദ്ധ്യാത്മിക ഉണർവ് അനിർവചനീയമാണ്.

ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗം ക്ലാസുമുറികളെല്ലാം ഹൈടെക് ആയെന്നുമാത്രമല്ല, അതിന്റെ പ്രയോജനം കുട്ടികൾക്ക് ലഭ്യമാക്കാൻ അധ്യാപകർ പരമാവധി ശ്രദ്ധിക്കുന്നു.

വിദ്യാർത്ഥി സൗഹൃദമാണ് വിദ്യാലയമെന്നതിന് ഉത്തമ ഉദാഹരണമാണ് കലാധ്യാപകനായ സജിതിന്റെ നേതൃത്വത്തിലുള്ള ആർട്ട് ഗ്യാലറി. വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് നടത്തുന്ന ചിത്രപ്ര




**മനുഷ്യവിഭവശേഷിയാണ് ഏറ്റവും വലിയ സമ്പത്തെന്ന ബോധ്യത്തൊടെ ആദ്ധ്യാത്മികവും ഭൗതികവുമായ മാനവ വികസനം ലക്ഷ്യമാക്കിക്കൊണ്ട് യശഃശരീരനായ തദ്ദേശവാസി ജെറോം പെരേരയെന്ന ക്രാന്തദർശി സെന്റ് മൈക്കിൾസ് എൽപിഎസ് 1919 ൽ സ്ഥാപിച്ചു. കഠിനംകുളം സെന്റ് മൈക്കിൾസ് എച്ച്എസ്എസ് ഇന്ന് ശതാഭിഷേകത്തിന്റെ നിറവിലാണ്.**



ദർശനങ്ങൾക്ക് ഒരു ബിനാലെയുടെ കെട്ടുംമട്ടുമുണ്ട്.

ഇക്കോ ക്ലബിന്റെ നേതൃത്വത്തിൽ ഓണത്തിന് വിളവെടുക്കാൻ കഴിയുംവിധം പച്ചക്കറി കൃഷി പുരോഗമിക്കുന്നു. ഹൈടെക് സ്കൂളിന് തിലകക്കുറിയെന്നോണം സുസജ്ജമായ അടുക്കള ആരുടെയും ശ്രദ്ധ ആകർഷിക്കുന്നതാണ്.

ശതാബ്ദി സമ്മാനമായി സ്കൂളിനൊരു ആഡിറ്റോറിയം സമ്മാനിക്കാൻ ഒരുങ്ങുകയാണ് പ്രിൻസിപ്പാൾ രാജുവിന്റെ നേതൃത്വത്തിലുള്ള അധ്യാപകരും ഫാ. സജു റോൾഡന്റെ നേതൃത്വത്തിലുള്ള ഇടവക സമൂഹവും നാട്ടുകാരും പൂർവവിദ്യാർത്ഥികൂട്ടായ്മയുമെല്ലാം. അതിനോടൊപ്പം വിജയശതമാനം നൂറിലേക്ക് എത്തിക്കാനുള്ള തീവ്രശ്രമങ്ങളും തുടങ്ങിക്കഴിഞ്ഞു.

ചരിത്രപ്രസിദ്ധമായ കഠിനംകുളം മഹാദേവർക്ഷേത്രവും കഠിനംകുളം കായലും അറബിക്കടലും പുതുക്കുറിച്ചി സെന്റ് മൈക്കിൾസ് ദേവാലയവും ഒരു സംരക്ഷണ കവചമായി ഈ വിദ്യാലയമുത്തശിക്ക് ചുറ്റുമുണ്ട്. വിദ്യാലയത്തിന്റെ ഭാവി ശോഭനമാണ്. കാരണം ഭാവി വാഗ്ദാനങ്ങൾ ഈ വിദ്യാലയ മടിത്തട്ടിന്റെ സുരക്ഷിതത്വത്തിലാണ്. ■



ഹയർ സെക്കണ്ടറി കോമേഴ്സ് വിഭാഗത്തിൽ മുഴുവൻ എ+ കരസ്ഥമാക്കിയ **സുചിത**



ജെ.സി



# വഴിതെറ്റിപ്പോകുന്ന കാമ്പസ് രാഷ്ട്രീയം

യൂണിവേഴ്സിറ്റി കോളേജിൽ പാട്ടുപാടിയതിനെ ചൊല്ലിയുണ്ടായ സംഘർഷത്തിൽ എസ്എഫ്ഐ പ്രവർത്തകൻ സ്വന്തം നേതാക്കളുടെ കുത്തേറ്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിക്കേണ്ടിവന്നു. അഖിൽ ചന്ദ്രനെന്ന മൂന്നാം വർഷ വിദ്യാർത്ഥിക്കാണ് കുത്തേറ്റത്. ഒപ്പം നാല്പതോളം വിദ്യാർത്ഥികൾക്ക് മർദ്ദനവുമേറ്റു. അസാധാരണവും അതേസമയം അനഭിലഷണിയവുമായ കാഴ്ചകളാണ് തലസ്ഥാനനഗര ഹൃദയത്തിൽ സ്ഥിതിചെയ്യുന്ന ഈ കാമ്പസിൽ അരങ്ങേറിയത്. കേരളത്തിലെ വലിയ വിദ്യാർത്ഥി സംഘടനയായ എസ്എഫ്ഐയുടെ പേരിൽ ഒരു സംഘം വിദ്യാർത്ഥികൾ നടത്തിയ അക്രമങ്ങൾ പൊതുസമൂഹം ഇന്ന് ഗൗരവപൂർവം ചർച്ചചെയ്യുകയാണ്. കേരളത്തിലെ കാമ്പസുകളിൽ എൺപതുശതമാനം കോളേജ് യൂണിയനും സംഘടനകളുടെ കൈകളിലാണ്. ഇത്തരത്തിൽ സംഘടന കേരളത്തിൽ വളർന്നതിന്റെ പിന്നിൽ ഒരു നീണ്ട ചരിത്രമുണ്ട്. സ്കൂൾ വിദ്യാർഥികളുടെ കൺസഷൻ മുതൽ പ്രൊഫഷണൽ കോളേജ് വിദ്യാർഥികളുടെ അക്കാദമിക പ്രശ്നങ്ങൾ വരെ അവ നീണ്ടിരുന്നു. വിദ്യാഭ്യാസ മേഖലയിലെ കച്ചവടക്കണ്ണുള്ളവർ സംഘടനക്കെതിരെ എതിർപ്പിന്റെ മൂർച്ചകൂട്ടി. വിദ്യാഭ്യാസപരമായും കലാപരമായും മുന്നിട്ടുനിന്ന ഒരു വലിയ നിരയാണ് സംഘടനയുടെ ചരിത്രത്തിൽ നേതൃത്വനിരയിൽ നിന്ന് നയിച്ചത്.

വളർന്ന്, പടർന്ന് ശക്തിയായി മാറിയ സംഘടനയിലേക്ക് അത് നൽകുന്ന വിശേഷ അധികാരവും ആനുകൂല്യങ്ങളും കവർന്നെടുക്കാൻ പുതിയൊരു നിര കടന്നുവന്നു. ക്രിമിനൽ പശ്ചാത്തലത്തിന്റെ അകമ്പടിയോടുകൂടി കാമ്പസുകളിലും സംഘടനയിലും കടന്നുവന്നവർക്ക് രാഷ്ട്രീയ നേതൃത്വത്തിൽ ചിലരുടെ പിന്തുണയും ലഭിച്ചു. ആശയസംവാദങ്ങൾക്ക് പകരം ആയുധങ്ങൾ ഏറ്റുമുട്ടി. കാമ്പസുകൾ അക്രമരാഷ്ട്രീയത്തിന്റെയും, വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും ഇടങ്ങളായിമാറി. പാട്ടുപാടരുത്, ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ച് നടക്കുകയോ പരസ്പരം സംസാരിക്കുകയോ ചെയ്യരുത്, ആകർഷകമായ വസ്ത്രം ധരിക്കരുത്, തമാശ പറഞ്ഞ് ഉച്ചത്തിൽ ചിരിക്കരുത്, സമരത്തിൽ പങ്കെടുക്കാതെ പഠിക്കാൻ ശ്രമിക്കരുത്.... ഇത് ഒരുകാലത്ത് സംസ്ഥാനത്തെ ഏറ്റവും മികച്ച സർക്കാർ കോളേജുകളിൽ ഒന്നായിരുന്ന യൂണിവേഴ്സിറ്റി കോളേജിൽ ഇപ്പോൾ ഏർപ്പെടുത്തിയ കാട്ടുനിയമങ്ങളിൽ ചിലതുമാത്രം. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ഇതിനെതിരെ വിദ്യാർഥികൾക്കോ അധ്യാപകർക്കോ ചെറുവിരൽ അനക്കാൻ പോലും കഴിയില്ല.

എസ്എഫ്ഐ മാത്രമല്ല, ഇതര വിദ്യാഭ്യാസ സംഘടനകളും തങ്ങൾക്ക് സ്വാധീനമുള്ളയിടങ്ങളിൽ അവരും തങ്ങളുടേതായ കോട്ട പണിതു. വഴിതെറ്റിപോകുന്ന കാമ്പസ് രാഷ്ട്രീയം പൊതുസമൂഹത്തിൽ ഇത്രയേറെ ചർച്ചകൾക്ക് വിധേയമാകുമ്പോൾ വിദ്യാർത്ഥികളെ മാത്രം കുറ്റപ്പെടുത്താനാവില്ല. അവർക്ക് പിൻബലം നൽകുന്ന വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികളുടെ പങ്കും വിമർശന വിധേയമാവണം. അച്ചടക്കത്തിന്റെ പേരിൽ കലാലയങ്ങളിൽ രാഷ്ട്രീയം നിരോധിക്കണമെന്ന അരാഷ്ട്രീയ വാദവും അച്ചടക്കത്തിന്റെ പേരിൽ ന്യായീകരിക്കാനാവില്ല. വിദ്യാർഥികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്ന രാഷ്ട്രീയ സമീപനമാണ് ഇന്നിന്റെ ആവശ്യം. ■


കുടുംബപ്രേഷിത ശുശ്രൂഷ
ലത്തീൻ അതിരൂപത തിരുവനന്തപുരം
LATIN MATRIMONIAL
ലത്തീൻ കുടുംബങ്ങളിൽ നിന്നുള്ള വിവാഹ പ്രൊഫൈലുകൾ
സന്ദർശിക്കാനും, മനസ്സിനിണങ്ങിയ ജീവിതപങ്കാളിയെ കണ്ടെത്താനും...
ലാറ്റിൻ മാര്യേജ് ബ്യൂറോയിൽ ഇന്ന് തന്നെ രജിസ്റ്റർ ചെയ്യൂ...
ലോകത്തെവിടെയിരുന്നും രജിസ്റ്റർ ചെയ്യാം.
പ്രൊഫൈലിൽ 5 ഫോട്ടോകൾ ഉൾപ്പെടുത്താം...
പരിധിയില്ലാതെ പ്രൊഫൈലുകൾ സെർച്ച് ചെയ്യാം...
എസ്. എം. എസ് / ഇ മെയിൽ അലർട്ട്
ഓൺലൈൻ പേമെന്റ് സൗകര്യം
ദേശവ്യത്യാസമില്ലാതെ കോർത്തിണക്കിയ പ്രൊഫൈലുകൾ...
REGISTRATION FEE 1500/- RENEWAL FEE 1000/- VALIDITY 6 MONTHS
www.latinmatrimonial.com
വിശദ വിവരങ്ങൾക്ക്
കുടുംബപ്രേഷിത ശുശ്രൂഷ
കുടുംബശുശ്രൂഷ കാര്യാലയം
വെള്ളയമ്പലം, തിരുവനന്തപുരം
ഫോൺ: +91471 272 4001, +91 93872 96213
ഇ മെയിൽ: matrimonialrc@gmail.com

Total Page 44
Pub. Date : 01.08.2019
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto